# റബ്ബർ

ജൂൺ 2024 • വാർഷികവരിസംഖ്യ ₹100

- റെയിൻഗാർഡിങ്ങും വാർഷികോത്പാദനവും
- നിലമ്പൂർ റബ്ബർവിത്തുകൾ
- ആവരണവിളകൾ
- സംഘങ്ങൾക്ക് രണ്ടാം നിര നേതൃത്വം
- 'മൺസൂൺ മഷ്റൂംസി'ന്റെ വിജയഗാഥ



## റബ്ബറിനങ്ങളെ തിരിച്ചറിയാം



CHEERAKUZHY

# Wonder Root™

ROOT TRAINER RU BBER PLANT

മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ

**രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ**
**കർഷകശ്രീ**
## കെ. സി. കുര്യാക്കോസിന്റെ നഴ്സറി



സാധാരണ കപ്പ് തൈകളും
**WONDER ROOT**
കപ്പ് തൈകളും തമ്മിലുള്ള
വ്യത്യാസം നേരിൽ കണ്ടറിയുന്നതിന്
നഴ്സറി സന്ദർശിക്കുക.



**വണ്ടർ റൂട്ട് തൈകൾ**
**അടുത്ത സീസണിലേക്ക്**
ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു..!

UNION MKD

കൂടുതൽ വിവരങ്ങൾക്ക്
**9747500600**
**8592900400**

**ലഭ്യത പരിമിതം**
**ഉടൻ ബുക്ക് ചെയ്യുക**

ചീരക്കുഴി®
CHEERAKUZHY
Karshakasree K C Kuraikose
**CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.**

Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 08592900400
09447011047. 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

697

# റബ്ബർ

ജൂൺ 2024

**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

ചെയർമാൻ :
**ഡോ. സാവർ ധനാനിയ**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**പി. പ്രസാദ്**

അസിസ്റ്റന്റ് എഡിറ്റർ :
**ബി. ശ്രീകുമാർ**
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**

വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.

*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# ഉള്ളടക്കം

06 | പുതിയ റബ്ബറിനങ്ങളെ വേർതിരിച്ചറിയാം
10 | റെയിൻഗാർഡിങ്ങും വാർഷികോത്പാദനവും
14 | നഴ്സറികൾക്ക് പുതുമയായി നിലമ്പൂർ റബ്ബർവിത്തുകൾ
20 | റബ്ബറിന്റെ സംരക്ഷണത്തിന് ആവരണവിളകൾ
22 | സംഘങ്ങൾക്ക് വേണം രണ്ടാംനിര നേതൃത്വം
24 | 'മൺസൂൺ മഷ്റൂംസി'ന്റെ വിജയഗാഥ
27 | കോൾസെന്റർ
34 | കൃഷിപ്പണികൾ
36 | പരിശീലനങ്ങൾ
38 | ഗ്രാമകേരളം
40 | വിപണി
42 | തോട്ടത്തിലാശാൻ



# ഇനങ്ങൾ അറിഞ്ഞ് നടണം

റബ്ബർ നടുന്നതിന് ആവശ്യമായ മഴ മിക്കവാറും എല്ലാ പ്രദേശങ്ങളിലും, പ്രത്യേകിച്ച് പരമ്പരാഗതമേഖലകളിൽ ഇതിനകം കിട്ടിത്തുടങ്ങിയിട്ടുണ്ട്. കാലാവസ്ഥയിൽ വന്നിരിക്കുന്ന വ്യതിയാനത്തിനനുസരിച്ച് കൃഷിരീതികളിലും മാറ്റങ്ങൾ ആവശ്യമായിരിക്കുന്നു. നടീലിനങ്ങൾ തെരഞ്ഞെടുക്കുന്ന കാര്യത്തിലാണ് വലിയ ശ്രദ്ധ ആവശ്യമായി വന്നിരിക്കുന്നത്. കൃഷിചെയ്യാൻ പ്രാദേശികമായി യോജിച്ച റബ്ബറിനങ്ങൾ ഏതൊക്കെയാണെന്ന് റബ്ബർബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്.

ശുപാർശ പ്രകാരമുള്ള ഇനം തന്നെയാണ് നടുന്നതെന്ന് ഉറപ്പുവരുത്തുന്നതിൽ കർഷകർ കൂടി ശ്രദ്ധിക്കണം. ഇനങ്ങൾ തമ്മിൽ വേർതിരിച്ചറിയുന്നതെങ്ങനെ എന്ന് വിശദമാക്കുന്ന ഒരു ലേഖനം ഈ ലക്കത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. നഴ്സറികളിൽ നിന്ന് തൈകൾ വാങ്ങുമ്പോൾ ഇനങ്ങളുടെ പ്രത്യേകതകൾ കൂടി മനസ്സിലാക്കിയിരിക്കുന്നത് നന്നായിരിക്കും.

ആരോഗ്യമുള്ള തൈകൾ തിരഞ്ഞെടുക്കുന്നതുപോലെ തന്നെ പ്രധാനമാണ് യോജിച്ച സമയത്ത് നടുന്നതും. കാലവർഷത്തിന്റെ തീവ്രത സംബന്ധിച്ചും എപ്പോഴൊക്കെ പെയ്യുമെന്ന തിനെക്കുറിച്ചും പ്രവചിക്കുക സാധ്യമല്ല. തൈകളുടെ ലഭ്യത ഉറപ്പുവരുത്തിയാൽ യോജിച്ച കാലാവസ്ഥയിൽ എത്രയുംവേഗം നടീൽ പൂർത്തിയാക്കാൻ കഴിയും.

- എഡിറ്റർ



# റെയിൻഗാർഡിങ്, ഇ.യു.ഡി.ആർ- കാലികമായ പ്രാധാന്യം തിരിച്ചറിയണം

റബ്ബർ അടക്കമുള്ള ഏത് കൃഷിയിലും കർഷകർക്ക് പ്രയോജനം ചെയ്യുന്ന കാലികമായ വിഷയങ്ങൾ തിരിച്ചറിഞ്ഞ് അവ നടപ്പാക്കുക എന്നത് വളരെ പ്രധാനമാണ്. വിവിധ ആഗോള കാരണങ്ങളാൽ പ്രകൃതിദത്തറബ്ബറിന്റെ വില ഉയരുമെന്നും നിലവിലുള്ള നിരക്കിൽ ഗണ്യമായ കുറവുണ്ടാകില്ലെന്നുമാണ് പ്രതീക്ഷിക്കപ്പെടുന്നത്. വിളവ് നഷ്ടപ്പെടാതിരിക്കണമെങ്കിൽ മഴക്കാലത്ത് പരമാവധി ടാപ്പുചെയ്യാൻ കഴിയണം.

റബ്ബർബോർഡിൽനിന്നുള്ള ധനസഹായത്തിന് കാത്തുനിൽക്കാതെ എത്രയും പെട്ടെന്ന് റെയിൻഗാർഡിങ് നടത്താൻ കർഷകർ തയ്യാറാകണം. പൊതുതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഫണ്ട് അനുവദിക്കുന്നതിൽ ഉണ്ടായിട്ടുള്ള ചില നടപടിക്രമങ്ങളാണ് പദ്ധതി വൈകാൻ കാരണം. പദ്ധതി നടപ്പിലാകുന്ന ക്രമത്തിൽ അർഹരായ കർഷകർക്ക് 2024-25-ലെ റെയിൻഗാർഡിങ്ങിനുള്ള ധനസഹായം ലഭിക്കും. ഹെക്ടർ പ്രതി കേവലം നാലായിരം രൂപ മാത്രമാണ് ധനസഹായമായി ലഭിക്കുക. എന്നാൽ, റെയിൻഗാർഡ് ചെയ്ത് ടാപ്പുചെയ്യുന്നതിലൂടെ കുറഞ്ഞത് 75000 രൂപയുടെ അധിക വരുമാനം നേടാൻ കഴിയും. റബ്ബർബോർഡ് കമ്പനികളിൽ നിന്നോ റബ്ബറുത്പാദക സംഘങ്ങളിൽ നിന്നോ റെയിൻഗാർഡിങ്ങിനും സ്പ്രേയിങ്ങിനും ആവശ്യമായ സാമഗ്രികൾ വാങ്ങിച്ചതിന്റെ കൃത്യമായ ബില്ലുകൾ പദ്ധതിയുടെ അറിയിപ്പ് വരുമ്പോൾ ധനസഹായത്തിനായി സമർപ്പിച്ചാൽ മതിയാകും.

അതുപോലെ പ്രധാനപ്പെട്ട ഒന്നാണ് വനനാശനം തടയുന്നതിനായി യൂറോപ്യൻ യൂണിയൻ ഏർപ്പെടുത്തിയിട്ടുള്ള 'യൂറോപ്യൻ യൂണിയൻ ഡീഫോറസ്റ്റേഷൻ റെഗുലേഷൻ' (ഇ.യു.ഡി.ആർ.). ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്യുന്ന പ്രകൃതിദത്ത റബ്ബറിനെയും അതിൽനിന്നുള്ള മൂല്യവർദ്ധിതോത്പന്നങ്ങളെയും ഇ.യു.ഡി.ആർ.-ന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് 2020 ഡിസംബറിന് ശേഷം വനനാശനം നടത്തി കൃഷിചെയ്തിട്ടുള്ള പ്രദേശങ്ങളിൽനിന്നുള്ള ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയില്ല. 2024 ഡിസംബർ മുതൽ ഈ നിയന്ത്രണം പ്രാബല്യത്തിൽ വരും.

ഇ.യു.ഡി.ആർ. അനുസരിച്ചുള്ള നിയന്ത്രണങ്ങൾ പ്രധാനമായും രണ്ടു കാര്യങ്ങളെ ആശ്രയിച്ചാണ്. ഒന്നാമതായി പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനവുമായി ബന്ധപ്പെട്ട നിയമസാധുത. രണ്ടാമത്തേത് റബ്ബറിന്റെ ഉത്പാദനം എവിടെനിന്നാണ് എന്ന് കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളും അതിനു വേണ്ടിവരുന്ന ചെലവുമാണ്. ഉത്പന്നങ്ങൾ ഇ.യു.ഡി.ആർ. നിബന്ധനകൾക്ക് അനുസരിച്ചുള്ളതാണെന്ന് കയറ്റുമതി ചെയ്യുന്നവർ ഉറപ്പുവരുത്തിയിരിക്കണം. ഇ.യു.ഡി.ആർ. നിയന്ത്രണങ്ങൾ പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും സാങ്കേതികസഹായങ്ങളും റബ്ബർബോർഡ് നൽകും. കർഷകരും റബ്ബറുത്പാദകസംഘങ്ങളുടെ ചുമതലക്കാരും സംസ്കർത്താക്കളും വ്യാപാരികളുമെല്ലാം രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്ന റബ്ബർ ഇ.യു.ഡി.ആർ. നിബന്ധനകൾക്ക് അനുസൃതമാക്കുന്നതിന് ആവശ്യമായ പിന്തുണ നൽകണം.

ഇന്ത്യയെ സംബന്ധിച്ച് പരമ്പരാഗതമേഖലകളിൽ 2020 ഡിസംബറിന് ശേഷം വനനാശനം നടത്തിയ ഭൂമിയിൽ റബ്ബർകൃഷി നടത്തിയിട്ടില്ലാത്തതിനാൽ ഇ.യു.ഡി.ആർ. വലിയ സാധ്യതകളാണ് തുറന്നുതരുന്നത്. എന്നാൽ, ഇക്കാര്യത്തിൽ നിരന്തരമായ പരിശ്രമം ആവശ്യമാണ്. റബ്ബറിന്റെ കയറ്റുമതി സുഗമമാക്കുന്നതിന് നിയന്ത്രണങ്ങൾ പൂർണമായും നടപ്പാക്കുന്ന ഒരു ഉത്പാദകരാജ്യമായി ഇന്ത്യയെ മാറ്റുന്നതിനാണ് റബ്ബർബോർഡ് ശ്രമിക്കുന്നത്.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്



ഡോ. ഗിരീഷ് റ്റി.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# പുതിയ റബ്ബറിനങ്ങളെ
# വേർതിരിച്ചറിയാം

ജനിതകപരമായി ഗുണമേന്മയുള്ള ഇനങ്ങളാണ് വിജയകരമായ റബ്ബർകൃഷിക്ക് അത്യന്താപേക്ഷിതം. ഉത്പാദനമികവ്, ഉയർന്ന വളർച്ചാനിരക്ക്, രോഗപ്രതിരോധശേഷി എന്നിവയാണ് ഏതൊരു റബ്ബറിനത്തിനും വേണ്ട പ്രധാന ഗുണങ്ങൾ. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ ജനിതകപരീക്ഷണങ്ങൾക്ക് ഏകദേശം 70 വർഷത്തെ പഴക്കമുണ്ട്. അത്യുത്പാദനശേഷിയുള്ള ഒരു റബ്ബറിനത്തെ കണ്ടെത്താൻ ഏകദേശം 20-25 വർഷത്തെ ഗവേഷണപ്രവർത്തനങ്ങൾ ആവശ്യമാണ്. മറ്റു വിളകളെ അപേക്ഷിച്ച് റബ്ബറിന് അപക്വകാലം കൂടുതലായതുകൊണ്ടും പല ഘട്ടങ്ങളിലുള്ള വിലയിരുത്തലുകൾ ആവശ്യമായി വരുന്നതുകൊണ്ടുമാണിത്. ഉത്പാദനത്തെ നിയന്ത്രിക്കുന്ന ജനിതകഘടകങ്ങൾ ഉണ്ടായിരുന്നാലും അനുകൂലമായ കാലാവസ്ഥകൂടി ഒത്തൊരുമിച്ചാൽ മാത്രമേ ജനിതകഘടകങ്ങളുടെ പൂർണമായ മികവ് ലഭ്യമാകൂ. ആയതിനാൽ ഉത്പാദനവും മറ്റിതരസ്വഭാവങ്ങളും കേരളത്തിലെതന്നെ വിവിധ കാലാവസ്ഥാസാഹചര്യങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രാദേശികമായി യോജിച്ച റബ്ബറിനങ്ങളെ സംബന്ധിച്ച് റബ്ബർബോർഡ് നൽകിയിരിക്കുന്ന ശുപാർശകൾ പാലിക്കുന്നതുവഴി മെച്ചപ്പെട്ട ഉത്പാദനം ഉറപ്പുവരുത്താൻ സാധിക്കും. ഉത്പാദനത്തിൽ എന്നപോലെ ഇനങ്ങളുടെ ബാഹ്യ സവിശേഷതകളിലും ചെറിയ തോതിലുള്ള വ്യത്യാസങ്ങൾ വിവിധ കാലാവസ്ഥാസാഹചര്യങ്ങളിൽ വളരുന്ന ഓരോ ഇനങ്ങൾക്കും കാണാൻ കഴിയും. എന്നിരുന്നാലും ചില പ്രത്യേക സവിശേഷതകൾ നമുക്ക് ഇനങ്ങളെ താരതമ്യം ചെയ്യാനും തിരിച്ചറിയാനും സഹായിക്കും. അവ എന്തെല്ലാമാണെന്നും റബ്ബറിനങ്ങളെ ഒരു സാധാരണ കർഷകൻ എങ്ങനെ തിരിച്ചറിയും എന്നതുമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

പരമ്പരാഗതമേഖലയിലേക്ക് നിലവിൽ ഒന്നാം വിഭാഗത്തിൽ ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന ഇനങ്ങൾ ആർആർഐഐ 414, ആർആർഐഐ 417, ആർആർഐഐ 422, ആർആർഐഐ 430, ആർആർഐഐ 105 എന്നിവയാണല്ലോ. ഇവയിൽ ആർആർഐഐ 105 ഒഴികെയുള്ള ഇനങ്ങൾ 2005-ലും 2009-ലുമായി റബ്ബർബോർഡ് പുറത്തിറക്കിയവയാണ്. നടീലിന് തെരഞ്ഞെടുക്കുന്ന റബ്ബറിനത്തിന്റെ ശുദ്ധിയും ആധികാരികതയും ഉറപ്പുവരുത്തുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.

കൂടത്തൈകളും കപ്പുതൈകളുമാണ് സാധാരണമായി നടീലിന് ഉപയോഗിക്കുന്നത്. വിവിധ ഇനങ്ങളെ തിരിച്ചറിയുന്നത് പ്രധാനമായും ഇലത്തട്ടുകൾ, ഇലത്തണ്ട്, ഇലത്തണ്ടിന്റെ കടഭാഗം, ഇലഞെട്ട്, ദളങ്ങൾ, ഇലയുടെ ചുവടുഭാഗം എന്നിവയുടെ സ്വഭാവങ്ങളുടെ അടിസ്ഥാനത്തിലാണ്.



### ആർആർഐഐ 414 (സങ്കരയിനം – ആർആർഐഐ 105 × ആർആർഐസി 100)

**ഇലത്തട്ടുകൾ:** ഇടയകലം കൂടി വില്ലാകൃതിയിലുള്ളതാകുന്നു.

**ഇലത്തണ്ട്:** നീണ്ട്, വളരെ കനം കുറഞ്ഞ് 'ട' ആകൃതിയിൽ കാണപ്പെടുന്നു. ഇലത്തണ്ടിന്റെ ചുവടുഭാഗം തടിച്ച് സ്പൂൺ ആകൃതിയിൽ വ്യക്തമായി കാണാം.

**ഇലഞെട്ട്:** കനം കുറഞ്ഞതും നീളമുള്ളതും, ഞെട്ടുകൾ തമ്മിലുള്ള അകലം താരതമ്യേന കൂടുതലുള്ളതുമായിരിക്കും. ഇലഞെട്ടുകൾ ഇലത്തണ്ടിനെ അപേക്ഷിച്ച് മുകൾഭാഗത്തേക്ക് ക്രമീകരിക്കപ്പെട്ടിരിക്കും.

**ദളങ്ങൾ/ഉപദളങ്ങൾ:** മൂന്ന് ഉപദളങ്ങളും അകന്നിരിക്കുന്നു. ഇലകൾ മിനുസമുള്ളതും നീളം കൂടിയതും അരിക് ക്രമാനുഗതമായി തരംഗാകൃതിയിലും കാണപ്പെടുന്നു.

**ഇലച്ചുവട്:** ത്രികോണാകൃതിയിൽ ക്രമാനുഗതമായി നീങ്ങി ഞെട്ടിൽ അവസാനിക്കുന്നു.

**ഇലത്തുമ്പ്:** കൂർത്തത്.

**മറ്റു പ്രത്യേകതകൾ:** കൂമ്പുചീയൽ. താരതമ്യേന കുറവാണ്. ത്വരിതഗതിയിലുള്ള വളർച്ച. അഞ്ചര മുതൽ ആറ് വരെ വർഷത്തിനകം ടാപ്പുചെയ്യാനാവശ്യമായ വണ്ണമെത്തുന്നു.



*ആർആർഐഐ 414*

### ആർആർഐഐ 417 (സങ്കരയിനം – ആർആർഐഐ 105 × ആർആർഐസി 100)

**ഇലത്തട്ടുകൾ:** ഇടയകലം കൂടി വില്ലാകൃതിയോടു കൂടിയോ അർധഗോളാകൃതിയിലോ കാണപ്പെടുന്നു.

**ഇലത്തണ്ട്:** നീണ്ട് വണ്ണമുള്ളത്. തണ്ടുകൾ തിരശ്ചീനമായി ക്രമീകരിച്ചിരിക്കുന്നു. ഇലത്തണ്ടിന്റെ അടിഭാഗം വീതി കൂടി കാണപ്പെടുന്നു.



*ആർആർഐഐ 417*

**ഇലഞെട്ട്:** താരതമ്യേന കുറുകിയത്. ഇലത്തണ്ടിന് തിരശ്ചീനമായി കാണുന്നു.

**ദളങ്ങൾ/ഉപദളങ്ങൾ:** അടുത്തടുത്ത് വിന്യസിച്ചിരിക്കുന്നു. തമ്മിൽ തൊടാതെ അണ്ഡാകൃതിയിൽ കാണപ്പെടുന്നുവെങ്കിലും പ്രാഥമിക സിരകൾക്ക് ഇരുവശത്തും വെവ്വേറെ ആകൃതി കാണപ്പെടാറുണ്ട്.

**ഇലച്ചുവട്:** ത്രികോണാകൃതിയിൽ ക്രമാനുഗതമായി അവസാനിക്കുന്നു.

**ഇലത്തുമ്പ്:** കൂർത്തതാണെങ്കിലും ക്രമാനുഗതമായി കുറുകിയ അഗ്രഭാഗത്തോട് കൂടിയത്.

**മറ്റു സവിശേഷതകൾ:** അകാലിക ഇലകൊഴിച്ചിൽ, ചീക്കുരോഗം, *കൊറിനിസ്പോറ,* ഇലപ്പുള്ളിരോഗം എന്നിവ മിതമായ തോതിൽ ബാധിക്കാറുണ്ട്. ത്വരിത വളർച്ച, ഉണക്കിനെ പ്രതിരോധിക്കാനുള്ള കൂടുതൽ കഴിവ് എന്നിവയുണ്ട്.

### ആർആർഐഐ 422 (സങ്കരയിനം – ആർആർഐഐ 105 × ആർആർഐസി 100)


**ഇലത്തട്ടുകൾ:** അർധവൃത്താകൃതിയിലുള്ളത്. ഇലത്തട്ടുകൾ അടുത്തടുത്തായി ക്രമീകരിച്ചിരിക്കുന്നു. അതിനാൽ ഇലകൾ നിബിഡമായി കാണപ്പെടുന്നു.

**ഇലത്തണ്ട്:** തിരശ്ചീനമായും അൽപം താഴേക്കും ചാഞ്ഞും കാണപ്പെടുന്നു. ഇലത്തണ്ടിന്റെ അടിഭാഗം താരതമ്യേന വണ്ണം കൂടിയത്.

**ഇലഞെട്ട്:** വളരെ നീളം കുറഞ്ഞ് അടുത്തിരിക്കുന്നതും തിരശ്ചീനമായി ക്രമീകരിച്ചിരിക്കുന്നതുമാണ്. ഉപദളങ്ങൾ ചേരുന്ന ഭാഗത്ത് തേൻഗ്രന്ഥികൾ കൂടുതൽ വ്യക്തമായി കാണാവുന്നതാണ്.

**ദളങ്ങൾ/ഉപദളങ്ങൾ:** ഉപദളങ്ങൾ ഏറെക്കുറെ പരസ്പരം തൊട്ടിരിക്കുന്നതായി കണ്ടുവരുന്നു. ഇലകൾ കുറുകിയതും സാമാന്യം നീളമുള്ളതും അരികുകൾ


*ആർആർഐഐ 422*


*ആർആർഐഐ 430*

ക്രമരഹിതമായി വളഞ്ഞിരിക്കുന്നതുമാണ്. ഇലകൾ തിളക്കമുള്ളതാണ്.

**ഇലച്ചുവട്:** ക്രമാനുഗതമായി വളഞ്ഞ് ഇലഞെട്ടിൽ അവസാനിക്കുന്നു.

**ഇലത്തുമ്പ്:** ഇലയുടെ അഗ്രഭാഗം നീളം കുറവാണ്.

**മറ്റു സവിശേഷതകൾ:** ചീക്കുരോഗം കുറവാണ്. എന്നാൽ, അകാലിക ഇലകൊഴിച്ചിൽ, *കൊറിനിസ്പോറ* രോഗം എന്നിവ താരതമ്യേന കൂടുതലാണ്. പൊടിക്കുമിൾ രോഗം മിതമായും കണ്ടുവരുന്നു.

### ആർആർഐഐ 430 (സങ്കരയിനം – ആർആർഐഐ 105 × ആർആർഐസി 100)

**ഇലത്തട്ടുകൾ:** അർധവൃത്താകൃതിയിലുള്ളതും ഭാഗികമായി അടഞ്ഞിരിക്കുന്നതുമാണ്. തട്ടുകൾ തമ്മിലുള്ള അകലം താരതമ്യേന കുറവാണ്. ശരാശരിക്കു മുകളിൽ വളർച്ചയും കടും പച്ചനിറത്തിലുള്ള ഇലകളും ഈ ഇനത്തിന്റെ പ്രത്യേകതകളാണ്.

**ഇലത്തണ്ട്:** തിരശ്ചീനമായതും കുറുകിയതും. ചിലപ്പോൾ നേരിയ വളവോടുകൂടിയതുമായിരിക്കും. ഇലത്തണ്ടിന്റെ അടിഭാഗം സാധാരണ വലുപ്പം.

**ഇലഞെട്ട്:** ഇലത്തണ്ടിൽനിന്നും കുത്തനെ മുകളിലേക്ക് നിൽക്കുന്നു. ഞെട്ടുകൾ തമ്മിൽ സാധാരണ അകലം. ഇലത്തണ്ടും ഇലഞെട്ടും ചേരുന്ന ഭാഗം ഉയർന്നു കാണുന്നു.

**ദളങ്ങൾ/ഉപദളങ്ങൾ:** ഇലകൾ തമ്മിൽ തൊട്ടുരുമ്മി നിൽക്കുന്നു. മിക്കവാറും ഇലകൾ അടുത്ത് ഒന്നിനു മുകളിൽ മറ്റൊന്ന് എന്ന രീതിയിൽ കാണപ്പെടുന്നു. ഇലകൾക്ക് നല്ല കട്ടിയും തിളക്കവുമുണ്ട്. കടും പച്ചനിറം എടുത്തുപറയേണ്ട സ്വഭാവം ആണ്.

**ഇലച്ചുവട്:** ക്രമാനുഗതമായി വളഞ്ഞ് ഇലഞെട്ടിൽ അവസാനിക്കുന്നു.

**ഇലത്തുമ്പ്:** മുകൾഭാഗം വീതി കൂടിയും കൂർത്ത അഗ്രഭാഗത്തോടുകൂടിയും കാണപ്പെടുന്നു.

**മറ്റു സവിശേഷതകൾ:** ത്വരിത വളർച്ച, രോഗപ്രതിരോധ ശേഷി, കേരളത്തിൽ എവിടെയും ശരാശരിക്ക് മുകളിൽ ഉത്പാദനം.

മേൽ വിവരിച്ച നാല് പുതിയ ഇനങ്ങളുടെയും മാതൃ-പിതൃ വൃക്ഷങ്ങൾ (ആർആർഐഐ 105 × ആർആർഐസി 100) ഒന്നുതന്നെയായതിനാൽ ഇവയെ തിരിച്ചറിയാൻ സൂക്ഷ്മനിരീക്ഷണം ആവശ്യമാണ്. ഒരു റബ്ബറിനത്തെ തെരഞ്ഞെടുക്കാൻ പ്രധാനമായും റബ്ബറുത്പാദനവും വളർച്ചയുമാണ് ആധാരമാക്കുന്നത്. അങ്ങനെ ഉയർന്ന വളർച്ചയും ഉത്പാദനവും തരുന്ന ഇനങ്ങളെ നിലവിലുള്ള ഇനങ്ങളുമായി (ആർആർഐഐ 105 പോലുള്ളവ) താരതമ്യം ചെയ്യുന്നു. ഉത്പാദനവർധന ദീർഘകാലാടിസ്ഥാനത്തിൽ വിലയിരുത്തിയതിനുശേഷമാണ് ഒന്നാം വിഭാഗത്തിൽ ഉൾപെടുത്തി നടീലിനായി ശുപാർശ ചെയ്യുന്നത്. അതിനാൽ ശരിയായ നടീലിനങ്ങൾ ഏതെന്ന് തിരിച്ചറിയേണ്ടതും ഉദ്ദേശിച്ച ഇനങ്ങൾ തന്നെയാണോ കൃഷി ചെയ്തിരിക്കുന്നതെന്നും ഉറപ്പാക്കേണ്ടത് റബ്ബറുത്പാദനത്തിൽ മികവുണ്ടാക്കാൻ സഹായകരമാണ്.

റബ്ബറിനങ്ങളെ തിരിച്ചറിയാനുള്ള കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് പ്രസിദ്ധീകരിച്ച 'ആർആർഐഐ 400 പരമ്പര റബ്ബറിനങ്ങൾ രൂപപരമായ സവിശേഷതകളും വേർതിരിച്ചറിയലും' എന്ന പുസ്തകം അവലംബമാക്കാവുന്നതാണ്. റബ്ബർകൃഷിയുടെ കാര്യത്തിലും 'വിത്തുഗുണം പത്തുഗുണം' എന്ന ചൊല്ല് അന്വർത്ഥമാണ്. •

# മിസോറാം സംഘം
# റബ്ബർബോർഡ് സന്ദർശിച്ചു



മിസോറാം സംസ്ഥാനത്തെ റബ്ബർകൃഷിവ്യാപനം, റബ്ബറുത്പാദകസംഘങ്ങളുടെയും സമൂഹ റബ്ബർപാൽ സംസ്കരണകേന്ദ്രങ്ങളുടെയും രൂപവത്ക്കരണം എന്നിവയുടെ ഭാഗമായി മിസോറാം മുഖ്യമന്ത്രിയുടെ നിർദേശാനുസരണം സംഘടിപ്പിച്ച റബ്ബർമിഷൻ ടീം റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസ്, ഗവേഷണകേന്ദ്രം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് എന്നിവിടങ്ങൾ സന്ദർശിച്ച് ആശയവിനിമയം നടത്തി.

റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. റ്റി. സിജു, ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ എൻ. സലി എന്നിവരുമായി ചർച്ച നടത്തിയ സംഘം മിസോറാം സംസ്ഥാനത്ത് റബ്ബർപാൽ സംസ്കരണം, കാർഷികയന്ത്രവത്ക്കരണം തുടങ്ങിയവ നടപ്പാക്കുന്നതിന് ഉതകുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയ്ക്കുള്ള സാധ്യതകൾ മനസ്സിലാക്കി. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർബോർഡും ആട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസ്സോസിയേഷനും സംയുക്തമായി നടപ്പാക്കുന്ന 'ഇൻറോഡ്' (ഇന്ത്യൻ നാച്ചുറൽ റബ്ബർ ഓപ്പറേഷൻ ഫോർ അസിസ്റ്റഡ് ഡെവലപ്മെന്റ് - INROAD) പദ്ധതി പ്രകാരം മിസോറാം സംസ്ഥാനത്ത് റബ്ബർകൃഷിക്ക് യോജിച്ച സ്ഥലങ്ങളിൽ കൃഷിവ്യാപിപ്പിക്കുന്നതിനെപ്പറ്റിയും സംഘം വിശദമായി ചർച്ചചെയ്തു.







കാഞ്ഞിരപ്പള്ളി റീജിയണൽ ഓഫീസിന്റെ പരിധിയിൽപെടുന്ന കുറുങ്കണ്ണി റബ്ബറുത്പാദകസംഘം സന്ദർശിച്ച റബ്ബർ മിഷൻ ടീം റബ്ബർപാൽ സംസ്കരണത്തിന്റെ വിവിധ ഘട്ടങ്ങൾ, സംഘത്തിന്റെ പ്രവർത്തനങ്ങൾ എന്നിവയെല്ലാം വിശദമായി മനസ്സിലാക്കി. മിസോറാം ലാന്റ് റിസോഴ്സസ്, സോയിൽ ആന്റ് വാട്ടർ കൺസർവേഷൻ ജോയിന്റ് ഡയറക്ടർ റോസി ലാൽമുവാൻസാങ്ങി ഹമർ, അണ്ടർ സെക്രട്ടറി എച്ച്. മൽസ്വമി, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (റബ്ബർ) സി. റിൻസാൻപുയ, സോയിൽ കൺസർവേഷൻ റേഞ്ചർ ലൽതഫാംകിമ എന്നിവരടങ്ങുന്ന സംഘമാണ് രണ്ട് ദിവസത്തെ സന്ദർശനം നടത്തിയത്.

തയ്യാറാക്കിയത് : ഡോ. വിൻസെന്റ് കെ.എ., ഡെവലപ്മെന്റ് ഓഫീസർ



റെജു എം.ജെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം


# റെയിൻഗാർഡിങ്ങും വാർഷികോത്പാദനവും

റബ്ബറുത്പാദനത്തെ പ്രധാനമായി സ്വാധീനിക്കുന്നത് റബ്ബർമരത്തിന്റെ ജനിതകഗുണം, റബ്ബർ വളരുന്ന പ്രദേശത്തെ കാലാവസ്ഥ, മണ്ണിന്റെ വളക്കൂറ്, നിലവിൽ അവലംബിച്ചുപോരുന്ന കൃഷിപരിപാലനരീതികൾ എന്നിവയാണ്. ഇവയിൽ റബ്ബറിന്റെ ജനിതകഗുണവും കൃഷിപരിപാലനരീതികളും കർഷകരുടെ നിയന്ത്രണത്തിലാണെങ്കിലും റബ്ബർ വളരുന്ന പ്രദേശത്തെ കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ നിയന്ത്രണാതീതമാണ്. കാലാവസ്ഥയിൽ വരുന്ന വ്യതിയാനം റബ്ബറിന്റെ ഉത്പാദനത്തെ വളരെയേറെ സ്വാധീനിക്കുന്ന ഘടകമാണ്. റബ്ബറുത്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഒരു വർഷക്കാലയളവിനെ റബ്ബറുത്പാദനം വളരെ കുറവുള്ള കാലമെന്നും റബ്ബറുത്പാദനത്തിന് യോജിച്ച കാലമെന്നും രണ്ടായി തിരിക്കാവുന്നതാണ്.

ഇന്ത്യയിൽ റബ്ബറുത്പാദനം ഏറ്റവും കുറവുള്ള മാസം ഏപ്രിൽ ആണ്. പരമ്പരാഗതമായി റബ്ബർ കൃഷിചെയ്യപ്പെടുന്ന കേരളം ഉൾപ്പെടെയുള്ള വിവിധ ഭാഗങ്ങളിലെ ഒരു മാസത്തെ ശരാശരി ഉത്പാദനം നോക്കിയാൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ 5 ശതമാനം വീതവും ഫെബ്രുവരി, മെയ് മാസങ്ങളിൽ 6 ശതമാനം വീതവും ഉത്പാദനം ലഭിക്കുന്നു എന്നു കാണാം. വാർഷികോത്പാദനത്തിന്റെ 22 ശതമാനമാണ് ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലയളവിലെ ഉത്പാദനം (റബ്ബർ സയൻസ് – 2021, വോള്യം 34 നമ്പർ 3 – 206 മുതൽ 220 വരെയുള്ള പേജുകൾ). ജനിതകപരമായ കാരണങ്ങളാലും കാലാവസ്ഥാപരമായ കാരണങ്ങളാലുമാണ് ഈ മാസങ്ങളിലെ റബ്ബറുത്പാദനത്തിൽ കുറവുണ്ടാകുന്നത്. ജനിതകപരമായ കാരണങ്ങളാൽ ഈ മാസങ്ങളിൽ മരങ്ങളിലെ ഇലകൾ കൊഴിഞ്ഞ് പുതുതായി തളിരിടുകയും മരങ്ങൾ പുഷ്പിക്കുകയും പുതിയ തളിരിലകൾ വളർന്ന് മൂപ്പെത്തുകയും ചെയ്യുന്നു. മരങ്ങളുടെ വളർച്ചയ്ക്കും മറ്റ് ആവശ്യങ്ങൾക്കുമായി സസ്യസ്വേദനം വഴി ശേഖരിച്ചുവച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ ഈ കാലഘട്ടത്തിൽ മേൽപറഞ്ഞ വിവിധ പ്രക്രിയകൾക്കായി മാറ്റപ്പെടുന്നു. കാലാവസ്ഥാപരമായി നോക്കിയാൽ അന്തരീക്ഷത്തിൽ താപനില ഉയർന്നതും മഴയില്ലാത്തതും മണ്ണിൽ ഈർപ്പം കുറവുള്ളതുമായ മാസങ്ങളാണിവ. ഈ കാരണങ്ങളാലാവണം റബ്ബർമരങ്ങളുടെ ഉത്പാദനം ഈ കാലയളവിൽ കുറവായി കാണുന്നത്.

എന്നാൽ, ജൂൺ മാസം മുതൽ ഇന്ത്യയുടെ പരമ്പരാഗതമേഖലയിലെ റബ്ബറുത്പാദനത്തിൽ വർദ്ധന കണ്ടുവരുന്നു. മെയ് മാസത്തോടെ വളർന്ന് മൂപ്പെത്തിയ ഇലകളുള്ള റബ്ബർമരങ്ങൾക്ക് ജൂൺ മാസത്തോടെ ലഭിക്കുന്ന മഴ മണ്ണിൽ ധാരാളം ഈർപ്പം നൽകും. അന്തരീക്ഷത്തിലെ ഉയർന്ന ഊഷ്മാവ് താഴുകയും ചെയ്യുന്നതോടെ മരങ്ങൾക്ക് ജൈവപരമായി വളരെ യോജിച്ച കാലാവസ്ഥ ലഭിക്കുന്നു. മെയ് മാസത്തിലെ 6 ശതമാനം ഉത്പാദനത്തിൽനിന്നും ജൂൺ മാസത്തിൽ 9 ശതമാനം എന്ന നിലയിലേക്ക് റബ്ബറുത്പാദനം വർദ്ധിക്കുന്നതായി പഠനങ്ങൾ കാണിക്കുന്നു.

ജൂൺ മാസത്തിലെ 9 ശതമാനം ഉത്പാദനത്തിൽനിന്നും ജൂലൈയിൽ 10 ശതമാനത്തിലേക്ക് ഉത്പാദനം ഉയരുന്നു. മഴക്കാലമായ ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള ശരാശരി ഉത്പാദനം ഓരോ മാസവും 10 ശതമാനമായി തുടരുന്നു. അതായത് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മഴക്കാലത്തെ ഉത്പാദനം പരമ്പരാഗതമേഖലയിൽ വാർഷികോത്പാദനത്തിന്റെ 39 ശതമാനം ആണ് (ഗ്രാഫ് കാണുക).




മഴക്കാലത്തിന് ശേഷം ഉയർന്ന ഉത്പാദനം ലഭിക്കുന്നു എന്ന് കരുതപ്പെടുന്ന മാസങ്ങളിലെ അത്രയും തന്നെ ഉത്പാദനം മഴക്കാലത്തും ലഭ്യമാണ്. ഒക്ടോബർ മുതൽ ജനുവരി വരെയുള്ള മാസങ്ങളിലെ ശരാശരി ഉത്പാദനവും വാർഷികോത്പാദനത്തിന്റെ 39 ശതമാനം ആണ്. അതായത് പരമ്പരാഗതമേഖലയിൽ മഴക്കാലത്തും നല്ല ഉത്പാദനം ലഭിക്കുന്നു. ആയതിനാൽ മഴക്കാലത്ത് മുടങ്ങിപ്പോകുന്ന ടാപ്പിങ്ദിനങ്ങൾ വാർഷികോത്പാദനത്തെ ബാധിക്കുന്നു. ഈ സാഹചര്യത്തിലാണ് മഴക്കാലത്ത് റബ്ബർമരങ്ങൾ റെയിൻഗാർഡ് ചെയ്ത് ടാപ്പു ചെയ്യേണ്ടതിന്റെ പ്രസക്തി.

മഴക്കാലത്ത് ലഭിക്കുന്ന തുടർച്ചയായതും ഇടവിട്ടുള്ളതുമായ മഴ ക്രമാനുഗതമായ റബ്ബർടാപ്പിങ്ങിനെ സാരമായി ബാധിക്കുന്നു. മഴവെള്ളം റബ്ബർപാലിൽ വീണാൽ പാൽ തരിച്ചുപോകുകയും തൽഫലമായി ഉപയോഗശൂന്യമായിത്തീരുകയും ചെയ്യുന്നു. എന്നാൽ, മഴക്കാലത്ത് മരങ്ങൾ റെയിൻഗാർഡ് ചെയ്ത് വെട്ടുചാലിലും റബ്ബർപാൽ ശേഖരിക്കുന്ന കപ്പിലും വെള്ളം വീഴാതെ തടയാൻ കഴിഞ്ഞാൽ ഉയർന്ന ഉത്പാദനം ലഭിക്കുന്നതാണ്.

അതുകൊണ്ട് റെയിൻഗാർഡിങ്ങിന്റെ അഭാവം മൂലം ടാപ്പിങ് മുടങ്ങിയാൽ അത് വാർഷികോത്പാദനത്തെ ബാധിക്കുന്നു. ഓരോ ടാപ്പിങ്സമ്പ്രദായവും ക്രമമായ ടാപ്പിങ് ഇടവേളകൾ നൽകിയാണ് ക്രമപ്പെടുത്തേണ്ടത്. ആയതിനാൽ മഴമൂലം ടാപ്പിങ് മുടങ്ങി ഇടവേളകളിൽ വ്യത്യാസം വന്നാൽ ആ തോട്ടത്തിൽ അവലംബിച്ചുപോരുന്ന ടാപ്പിങ് സമ്പ്രദായത്തിൽ വ്യത്യാസം വരികയും അത് ഉത്പാദനത്തെ ബാധിക്കുകയും ചെയ്യും.

ഇടവേള കൂടിയ ടാപ്പിങ് രീതികളിൽ ഒരു വർഷം ലഭിക്കുന്ന ടാപ്പിങ്ദിനങ്ങൾ ഒന്നിരാടൻ ദിവസങ്ങളിലെ ടാപ്പിങ്ങിനെ അപേക്ഷിച്ചു കുറവായതിനാൽ മഴ മൂലം നഷ്ടപ്പെടുന്ന ടാപ്പിങ്ദിനങ്ങൾ ഉത്പാദനത്തെ കൂടുതലായി ബാധിക്കുന്നു. ഉദാഹരണമായി ആഴ്ചയിലൊന്ന് (S 2 d6 6d/7) ടാപ്പിങ് എടുക്കാം. ഒരു വർഷം 52 ടാപ്പിങ് ദിനങ്ങൾ മാത്രമുള്ള ആഴ്ച്ചട്ടാപ്പിങ്ങിൽ മഴമൂലം ഒരു ദിവസം നഷ്ടമായാൽപോലും അത് വാർഷികോത്പാദനത്തിൽ കാര്യമായ കുറവ് വരുത്തുന്നു. ഈ കാരണങ്ങളാൽ മഴക്കാലത്ത് നിർബന്ധമായും റെയിൻഗാർഡ് ചെയ്ത് വേണം ടാപ്പുചെയ്യാൻ. ഓരോ പ്രദേശത്തും ലഭിക്കുന്ന മഴയുടെയും മഴദിവസങ്ങളുടെയും അടിസ്ഥാനത്തിൽ അതതു പ്രദേശങ്ങളിൽ റെയിൻഗാർഡ് ചെയ്യുന്ന സമയക്രമത്തിൽ വ്യത്യാസങ്ങൾ വരുത്താവുന്നതാണ്. കോട്ടയം മേഖലയിൽ കഴിഞ്ഞ 15 വർഷം ലഭിച്ച ശരാശരി മഴയുടെ വിവരങ്ങൾ പട്ടിക 1-ൽ നൽകിയിരിക്കുന്നു.

**പട്ടിക 1: കോട്ടയം മേഖലയിൽ കഴിഞ്ഞ പതിനഞ്ച് വർഷമായി ലഭിക്കുന്ന (2008-2022) മഴയുടെ മാസം തോറുമുള്ള ശരാശരി അളവ് (മില്ലീമീറ്റർ )**

| മാസം | മഴയുടെഅളവ് (മില്ലീമീറ്റർ ) | മഴദിവസങ്ങൾ |
|---|---|---|
| ജനുവരി | 16 | 1 |
| ഫെബ്രുവരി | 15 | 1 |
| മാർച്ച് | 95 | 5 |
| ഏപ്രിൽ | 166 | 9 |
| മെയ് | 275 | 11 |
| ജൂൺ | 518 | 22 |
| ജൂലൈ | 493 | 22 |
| ആഗസ്റ്റ് | 419 | 18 |
| സെപ്റ്റംബർ | 310 | 15 |
| ഒക്ടോബർ | 338 | 14 |
| നവംബർ | 216 | 10 |
| ഡിസംബർ | 61 | 3 |
| മൊത്തം | 2923 | 132 |



*ടാപ്പിങ്ഷേഡ് ഉപയോഗിച്ച് റെയിൻഗാർഡ് ചെയ്ത തോട്ടം*



*കിസാൻറെയിൻഗാർഡ് ഉപയോഗിച്ച തോട്ടം*

എന്നാൽ, ഇന്ത്യയിലെ പരമ്പരാഗതമേഖലയുടെ പുറത്തുള്ള ഒഡീഷ, മഹാരാഷ്ട്ര തുടങ്ങിയ മേഖലകളിൽ മാസംതോറുമുള്ള റബ്ബറുത്പാദനത്തിന്റെ നിരക്ക് പരമ്പരാഗതമേഖലയിൽനിന്നും വ്യത്യസ്തമാണ്. ചൂട് കൂടിയ കാലാവസ്ഥയുള്ള ഈ സംസ്ഥാനങ്ങളിൽ റബ്ബറുത്പാദനം ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ 5 മുതൽ 6 വരെ ശതമാനം വീതം മാത്രമേ ലഭിക്കുന്നുള്ളു. ഈ സംസ്ഥാനങ്ങളിൽ ജൂൺ മാസത്തിൽ മൺസൂൺ എത്തുന്നതോടെ അന്തരീക്ഷത്തിലെ ഊഷ്മാവിൽ കുറവ് വരുന്നു. മെയ് മാസത്തിലും ഈ പ്രദേശങ്ങളിൽ അന്തരീക്ഷത്തിൽ ഊഷ്മാവ് വളരെ കൂടുതലാണ്. ജൂൺ മാസത്തിലും ജൂലൈ മാസത്തിലും ഇവിടെ ഉത്പാദനം കുറവാണ്. എന്നിരുന്നാലും ജൂൺ മാസം മുതൽ ക്രമമായി ടാപ്പിങ് നടത്തിയാൽ മാത്രമേ ആഗസ്റ്റ് മുതൽ ഉയർന്ന ഉത്പാദനം ലഭിക്കുകയുള്ളൂ. എന്നാൽ, ഉത്പാദനത്തിൽ ഗണ്യമായ വർദ്ധന കാണുന്നത് ഒക്ടോബർ മാസം മുതലാണ് (10 ശതമാനം). ആഗസ്റ്റ് –സെപ്റ്റംബർ മാസങ്ങളെ അപേക്ഷിച്ച് രണ്ട് ശതമാനം കൂടുതൽ ഉത്പാദനം ഒക്ടോബർ മാസത്തിൽ ലഭിക്കുന്നു. നവംബർ മാസത്തിൽ 13 ശതമാനവും ഡിസംബർ മാസത്തിൽ 14 ശതമാനവും ലഭിച്ചതിനുശേഷം ജനുവരിയിൽ 10 ശതമാനത്തിലേക്ക് താഴ്ന്ന് ഫെബ്രുവരിയിൽ 9 ശതമാനവും മാർച്ച് മാസം 7 ശതമാനത്തിലേക്കും കുറയുന്നു. ആയതിനാൽ ഈ സംസ്ഥാനങ്ങളിലെ കാലാവസ്ഥയ്ക്ക് അനുസൃതമായി ടാപ്പിങ് ക്രമീകരിക്കേണ്ടതാണ്. ജൂൺ മാസം മുതൽ ക്രമമായി ടാപ്പിങ് തുടങ്ങി അടുത്ത മാർച്ച് മാസം വരെ ടാപ്പിങ് തുടരാവുന്നതാണ്. പരമ്പരാഗതമേഖലയെ അപേക്ഷിച്ച് ഈ സംസ്ഥാനങ്ങളിൽ വർഷകാലത്ത് ഉത്പാദനം കുറവായതുകൊണ്ടും മഴക്കാലത്തിനുശേഷം ഉത്പാദനം വർദ്ധിക്കുന്നതുകൊണ്ടും ഇവിടെ മഴക്കാലത്തിനുശേഷമുള്ള മാസങ്ങളിൽ ടാപ്പിങ്ദിനങ്ങൾ നഷ്ടമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ സംസ്ഥാനങ്ങളിൽ ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളാണ് ഉത്പാദനം കുറഞ്ഞ കാലഘട്ടം. മൊത്തം വാർഷികോത്പാദനത്തിന്റെ 21 ശമാനമാണ് നാല് മാസങ്ങളിലെ ഉത്പാദനം. വാർഷികോത്പാദനത്തിന്റെ 79 ശതമാനവും ബാക്കിയുള്ള 8 മാസങ്ങളിൽ ലഭിക്കുന്നു. അതുകൊണ്ട് മഴക്കാലത്തും ക്രമമായി ടാപ്പിങ് നടന്നാൽ മാത്രമേ തുടർന്നുള്ള അനുകൂല കാലാവസ്ഥയിൽ ഉയർന്ന ഉത്പാദനം നേടാൻ കഴിയുകയുള്ളൂ. ആയതിനാൽ ഈ സംസ്ഥാനങ്ങളിൽ മഴക്കാലത്ത് ഉത്പാദനം കുറവാണെങ്കിലും മരങ്ങൾ റെയിൻഗാർഡ് ചെയ്ത് ക്രമമായി ടാപ്പിങ് തുടരേണ്ടതാണ്.



*പൊളിത്തീൻപാവാട ഉപയോഗിച്ച് റെയിൻഗാർഡ് ചെയ്ത തോട്ടം (മഹാരാഷ്ട്ര)*

വടക്കുകിഴക്കൻ മേഖലയിൽ ഫെബ്രുവരി മുതൽ ഏപ്രിൽ വരെയുള്ള മൂന്ന് മാസക്കാലം റബ്ബർമരങ്ങൾക്ക് ടാപ്പുചെയ്യാതെ വിശ്രമം നൽകാറുണ്ട്. പൊതുവിൽ ഈ മേഖലകളിൽ റെയിൻഗാർഡ് ചെയ്യുന്നതും വളരെ കുറവാണ്. അവിടെ ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മഴക്കാലത്ത് മാസംതോറും 8 മുതൽ 9 വരെ ശതമാനമാണ് ഉത്പാദനം. എന്നാൽ, സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ മാസംതോറും 12 മുതൽ 17 വരെ ശതമാനം ഉത്പാദനം ലഭിക്കുന്നു. ഈ മേഖലകളിലുള്ള റബ്ബർതോട്ടങ്ങളിൽ മഴയ്ക്ക് മുമ്പായി റെയിൻഗാർഡിങ് നടത്തി മരങ്ങൾ ടാപ്പുചെയ്താൽ മരങ്ങൾക്ക് നൽകുന്ന വിശ്രമസമയം കഴിഞ്ഞുവരുന്ന മഴക്കാലത്ത് ഉയർന്ന ഉത്പാദനം ലഭിക്കുന്നതാണ്.

മൂന്ന് തരത്തിലുള്ള റെയിൻഗാർഡുകളാണ് ഇന്ത്യയിൽ ഉപയോഗിക്കുന്നത്. പാവാട/പോളിത്തീൻ റെയിൻഗാർഡ്, കിസാൻ റെയിൻഗാർഡ്, ടാപ്പിങ് ഷേഡ് എന്നിവയാണ് അവ. ഇവയിൽ യോജിച്ചവ ഉപയോഗിച്ച് മഴക്കാലത്തിനു മുൻപായി റെയിൻഗാർഡിങ് പൂർത്തിയാക്കേണ്ടതാണ്. ഇന്ത്യയിലെ വിവിധ റബ്ബറുത്പാദനമേഖലയിൽ മഴക്കാലത്ത് റെയിൻഗാർഡ് ചെയ്ത് ടാപ്പിങ്ദിനങ്ങൾ പൂർണമായും പ്രയോജനപ്പെടുത്തിയാൽ ഇന്ത്യയിലെ വാർഷിക റബ്ബറുത്പാദനത്തിൽ കാര്യമായ വർദ്ധന ഉണ്ടാകുന്നതാണ്. •

# ഇൻറോഡ് പ്രോജക്ട്: പ്രവർത്തനങ്ങൾ വിലയിരുത്തി



വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ 2021 മുതൽ 2026 വരെയുള്ള അഞ്ച് വർഷംകൊണ്ട് രണ്ട് ലക്ഷം ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിന് ആട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസ്സോസിയേഷന്റെ (ATMA) സഹകരണത്തോടെ റബ്ബർബോർഡ് നടപ്പാക്കിവരുന്ന 'ഇൻറോഡ്' (ഇന്ത്യൻ നാച്ചുറൽ റബ്ബർ ഓപ്പറേഷൻ ഫോർ അസിസ്റ്റഡ് ഡെവലപ്മെന്റ് – INROAD) പദ്ധതിയുടെ പുരോഗതി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. റ്റി. സിജു വിലയിരുത്തി.

ആദ്യ മൂന്നു വർഷംകൊണ്ട് ഏകദേശം 70,000 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുകയുണ്ടായി. 4–ാം വർഷം 65,500 ഹെക്ടർ സ്ഥലത്തുകൂടി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നാളിതുവരെ 4–ാം വർഷത്തിലെ കൃഷിക്ക് യോജിച്ച 55,000 ഹെക്ടർ സ്ഥലം കണ്ടെത്തുകയും കൃഷിചെയ്യുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 'ഇൻറോഡ്' പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുന്നതിനുവേണ്ടിയാണ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ വടക്കുകിഴക്കൻ മേഖലയിൽ ഗുവാഹതി റീജിയണിലെ വിവിധ റബ്ബർ നഴ്സറികൾ സന്ദർശിച്ചത്. പദ്ധതിപ്രകാരം വിതരണം ചെയ്യപ്പെടുന്ന തൈകളുടെ വളർച്ചയും ഗുണമേന്മയും അദ്ദേഹം വിലയിരുത്തി. തുടർന്ന് റബ്ബർബോർഡിന്റെ അഗിയ റിജീയണൽ ഓഫീസ് സന്ദർശിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുകയും ചെയ്തു.



ഗുവാഹതി മേഖലയിലെ റീജിയണൽ ഓഫീസ് മേധാവികളുമായുള്ള സോണൽ മീറ്റിങ്ങിൽ ഡോ. റ്റി. സിജു 'ഇൻറോഡ്' പ്രോജക്ടിന്റെ 4–ാം വർഷത്തെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. ഓഫീസ് മേധാവികളുമായി ആശയവിനിമയം നടത്തിയ അദ്ദേഹം റബ്ബർബോർഡിന്റെ സേവനങ്ങളെയും ഭാവിപ്രവർത്തനങ്ങളെയുംകുറിച്ച് വിശദമായി സംസാരിച്ചു.

'ഇൻറോഡ്' പ്രോജക്ടിന്റെ പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് സംസാരിച്ച സക്കീർ വി.എ. (ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ) പദ്ധതി നടപ്പാക്കുന്നതിൽ റബ്ബർബോർഡ് ഉദ്യോഗസ്ഥരുടെ അശ്രാന്ത പരിശ്രമങ്ങളെയും ATMA–യുടെ സഹകരണത്തെയും പ്രശംസിച്ചു. രശ്മി രേഖ മജുംദാർ (ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ) പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

'ഇൻറോഡ്' പദ്ധതിപ്രകാരമുള്ള റബ്ബർകൃഷിവികസനം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ജനതയുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക പുരോഗതിയിൽ നിർണായക മാറ്റങ്ങൾക്ക് വഴിതെളിക്കും.

തയ്യാറാക്കിയത്: സക്കീർ വി.എ., ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ



സി.ബി. മധു
ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ

മെജോഷ് ജോസ്
ഫീൽഡ് ഓഫീസർ

# നഴ്സറികൾക്ക് പുതുമയായി നിലമ്പൂർ റബ്ബർവിത്തുകൾ

‘നിലമ്പൂർ തേക്ക്’ എന്നു കേൾക്കാത്തവരായി ആരും തന്നെ ഉണ്ടാകാനിടയില്ല. നിലമ്പൂർ പരിസരത്തെ കാലാവസ്ഥയുടെയും ഭൗതിക സാഹചര്യങ്ങളുടെയും പ്രത്യേകത മൂലം തടിയുടെ നിറവും അതിന്റെ ബലവും വാർഷികവലയങ്ങളുടെ ഭംഗിയും ജീർണതയ്ക്കെതിരെയുള്ള പ്രതിരോധവും ഏറെ പ്രസിദ്ധമാണ്. അതുകൊണ്ടുകൂടിയാണ് നിലമ്പൂർ തേക്കിന് ഭൗമസൂചിക (geographical index) അനുവദിച്ചതു തന്നെ. ആദ്യമായി ഒരു വനവിഭവത്തിന് ഭൗമസൂചിക നൽകിയത് നിലമ്പൂർ തേക്കിനാണ്. കഴിഞ്ഞ വർഷം റബ്ബർ നഴ്സറിയുടമകൾക്കിടയിൽ ചർച്ചാവിഷയമായ പേരാണ് ‘നിലമ്പൂർ റബ്ബർവിത്തുകൾ’. സാധാരണമായി തമിഴ്നാട്ടിലെ കുലശേഖരത്തുനിന്നും സംഭരിച്ചുകൊണ്ടുവരുന്ന ‘മാർത്താണ്ഡം കുരു’ എന്നു വിളിപ്പേരുള്ള റബ്ബർവിത്തുകൾക്ക് പകരമായി 2023-ൽ പല നഴ്സറികളും ആശ്രയിച്ചത് നിലമ്പൂരിലെ റബ്ബർവിത്തുകളെയായിരുന്നു.

റബ്ബറിന്റെ വിവിധതരം നടീൽവസ്തുക്കളായ ഒട്ടുതൈക്കുറ്റികൾ, കൂടത്തൈകൾ, കപ്പുതൈകൾ എന്നിവ ഉത്പാദിപ്പിക്കുന്നതിന് റബ്ബർവിത്തുകൾ ആവശ്യമാണ്. എല്ലാ നടീൽവസ്തുക്കളുടെയും തുടക്കം റബ്ബർവിത്തുകളിൽനിന്ന് വളർന്നുവരുന്ന കുരുപ്പത്തൈകൾ തന്നെയാണ്. ഈ തൈകളിൽ ഗുണമേന്മയുള്ള ഇനങ്ങളുടെ ഒട്ടുകണ്ണുകൾ ബഡ്ഡു ചെയ്തു പിടിപ്പിച്ച് അത്യുത്പാദനശേഷിയുള്ള നടീൽവസ്തുക്കളാക്കി മാറ്റുന്നു. പ്രായോഗികമായ മറ്റൊരു വംശവർദ്ധനരീതിയും റബ്ബറിൽ ഇന്നു നിലവിലില്ല. ഇക്കഴിഞ്ഞവർഷം പലവിധ കാരണങ്ങളാൽ ‘മാർത്താണ്ഡം കുരു’ ആവശ്യത്തിന് ലഭ്യമാകാത്ത ഒരു സ്ഥിതിവിശേഷം സംജാതമായപ്പോൾ കേരളത്തിലെ റബ്ബർനഴ്സറികളുടെ പ്രവർത്തനങ്ങൾ താളം തെറ്റുന്ന ഒരു സ്ഥിതിയിലായി. ഈ സമയത്താണ് രക്ഷയ്ക്കായി നിലമ്പൂർ റബ്ബർവിത്തുകൾ എത്തിയത്.

### മാർത്താണ്ഡം വിത്തുകൾക്ക് എന്തുപറ്റി?

വർഷങ്ങളായി ആവശ്യത്തിനുള്ള അളവിൽ ഗുണമേന്മയുള്ള റബ്ബർവിത്തുകൾ ലഭ്യമായിരുന്നത് കുലശേഖരത്തുനിന്നായിരുന്നു. എന്നാൽ, കഴിഞ്ഞവർഷം അവിടെ സ്വാഭാവിക ഇലകൊഴിച്ചിലിനുശേഷം തളിരിലകളും തുടർന്ന് പൂക്കളും ഉണ്ടാകുന്ന സമയത്ത് കടുത്ത ചൂടായിരുന്നു. സാധാരണമായി ലഭിക്കാറുള്ള ഇടമഴ ലഭിച്ചിരുന്നില്ല. കൂടാതെ മിക്കവാറും ദിവസങ്ങളിൽ ആകാശം മേഘാവൃതമായിരുന്നതിനാൽ പൊടിക്കുമിൾ രോഗവും ഇലപ്പൊട്ടുരോഗവും പല തോട്ടങ്ങളിലും

വ്യാപിച്ചിരുന്നു. ഈ കാലാവസ്ഥാവ്യതിയാനം മൂലം പൂക്കൾ കരിഞ്ഞുണങ്ങുന്നതിനും തുടർന്ന് കായ്പിടുത്തം കുറയുന്നതിനും കാരണമായി. കായ്കൾ മൂപ്പെത്തി പൊട്ടുന്ന ജൂലൈമാസത്തിൽ സാമാന്യം നല്ല മഴയായിരുന്നതിനാൽ കായ്കൾ പൊട്ടുന്നതിനെയും ബാധിച്ചു. ഇതിനുപുറമേ, കായ്കളിൽ രോഗംബാധിച്ച് കേടുവരുന്നതിനും വിത്തുകൾ മുളച്ചുവരുന്ന തോത് (germination rate) തീരെ കുറഞ്ഞുപോകുന്നതിനും കാരണമായി.

ഇവിടെ വിത്തിന്റെ ലഭ്യത കുറവായതിനാൽ ആദ്യം ലഭിച്ച വിത്തുകൾ കിലോഗ്രാമിന് 250 രൂപ എന്ന തോതിലാണ് വിപണനം നടന്നത്. എന്നാൽ, വിത്തുകൾക്ക് ഗുണമേന്മ തീരെ കുറവായിരുന്നതിനാൽ വളരെ കുറഞ്ഞ ശതമാനം വിത്തുകൾ മാത്രമാണ് മുളച്ചുകിട്ടിയത്. മുളച്ചുവന്ന തൈകൾക്ക് ആരോഗ്യക്കുറവും ഉണ്ടായിരുന്നതായി നഴ്സറിയുടമകൾ അഭിപ്രായപ്പെട്ടു. തുടർന്നുവന്ന ലോഡുകളിലും ഇതേ പ്രശ്നങ്ങൾ തുടരുകയും വിത്തുകളുടെ ലഭ്യത കുറഞ്ഞുപോകുകയും ചെയ്തതോടെ നഴ്സറിയുടമകൾ ബദൽ മാർഗങ്ങളെപ്പറ്റി ചിന്തിക്കാൻ തുടങ്ങി. ഇതാണ് അവരെ നിലമ്പൂർ റബ്ബർവിത്തിലേക്ക് എത്തിച്ചത്.

### 'നിലമ്പൂർ' റബ്ബർവിത്തുകൾ

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ കാളികാവ്, ചോക്കാട്, അമരമ്പലം വില്ലേജുകളിൽ നിന്നാണ് റബ്ബർവിത്തുകൾ വ്യാപകമായി ലഭിച്ചത്. കാളികാവ് വില്ലേജിലെ പുല്ലങ്കോട് എസ്റ്റേറ്റ് പരിസരത്തുനിന്നാണ് കൂടുതൽ വിത്തുകൾ ലഭിച്ചത്. നഴ്സറികളിൽ പാകിയ വിത്തുകൾ 90 ശതമാനവും മുളച്ച് ആരോഗ്യമുള്ള തൈകൾ ലഭിച്ചതുകൊണ്ട് 'നിലമ്പൂർകുരു' എന്ന ബ്രാന്റിന് റബ്ബർനഴ്സറിയുടമകൾക്കിടയിൽ വേഗം തന്നെ പ്രചാരം ലഭിച്ചു.

### പുല്ലങ്കോട് എസ്റ്റേറ്റ്

നിലമ്പൂർ ടൗണിന്റെ തെക്കുകിഴക്ക് ഭാഗത്തായി നിലമ്പൂർ-കാളികാവ് റോഡിനോടു ചേർന്നാണ് എസ്റ്റേറ്റ് സ്ഥിതിചെയ്യുന്നത്. റബ്ബറിന് പുറമേ മറ്റ് വിളകളും ഇവിടെ കൃഷിചെയ്തുവരുന്നു. റബ്ബർപാലിൽ നിന്ന് 'സെനക്സ്' ഉത്പാദിപ്പിക്കുന്ന കമ്പനിയും ബ്ലോക്കുറബ്ബർ നിർമിക്കുന്ന കമ്പനിയും ഇവിടെയുണ്ട്. നീലഗിരിയിലെ വുഡ്ബ്രിയാർ എസ്റ്റേറ്റ് മാനേജരായിരുന്ന ലാമുവൽ കേംബ്രിഡ്ജ് ലിബൻ റൂഡാണ് 1906-ൽ പുല്ലങ്കോട് എസ്റ്റേറ്റ് സ്ഥാപിച്ചത്. 1943-ൽ കമ്പനി ആക്ട് പ്രകാരം എസ്റ്റേറ്റിന്റെ ഓഹരികൾ വിപണിയിലിറക്കുകയും ആസ്പിൻ വാൾ കമ്പനി അത് വാങ്ങി പുല്ലങ്കോട് എസ്റ്റേറ്റ് ആസ്പിൻ വാൾ കമ്പനിയുടെ ഉടമസ്ഥതയിൽ ആക്കുകയും ചെയ്തു. തൊഴിലാളി സൗഹൃദമായ അന്തരീക്ഷമാണ് എസ്റ്റേറ്റിൽ നിലവിലുള്ളത്. പുല്ലങ്കോടിന്റെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക മേഖലകളിൽ നിർണായക സ്വാധീനം ചെലുത്താൻ എസ്റ്റേറ്റിന് കഴിഞ്ഞിട്ടുണ്ട്. പുല്ലങ്കോട് എസ്റ്റേറ്റിൽ നിലവിൽ രണ്ടു ഡിവിഷനുകളാണുള്ളത്. പുല്ലങ്കോട് ഡിവിഷനും കടിഞ്ചീരി ഡിവിഷനും. രണ്ടു ഡിവിഷനിലുകളിലുമായി 726.81 ഹെക്ടർ സ്ഥലത്ത് ടാപ്പുചെയ്യുന്ന റബ്ബറും 141.91 ഹെക്ടർ സ്ഥലത്ത് തൈമരങ്ങളും നിലവിലുണ്ട്. ടാപ്പുചെയ്യുന്ന മരങ്ങളിൽ ഉത്തേജകൗഷധം ഉപയോഗിച്ചുകൊണ്ട് മൂന്നുദിവസത്തിൽ ഒരിക്കലും നാലുദിവസത്തിൽ ഒരിക്കലുമാണ് ടാപ്പുചെയ്യുന്നത്. മഴക്കാലത്ത് സ്ഥിരമായി മഴമറ പിടിപ്പിച്ച് ടാപ്പിങ് തുടരുന്നു. 66.16 ഹെക്ടർ സ്ഥലത്ത് നിയന്ത്രിതകമിഴ്ത്തി വെട്ട് നടത്തി വരുന്നു. റബ്ബറിന് പുറമെ കവുങ്ങ്, ജാതി, കാപ്പി, കുരുമുളക് എന്നിവയും ഇടവിളയായും അല്ലാതെയും കൃഷിചെയ്തുവരുന്നു. പതിനായിരത്തോളം മലവേപ്പ് *(Melia dubia)* തടിയാവശ്യത്തിനായി എസ്റ്റേറ്റിൽ കൃഷി ചെയ്തിട്ടുണ്ട്.

### എന്തുകൊണ്ട് പുല്ലങ്കോട്?

കഴിഞ്ഞവർഷം പുല്ലങ്കോടും പരിസരത്തും അനുഭവപ്പെട്ട മെച്ചപ്പെട്ട കാലാവസ്ഥ മൂലമാണ് റബ്ബർവിത്തിന്റെ ലഭ്യത വർദ്ധിച്ചത്. മഴക്കാലത്ത് തീരെ കുറഞ്ഞ അളവിലുള്ള മഴ മാത്രമാണ് കഴിഞ്ഞവർഷം ലഭിച്ചത്.



എസ്റ്റേറ്റിൽനിന്നു ശേഖരിച്ച 2022-ലെയും 2023-ലെയും മഴയുടെ അളവ് താരതമ്യം ചെയ്യുന്ന പട്ടിക പരിശോധിക്കുക (പട്ടിക 1).

**പട്ടിക 1: പുല്ലങ്കോട് റബ്ബർ എസ്റ്റേറ്റിൽ ലഭിച്ച മഴയുടെ അളവ്**

| മാസം | 2022-23 (മില്ലീമീറ്റർ) | 2023-24 (മില്ലീമീറ്റർ) |
|---|---|---|
| ഏപ്രിൽ | 128.8 | 46.0 |
| മെയ് | 415.8 | 289.7 |
| ജൂൺ | 582.6 | 215.4 |
| ജൂലൈ | 928.6 | 629.2 |
| ആഗസ്റ്റ് | 691.6 | 29.4 |
| സെപ്റ്റംബർ | 411.0 | 515.7 |
| ഒക്ടോബർ | 323.8 | 409.4 |
| നവംബർ | 139.4 | 203.0 |
| ഡിസംബർ | 0 | 128.9 |
| ജനുവരി | 11.0 | 0 |
| ഫെബ്രുവരി | 5.0 | 0 |
| മാർച്ച് | 40.2 | 0 |
| ആകെ | 3677.8 | 2466.7 |

പൂക്കളുണ്ടാകുന്ന സമയത്ത് ശക്തമായ ചൂടില്ലാത്ത പ്രസന്നമായ കാലാവസ്ഥയായിരുന്നു. ഏപ്രിൽമാസം മുതൽ തന്നെ മഴയുടെ അളവ് എസ്റ്റേറ്റ് പരിസരത്ത് കുറവായിരുന്നു എന്നു കാണാം. ആയതിനാൽ ജൂലൈമാസം പകുതിയോടെ റബ്ബർകായ് പൊട്ടി വിത്തുകൾ ലഭ്യമാകാൻ തുടങ്ങി. സാധാരണ മറ്റു തോട്ടങ്ങളിൽ മഞ്ഞുകാലത്തും വേനൽകാലത്തും മഴക്കാലത്തും ഉണ്ടാകുന്ന കുമിൾരോഗങ്ങൾ ഒന്നും തന്നെ എസ്റ്റേറ്റിൽ ഉണ്ടായിരുന്നില്ല. ഇതും വിത്തുകളുടെ ലഭ്യതയ്ക്ക് സഹായകമായി.

വിത്തുശേഖരണം നടത്തിയത് എസ്റ്റേറ്റിലെ ടാപ്പർമാരടക്കമുള്ള നാനൂറോളം തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ചേർന്നാണ്. സമീപപ്രദേശങ്ങളിലെ വീട്ടമ്മമാരും മറ്റു പണികൾക്ക് പോകുന്നവരും ജോലിയില്ലാത്ത ദിവസങ്ങളിൽ വിത്തുകൾ പെറുക്കുന്നതിനായി തോട്ടത്തിൽ എത്തിയിരുന്നു. മാനുഷിക പരിഗണനമൂലം മാനേജ്മെന്റ് മറ്റു നിയന്ത്രണങ്ങൾ ഒന്നും ചെയ്യാത്തതിനാൽ അതിരാവിലെ മുതൽ വൈകുന്നേരം വരെ വിത്തുപെറുക്കൽ നിർബാധം തുടർന്നു. അവർ ഒറ്റയ്ക്കും ചെറുസംഘങ്ങളായും ജോലി ചെയ്തു. ഒരാൾക്ക് 20 മുതൽ 40 വരെ കിലോഗ്രാം വിത്തുകൾ സംഭരിക്കാൻ സാധിച്ചിരുന്നു. പൊട്ടിവീഴുന്ന വിത്തുകൾ അന്നുതന്നെ ശേഖരിച്ച് സംഭരണകേന്ദ്രത്തിൽ എത്തിക്കും. സമീപപ്രദേശത്തെ പല കച്ചവടക്കാരും തൊഴിലാളികളും വിത്തുകൾ സംഭരിക്കുന്ന ഏജന്റുമാരായി പ്രവർത്തിച്ച് സംഭരണ-വിപണന-വിതരണത്തിനുവേണ്ട സഹായങ്ങൾ നൽകി. റബ്ബർകുരുവിന്റെ ചില്ലറ വിൽപന പ്രാദേശികമായി തന്നെ സാധ്യമായിരുന്നതിനാൽ സാമ്പത്തികലാഭം പ്രതീക്ഷിച്ചുകൊണ്ട് എസ്റ്റേറ്റുമായി യാതൊരു ബന്ധമില്ലാത്തവരും വിത്തുകൾ പെറുക്കാൻ കൂടി. ഇടനിലക്കാരുടെ സംഭരണകേന്ദ്രങ്ങൾക്കുമുന്നിൽ സഞ്ചികളിലും കവറുകളിലും കുട്ടകളിലും ചാക്കുകളിലുമായി പെറുക്കിയെടുത്ത വിത്തുകൾ വിൽക്കാനായി വരിനിൽക്കുന്നവരും സംഭരണശാലകളിൽ നിന്ന് ചാക്കുകളിലാക്കി ചരക്കുവണ്ടികളിലും ഓട്ടോകളിലും മറ്റും ലോഡ് ചെയ്ത്







നഴ്സറികളിലേക്ക് വിതരണം ചെയ്യുന്നവരും ചേർന്ന് അങ്ങാടിയും മറ്റു വിപണികളും സജീവമാക്കി മാറ്റി.

### കാലയളവ്

സാധാരണമായി എല്ലാ വർഷവും ജൂലൈ പകുതി മുതൽ ആഗസ്റ്റ് അവസാനം വരെയാണ് റബ്ബർവിത്തുകൾ ലഭ്യമാകുന്ന സീസൺ. എന്നാൽ, പുല്ലങ്കോട് പരിസരത്ത് ജൂലൈ പകുതിയോടെ കായ്കൾ പൊട്ടിവീഴാൻ തുടങ്ങിയെങ്കിലും ഈ 'റബ്ബർകുരുചാകര' നവംബർമാസം പകുതിവരെ അസാധാരണമായി നീണ്ടുപോയി. ഇതൊരു ചരിത്രസംഭവവും ആദ്യത്തെ അനുഭവവും കൂടിയായാണ് സമീപവാസികൾ വിലയിരുത്തുന്നത്. നാലുമാസംവരെ നീണ്ടു നിൽക്കുന്ന സീസൺ അവിശ്വസനീയമാണത്രേ! എല്ലാദിവസവും വലിയ ഏറ്റക്കുറച്ചിലുകളില്ലാതെ എസ്റ്റേറ്റ് പരിസരത്തുനിന്ന് റബ്ബർവിത്തുകൾ ലഭ്യമായതായി ശേഖരിച്ചവർ അഭിപ്രായപ്പെട്ടു. എല്ലാമാസങ്ങളിലും ഡിമാന്റ് ഉണ്ടായിരുന്നതിനാൽ പരമാവധി വിത്തുശേഖരണവും നടന്നു.

### ഗുണമേന്മ

നഴ്സറിയുടമകളുടെ അഭിപ്രായത്തിൽ നിലമ്പൂരിൽ നിന്ന് ശേഖരിച്ച റബ്ബർകുരു 'ഉള്ളുമുറ്റി പരിപ്പുള്ള' കുരുവായതിനാൽ 90 ശതമാനവും മുളച്ചുകിട്ടി. കാലതാമസം കൂടാതെ വിത്തുകൾ നഴ്സറികളിൽ എത്തിക്കാൻ കഴിഞ്ഞതും ഏറെ ഗുണം ചെയ്തു. എസ്റ്റേറ്റിൽ നിന്നും ശേഖരിച്ച വിത്തുകൾ ആർആർഐഐ 105, ആർആർഐഐ 430, ആർആർഐഐ 414, ആർആർഐഐ 429, പി.ബി. 260 എന്നീ ഇനങ്ങളുടേതായതിനാൽ സാമാന്യം നല്ല തൂക്കവും വലുപ്പവും ഉണ്ടായിരുന്നു. അനുകൂല കാലാവസ്ഥയിൽ വളർന്നതും രോഗബാധ കൂടാതെ കായ്കൾ പൊട്ടി ലഭിച്ചതുമായ 'നിലമ്പൂർകുരു' റബ്ബർനഴ്സറി വ്യവസായത്തിന് അനുഗ്രഹമായി എന്നുതന്നെ പറയാം. റബ്ബർബോർഡിന്റെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നടപ്പാക്കിവരുന്ന 'ഇൻറോഡ്' (ഇന്ത്യൻ നാച്ചുറൽ റബ്ബർ ഓപ്പറേഷൻ ഫോർ അസിസ്റ്റഡ് ഡെവലപ്മെന്റ് – INROAD) പദ്ധതിപ്രകാരം ക്വട്ടേഷൻ ലഭിച്ച് കൂടത്തൈകളും കപ്പുതൈകളും വിതരണം ചെയ്യാമെന്ന് സമ്മതിച്ച എല്ലാ റബ്ബർനഴ്സറിയുടമകളും 'മാർത്താണ്ഡംകുരു' ലഭ്യമല്ലാതായതോടെ കടുത്ത നിരാശയിലായിരുന്നു. ഒരു പക്ഷേ, അനുവാദം ലഭിച്ച നിശ്ചിത എണ്ണം നടീൽവസ്തുക്കൾ ലഭ്യമാക്കാൻ സാധിക്കുമോ എന്നുപോലും പലർക്കും സംശയമായിരുന്നു. കേരളത്തിലെ റബ്ബർനഴ്സറി വ്യവസായത്തെയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ കൃഷിവ്യാപനത്തെയും ബാധിക്കുമായിരുന്ന റബ്ബർകുരു ലഭ്യതക്കുറവ് പരിഹരിച്ചത് നിലമ്പൂർവിത്തുകൾ വിപണിയിലെത്തിയതുകൊണ്ട് മാത്രമാണ്. അതുകൊണ്ടാണ് നിലമ്പൂർ വിത്തുകളുടെ ലഭ്യതയുടെയും ഗുണമേന്മയുടെയും വിപണനത്തിന്റെയും പ്രാധാന്യം വർദ്ധിക്കുന്നത്.

### കർക്കിടകക്കുരുവും പുഞ്ചക്കുരുവും

സാധാരണമായി ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് റബ്ബർകുരു കൂടുതലായി ലഭ്യമാകുന്നത്. ജനുവരി ഫെബ്രുവരി മാസങ്ങളിലുണ്ടാകുന്ന പൂക്കളിൽനിന്നാണ് ഈ കുരു ലഭ്യമാകുന്നത്. ഇതിനെ പ്രാദേശികമായി 'കർക്കിടകക്കുരു' എന്നു വിളിക്കുന്നു. ഇവയ്ക്കു പൊതുവിൽ ഗുണമേന്മ കൂടുതലായിരിക്കും. കൂടാതെ ആരോഗ്യമുള്ള തൈകൾ മുളച്ചുവരുന്ന തോതും കൂടുതലാണ്. എന്നാൽ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടാകുന്ന പൂക്കളിൽനിന്ന് ഡിസംബർ ജനുവരി മാസത്തിൽ ലഭിക്കുന്ന കുരുവിനെ 'പുഞ്ചക്കുരു' എന്നു വിളിക്കുന്നു. പൊതുവിൽ പുഞ്ചക്കുരുവിന്റെ ലഭ്യതയും ഗുണമേന്മയും കുറവായിരിക്കും. എന്നാൽ വിൽപനക്കാരുടെ അഭിപ്രായത്തിൽ കഴിഞ്ഞ സീസണിൽ 'പുഞ്ചക്കുരു'വിന്റെ ആവശ്യക്കാർ ഏറെയായിരുന്നു. എസ്റ്റേറ്റിൽനിന്നും ലഭിച്ച പുഞ്ചക്കുരു സാമാന്യം നല്ല രീതിയിൽ മുളച്ചുകിട്ടിയതായി നഴ്സറിയുടമകളും അഭിപ്രായപ്പെട്ടു.



### വിതരണമേഖല

മെച്ചപ്പെട്ട റബ്ബർവിത്തുകൾ തേടി റബ്ബർനഴ്സറിയുടമകൾ നിലമ്പൂരിലെത്തിയതിന്റെ കാരണം മുമ്പ് വിശദീകരിച്ചിരുന്നു. കേരളത്തിലെ എല്ലാ പ്രമുഖ നഴ്സറികളിലേക്കും നിലമ്പൂർ റബ്ബർവിത്തുകൾ എത്തിച്ചതായി ഇടനിലക്കാർ അവകാശപ്പെടുന്നു. കൂടാതെ ഒഡീഷ, അസം എന്നീ സംസ്ഥാനങ്ങളിലേക്കും വിമാനമാർഗം റബ്ബർവിത്തുകൾ കയറ്റി അയച്ചതായാണ് അറിവ്. സാധാരണമായി റബ്ബർവിത്തുകൾ അൻപതു കിലോഗ്രാം വീതം ചാക്കുകളിലാക്കിയാണ് വിപണനം ചെയ്യുന്നത്. വിമാനമാർഗം കയറ്റിവിട്ട റബ്ബർവിത്തുകൾ മുപ്പത്തഞ്ചുകിലോഗ്രാം വീതം ഇരട്ടച്ചാക്കുകളിലാണ് നിറച്ചിരുന്നത്. കഴിഞ്ഞ വർഷം റബ്ബർകുരുവിന്റെ ഈറ്റില്ലമായ മാർത്താണ്ഡത്തേക്കും ചരക്കുവണ്ടികളിൽ നിലമ്പൂരിൽനിന്നും റബ്ബർവിത്തുകൾ എത്തിച്ചതായാണ് അറിയാൻ കഴിഞ്ഞത്.

### വിൽപനയും വിറ്റുവരവും

ഒരു റബ്ബർവിത്തിന് നാല് മുതൽ ആറ് വരെ ഗ്രാം തൂക്കമുണ്ടെന്നാണ് കണക്ക്. ഒരു കിലോഗ്രാം റബ്ബർ വിത്ത് 200 മുതൽ 250 വരെ എണ്ണമുണ്ടാകും. പുല്ലങ്കോട് എസ്റ്റേറ്റിലും പരിസരത്തുനിന്നുമായി കഴിഞ്ഞവർഷം 200 ടൺ റബ്ബർകുരു സംഭരിച്ച് വിപണനം ചെയ്തതായി കാണുന്നു. ഇതുകൂടാതെ തൊട്ടടുത്ത അമരമ്പലം, ചോക്കാട് വില്ലേജുകളിൽനിന്ന് 50 ടൺ റബ്ബർവിത്തുകളും സംഭരിച്ചതായാണ് കണക്ക്.

റബ്ബർവിത്തുകൾ ശേഖരിച്ച് നൽകുന്നവർക്ക് ഒരു കിലോഗ്രാമിന് 40 മുതൽ 55 വരെ രൂപ ഏജന്റുമാർ നൽകിയിട്ടുണ്ട്. എന്നാൽ, വിത്തിന്റെ വിൽപനവില ഡിമാന്റനുസരിച്ച് 60 മുതൽ 90 വരെ രൂപ എത്തിയതായി അറിയുന്നു. ചുരുക്കത്തിൽ നിലമ്പൂർ വിത്തിന്റെ വിൽപനമൂലം രണ്ടുകോടിയോളം രൂപയുടെ വ്യാപാരം പുല്ലങ്കോട് പരിസരത്ത് നടന്നതായി കണക്കാക്കപ്പെടുന്നു.

### വിത്തുസംഭരണത്തിലെ സാധ്യതയും ഗുണങ്ങളും

1. കായികാധ്വാനമില്ലാതെ എളുപ്പത്തിൽ ശേഖരിക്കാം.
2. യാതൊരു മുതൽമുടക്കുമില്ല. ജോലി സമയബന്ധിതവുമല്ല.
3. ഒരു വീട്ടിലെ താൽപര്യമുള്ളവർക്കെല്ലാം പങ്കെടുക്കാവുന്നതാണ് (family labour).
4. പ്രാദേശികമായി വിൽപനയ്ക്ക് സൗകര്യം.
5. ചെറിയ കാലയളവിൽ ആണെങ്കിലും മഴക്കാലത്തെ വറുതിസമയത്തായതിനാൽ ഏറെ ഗുണകരം.
6. എസ്റ്റേറ്റിലെ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങളോടൊപ്പവും സമീപത്തെ വീട്ടമ്മമാരും മറ്റു ജോലിക്കാരും ഒഴിവുസമയത്തും വിത്തുകൾ ശേഖരിക്കാൻ എത്തിയിരുന്നു.
7. റബ്ബർനഴ്സറി വ്യവസായത്തിന് സഹായകമായി മാറി.
8. നശിച്ചുപോകാമായിരുന്ന വിത്തുകൾ ഉപകാരപ്രദമായി വിനിയോഗിക്കുന്നു.
9. നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് കാരണമായി മാറി.
10. പലർക്കും അധികവരുമാനവും അപ്രതീക്ഷിത വരുമാനവും ലഭിച്ചു.
11. ഗ്രാമീണമേഖലയിൽ വിപണനത്തോടും വിതരണത്തോടും (supply chain) ഒപ്പംതന്നെ പണമൊഴുക്ക് (cash flow) സാധാരണക്കാരിൽ എത്തി.
12. കുറച്ചു മാസങ്ങളിലാണെങ്കിലും ഗ്രാമീണജനതയുടെ വാങ്ങൽശേഷി (purchasing power) വർദ്ധിച്ചു.



13. റബ്ബർകൃഷിയുമായി ഒരു ബന്ധവുമില്ലാത്തവർക്കും ചെയ്യാവുന്ന, നൈപുണ്യം ആവശ്യമില്ലാത്ത (unskilled job) ജോലിയാണ് വിത്തുശേഖരണം.
14. റബ്ബർവിത്തുകൾ പരിശോധിച്ച് എടുത്തതിനാൽ മുളയ്ക്കാതെ വരുന്ന നഷ്ടം തീരെ കുറവായിരുന്നു.

### പഠനവിഷയം

ഡിസംബർ/ജനുവരി മാസങ്ങളിൽ ഇലകൊഴിഞ്ഞ ശേഷം തളിരിലകളും തുടർന്ന് പൂക്കളും ഉണ്ടാകുന്ന സമയം മുതൽ കായ് പിടിക്കുന്നതും വളർച്ച മുറ്റിയ കായ്കൾ ചൂടുകാലാവസ്ഥയിൽ പൊട്ടി വിത്തുകൾ തെറിച്ച് മണ്ണിൽ വീഴുന്നതുമെല്ലാം പ്രകൃതിയുടെ നിയന്ത്രണത്തിലാണ്. ഒരു പ്രദേശത്ത് മോശം കാലാവസ്ഥമൂലം റബ്ബർകുരു ലഭ്യത കുറയുമ്പോൾ മറ്റൊരു സ്ഥലത്ത് കാലാവസ്ഥ അനുകൂലമാക്കി കുരു ലഭ്യമാകുന്നതും പ്രകൃതി നിയമമാണെന്ന് കണക്കാക്കാം. കഴിഞ്ഞവർഷം 'മാർത്താണ്ഡംകുരു' ലഭ്യമാകാതെയിരുന്നതിന്റെയും നിലമ്പൂരിൽ അപ്രതീക്ഷിതമായി വിത്തുകൾ ലഭ്യമായതിന്റെയും കാരണങ്ങൾ പഠനവിധേയമാക്കേണ്ടതാണ്.

പുല്ലങ്കോട് എസ്റ്റേറ്റ് പരിസരത്തുനിന്ന് റബ്ബർവിത്തു വിപണനത്തിന്റെ വർദ്ധിച്ച സാധ്യത തുറന്നിരിക്കുന്നു. സമീപപ്രദേശത്തെ റബ്ബറുത്പാദകസംഘങ്ങളും സ്വാശ്രയസംഘങ്ങളും റബ്ബർടാപ്പർ ഗ്രൂപ്പുകളും ഇതു പ്രയോജനപ്പെടുത്തേണ്ടതാണ്. കഴിഞ്ഞവർഷം നടന്ന അപൂർവ്വ പ്രതിഭാസംപോലെ ഈ വർഷവും 'നിലമ്പൂർ റബ്ബർവിത്തുകൾ' ലഭ്യമാകുമെന്നും വമ്പിച്ച ഡിമാന്റ് ഉണ്ടാകുമെന്നും കരുതി കാത്തിരിക്കുകയാണ് എസ്റ്റേറ്റ് തൊഴിലാളികളും സമീപവാസികളും ഇപ്പോൾ. •

# അരുണാചൽപ്രദേശ് ഗവൺമെന്റ് പ്രതിനിധികളുടെ സന്ദർശനം



*സംഘാംഗങ്ങൾ തെക്കുംമുറി റബ്ബറുത്പാദകസംഘം സന്ദർശിച്ചവേളയിലെ ദൃശ്യം*

അരുണാചൽപ്രദേശിലെ കർഷകർ ഉത്പാദിപ്പിക്കുന്ന ഷീറ്റുറബ്ബറിന്റെ ഗുണമേന്മ മെച്ചപ്പെടുത്തി കർഷകർക്ക് ഉയർന്ന വില നേടിക്കൊടുക്കാനുള്ള മാർഗങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി അരുണാചൽപ്രദേശ് ഗവൺമെന്റ് പ്രതിനിധികളായ ഹാ ഗെതാരി ഐ.ഒ.എഫ്.എസ്. ( സെക്രട്ടറി ഇൻഡസ്ട്രീസ്, ട്രേഡ് & കൊമേഴ്സ്), പ്രൊഫ. ഡോ. ഷൈലേന്ദ്ര ചൗധരി (അഡീഷണൽ മാനേജിങ് ഡയറക്ടർ, അരുണാചൽപ്രദേശ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ആന്റ് ഫിനാൻഷ്യൽ കോർപറേഷൻ ലിമിറ്റഡ്), സി.എസ്. ഗുർഹാർ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അരുണാചൽപ്രദേശ് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്) എന്നിവർ കേരളത്തിലെ സമൂഹ റബ്ബർപാൽസംസ്കരണകേന്ദ്രങ്ങൾ സന്ദർശിച്ചു. തുരുത്തിയിൽ റബ്ബേഴ്സ് (മൂന്നാംതോട്, ഈരാറ്റുപേട്ട), തെക്കുംമുറി റബ്ബറുത്പാദകസംഘം എന്നിവിടങ്ങളിലാണ് സംഘം സന്ദർശനം നടത്തിയത്.

തുരുത്തിയിൽ റബ്ബേഴ്സിന്റെ സംസ്കരണകേന്ദ്രം, ആധുനികരീതിയിലുള്ള റബ്ബർ ഷീറ്റിങ് മെഷീൻ, ടെട്രാപാൻ, ട്രോളി മോഡൽ പുകപ്പുര, മലിനീകരണരഹിത ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഉടമ റോയ് കുര്യൻ സംഘത്തിന് വിശദീകരിച്ചുകൊടുത്തു. കുറച്ച് തൊഴിലാളികളെക്കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന ട്രോളി മോഡൽ പുകപ്പുര, പൂർണമായും മണ്ണിനടിയിൽ സ്ഥാപിച്ചിരിക്കുന്ന മലിനീകരണരഹിതമായ ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ സംഘത്തിന്റെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റി. അവിടെ ഉത്പാദിപ്പിച്ച ആർ.എസ്.എസ്.1 ഗ്രേഡ് ഷീറ്റിന്റെ പ്രത്യേകതകൾ സംഘാംഗങ്ങൾ വിലയിരുത്തി.



*സംഘാംഗങ്ങൾ തുരുത്തിയിൽ റബ്ബേഴ്സിന്റെ സംസ്കരണകേന്ദ്രം സന്ദർശിക്കുന്നു*

തുടർന്ന് പാലാ റീജിയണൽ ഓഫീസിന്റെ കീഴിലുള്ള തെക്കുംമുറി റബ്ബറുത്പാദക സംഘവും സംഘാംഗങ്ങൾ സന്ദർശിച്ചു. ഉത്പാദകസംഘം പ്രസിഡന്റ് ദേവസ്യ സെബാസ്റ്റ്യനും (ബേബി), ഭരണസമിതി അംഗങ്ങളും സംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. ശാസ്ത്രീയമായ രീതിയിലുള്ള റബ്ബർപാൽ സംസ്കരണവും ഷീറ്റുനിർമാണവും സംഘാംഗങ്ങൾക്ക് കാണിച്ചുകൊടുത്തു. തുടർന്ന് സാധാരണ കർഷകർ ഉപയോഗിക്കുന്ന ഒരു ചെറിയ പുകപ്പുരയും സംഘം സന്ദർശിച്ചു. അരുണാചൽപ്രദേശിൽ സർക്കാരിന്റെ സഹായത്തോടെ ആധുനിക സമൂഹസംസ്കരണകേന്ദ്രം സ്ഥാപിക്കുന്നതിന് റബ്ബർബോർഡിൽ നിന്നും എല്ലാവിധ സാങ്കേതിക സഹായങ്ങളും നൽകണമെന്ന് സംഘം അഭ്യർത്ഥിച്ചു. റബ്ബർബോർഡിന്റെ പാലാ റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ കെ.ജി. ജോൺസൺ, കവണാർ ലാറ്റക്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിങ് ഡയറക്ടർ മാത്യു ജോസഫ്; റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ് പി.ആർ. ശിവരാമൻ, അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.എൻ. ബിജു എന്നിവർ സംഘത്തിന്റെ സന്ദർശനവേളയിൽ ഒപ്പമുണ്ടായിരുന്നു.

തയ്യാറാക്കിയത്:
ശിവരാമൻ പി.ആർ.
ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ്



ശിവരാമൻ പി.ആർ.
ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ്

# റബ്ബറിന്റെ സംരക്ഷണത്തിന് ആവരണവിളകൾ

റബ്ബർതോട്ടങ്ങളിൽ ആവരണവിളകൾ നട്ടുപിടിപ്പിക്കുന്നതു വഴി മണ്ണും ഈർപ്പവും സംരക്ഷിക്കാനും മണ്ണിന്റെ ഘടനയും ഫലപുഷ്ടിയും മെച്ചപ്പെടുത്താനും സാധിക്കുന്നു. മണ്ണിന് വളരെ നല്ല ആവരണമായി നിലകൊള്ളുന്ന ഇവ റബ്ബർ തൈകൾ നടുന്നതിനോടൊപ്പം നട്ടുപിടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇവ വളർന്നു പടർന്ന് മണ്ണിന് ആവരണമാകുകയും മഴത്തുള്ളികൾ നേരിട്ട് മണ്ണിൽ പതിക്കുന്നത് തടയുകയും അതുവഴി മണ്ണൊലിപ്പ് കുറയ്ക്കുകയും ചെയ്യുന്നു. ആവരണവിളകളുടെ ഇലകളും തണ്ടുകളും മണ്ണിൽ അഴുകിച്ചേരുമ്പോൾ മണ്ണിലെ ജൈവാംശം കൂടുകയും ഫലപുഷ്ടി വർദ്ധിക്കുകയും ചെയ്യും. വേരുപടലങ്ങൾ പടർന്ന് മണ്ണിനെ ദൃഢമായി ബന്ധിപ്പിക്കുകയും വായുസഞ്ചാരമുള്ളതാക്കുകയും ചെയ്യുന്നു. സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കുന്നത് തടയുകയും ചെയ്യും. അങ്ങനെ മണ്ണിന്റെ ചൂട് കുറയ്ക്കുന്നതിനും ഈർപ്പം നിലനിർത്തുന്നതിനും സഹായിക്കുന്നതോടൊപ്പം കളകളുടെ വളർച്ചയെ തടയുകയും ചെയ്യുന്നു. ഈ കാരണങ്ങളാൽ റബ്ബർതൈകളോടൊപ്പം ആവരണവിളകൾ കൂടി നട്ടുവളർത്തേണ്ടത് അത്യാവശ്യമാണ്.

പയർ വർഗത്തിൽപ്പെട്ട ചെടികൾ അന്തരീക്ഷത്തിലെ നൈട്രജൻ വലിച്ചെടുത്ത് വേരുകളിലുള്ള മൂലാർബുദങ്ങളിൽ (root nodules) ശേഖരിച്ച് മണ്ണിലേക്ക് നൽകുന്നു. മണ്ണിന് നല്ല ആവരണമായി വളരുന്നതിനാലും തോട്ടങ്ങളിൽ വളർത്താൻ എളുപ്പമായതിനാലും പയർവർഗത്തിൽ







പ്പെട്ട ആവരണവിളകളാണ് റബ്ബർതോട്ടങ്ങളിൽ വളർത്താൻ യോജിച്ചത്. *പ്യൂറേറിയ, മ്യൂക്കുണ, കലപ്പഗോണിയം, സെൻട്രോസീമ* എന്നിവയെല്ലാം ആവരണവിളകളായി വളർത്താവുന്നവയാണെങ്കിലും *പ്യൂറേറിയ, മ്യൂക്കുണ* എന്നിവയാണ് സാധാരണമായി ഉപയോഗിച്ചുവരുന്നത്.

### പ്യൂറേറിയ *(Pueraria phaseoloids)*

ഇന്ത്യയിലെ റബ്ബർതോട്ടങ്ങളിൽ സാധാരണമായി നട്ടുവളർത്തുന്ന ആവരണവിളയാണ് *പ്യൂറേറിയ.* ചൂടിനെ അതിജീവിക്കുന്നതിനും കളകളെ അമർച്ച ചെയ്യുന്നതിനും ഇവയ്ക്ക് പ്രത്യേക കഴിവുണ്ട്. തണ്ടുകൾ മുറിച്ചു നട്ടോ വിത്തുകൾ പാകിയോ ഇവ വളർത്താവുന്നതാണ്. ഏകദേശം മൂന്നു മുതൽ നാലര വരെ കിലോഗ്രാം വിത്തുകൾ ഒരു ഹെക്ടർ തോട്ടത്തിലേക്ക് ആവശ്യമാണ്. ഉണങ്ങിപ്പോകുമെങ്കിലും മഴക്കാലത്ത് വീണ്ടും കിളിർത്ത് മണ്ണിന് ആവരണമായി നിലനിൽക്കുന്നു. ഇവയുടെ ഇലയും തണ്ടും കന്നുകാലികൾക്ക് ആഹാരമായി ഉപയോഗിക്കുന്നു.

### മ്യൂക്കുണ *(Mucuna bracteata)*

കടുത്ത വേനലിനെപോലും പ്രതിരോധിക്കാൻ ശേഷിയുള്ള ഇനമാണിവ. ത്രിപുരയിൽ സർവ്വസാധാരണമായ ഈ ഇനം നമ്മുടെ നാട്ടിലും നന്നായി വളരുന്നു. ഇവയുടെ വളർച്ച വളരെ വേഗമായതിനാൽ ശ്രദ്ധിച്ചില്ലെങ്കിൽ റബ്ബർതൈകളിൽ ചുറ്റി പടരാനും അവയെ നശിപ്പിക്കാനും സാധ്യതയുണ്ട്. സാധാരണ വിത്തുകൾ പാകിയാണ് കിളിർപ്പിക്കുന്നത്. ഒരു തോട്ടത്തിലേക്ക് ഏകദേശം 200 ഗ്രാം വിത്തുകൾ ആവശ്യമാണ്. കരുത്തുള്ള തൈകളുടെ വള്ളികളിൽ നിന്ന് രണ്ടോ മൂന്നോ മുട്ടുകളുള്ള തണ്ടുകൾ മുറിച്ചെടുത്ത് കൂടകളിലാക്കിയും വളർത്താവുന്നതാണ്. കൂടയിൽ 50 ഗ്രാം ഉണക്കിപ്പൊടിച്ച ചാണകവും മണ്ണിനോടൊപ്പം ചേർക്കണം. വളരെ വേഗം വളർന്ന് തോട്ടം മുഴുവൻ ആവരണമാകുന്ന ഇവ കളകളെ അമർച്ച ചെയ്യും. സാധാരണ വേനൽക്കാലത്ത് ഇവ ഉണങ്ങി നശിക്കാറില്ല.

ആവരണവിളകളുടെ വിത്തുകളുടെ തോടിന് കട്ടി കൂടുതലായതിനാൽ നടുന്നതിന് മുൻപ് ചില പരിചരണങ്ങൾ നൽകി വിത്തുകളെ പാകപ്പെടുത്തേണ്ടതാണ്.

### ആസിഡ് പരിചരണം

ഗാഢ സൾഫ്യൂരിക്ക് ആസിഡിൽ വിത്തുകൾ കുതിർത്താൽ തോടുകളുടെ കട്ടി കുറയുകയും കിളിർക്കുന്ന വിത്തുകളുടെ എണ്ണം വർധിക്കുകയും ചെയ്യും. ഒരു ഗ്ലാസ്പാത്രത്തിൽ വിത്തുകൾ എടുത്ത് അവ മുങ്ങിക്കിടക്കുവോളം ഗാഢ സൾഫ്യൂരിക്ക് ആസിഡ് ഒഴിക്കണം. *പ്യൂറേറിയ* വിത്തുകൾ10 മിനിറ്റും മ്യൂക്കുണ വിത്തുകൾ 30 മിനിറ്റും ആസിഡിൽ മുങ്ങിക്കിടക്കണം. ഇടയ്ക്ക് ഇളക്കിക്കൊടുക്കേണ്ടതാണ്. നടുന്നതിന് മുമ്പായി വിത്തുകൾ വെള്ളത്തിൽ നന്നായി കഴുകി ആസിഡിന്റെ അംശം പൂർണമായും നീക്കണം.

### ചൂടുവെള്ളം ഉപയോഗിച്ചുള്ള പരിചരണം

സാധാരണമായി *പ്യൂറേറിയ* വിത്തുകൾക്കാണ് ഈ രീതി ഉപയോഗിക്കുന്നത്. ആവശ്യമുള്ള വിത്തുകൾ ഒരു പാത്രത്തിൽ എടുത്ത് 60–80 ഡിഗ്രി സെന്റീഗ്രേഡ് ചൂടുള്ള വെള്ളം ഒഴിച്ച് നാലഞ്ചു മണിക്കൂർ വിത്തുകൾ മുക്കിയിടണം.

### ഉരയ്ക്കൽ രീതി

താരതമ്യേന കട്ടി കൂടുതലുള്ള *മ്യൂക്കുണ* വിത്തുകൾക്കാണ് ഈ രീതി ഉപയോഗിക്കുന്നത്. ഒന്നോ രണ്ടോ ഇരട്ടി മണലുമായി ചേർത്ത് ഉരലിലോ മറ്റോ ഇട്ട് ചെറുതായി ഇടിക്കുന്നതാണ് ഒരു രീതി. സാൻഡ് പേപ്പർ ലൈനിങ് ഉള്ള ഡ്രമ്മിൽ ഇട്ടു കറക്കുന്നതാണ് മറ്റൊരു രീതി. വിത്തുകൾ ഓരോന്നെടുത്ത് സാൻഡ് പേപ്പറിലോ പരുപരുത്ത സിമന്റ് തറയിലോ ഉരച്ചുള്ള പരിചരണവുമുണ്ട്. വിത്തുചേരുന്ന കറുത്ത പാടുള്ള ഭാഗത്തിന്റെ എതിർവശം വേണം ഉരയ്ക്കാൻ. ഉരച്ചശേഷം പാകുന്നതിനു മുമ്പായി ഒരു രാത്രി സാധാരണ വെള്ളത്തിൽ മുക്കിയിടണം.

### നടീൽ

റബ്ബർതൈകളുടെ നിരകൾക്കിടയിൽ കളകൾനീക്കി തടമെടുത്തശേഷം പരിചരണം നടത്തിയ വിത്തുകൾ തുല്യമായ അളവിൽ റോക്ക്ഫോസ്ഫേറ്റുമായി ചേർത്ത് നടാവുന്നതാണ്. ആറുമാസം വരെയുള്ള കാലയളവിൽ ആവരണവിളയുടെ ചുറ്റും കളയെടുപ്പ് നടത്തണം.

### വളപ്രയോഗം

റോക്ക് ഫോസ്ഫേറ്റോ റോക്ക് ഫോസ്ഫേറ്റും മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും ചേർന്ന മിശ്രിതമോ വളമായി ഉപയോഗിച്ചാൽ ആവരണവിള പെട്ടെന്ന് വേരുപിടിക്കുകയും നൈട്രജൻ സംഭരിക്കാനുള്ള കഴിവ് വർദ്ധിക്കുകയും ചെയ്യും. ഒരു ഹെക്ടർ സ്ഥലത്തെ ആവരണവിളയ്ക്ക് 165 കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ് രണ്ടു തുല്യതവണകളായി ചേർത്തു കൊടുത്താൽ മതി. വിത്തുപാകി ഒരു മാസം കഴിഞ്ഞ് ആദ്യവളപ്രയോഗം നടത്താം. അതിനുശേഷം രണ്ടുമാസത്തിനുശേഷം രണ്ടാംതവണത്തെ വളം ചേർത്തുകൊടുക്കാവുന്നതാണ്. പൊട്ടാസ്യത്തിന്റെ അളവ് കുറവായിട്ടുള്ള സ്ഥലങ്ങളിൽ 165 കിലോഗ്രാം റോക്ക് ഫോസ്ഫേറ്റിനോടൊപ്പം 50 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും ആവരണവിള നട്ടിരിക്കുന്ന തടങ്ങളിൽ വിതറിയാൽ മതിയാകും. •



സജി മാത്യു
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# സംഘങ്ങൾക്ക് വേണം രണ്ടാംനിര നേതൃത്വം

റബ്ബർകൃഷിയുമായി ബന്ധപ്പെട്ട് സസ്യപരിപാലനം, സംസ്കരണം, വിപണനം തുടങ്ങിയ കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് നിസ്തുലമായി പ്രവർത്തിച്ചുവരുന്ന കർഷകക്കൂട്ടായ്മകളാണ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന റബ്ബറുത്പാദകസംഘങ്ങൾ (ആർ.പി.എസ്.). ഇന്ത്യയിൽ മൊത്തം 2570 സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. റബ്ബർകൃഷിയുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങളോടൊപ്പം കേരളത്തിൽ സംസ്ഥാനസർക്കാരിന്റെ വിലസ്ഥിരതാപദ്ധതി കൂടി ഏറ്റെടുത്ത് ഈ സംഘങ്ങൾ നടപ്പാക്കുന്നുണ്ട്. റബ്ബർകർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം കിട്ടുന്നതിന് സംഘങ്ങളുടെ പ്രവർത്തനം ഏറെ സഹായകമാണ്. ഇന്ത്യയിലെ മറ്റ് കർഷകക്കൂട്ടായ്മകൾക്ക് അനുവർത്തിക്കാവുന്ന മാതൃകാപരമായ പ്രവർത്തനങ്ങളാണ് റബ്ബറുത്പാദകസംഘങ്ങളുടേത്. റബ്ബർകൃഷിക്ക് വേണ്ടി മാത്രം രൂപവത്കരിക്കപ്പെട്ടവയാണെങ്കിലും മറ്റു കൃഷികൾക്ക് കൂടി പ്രയോജനം ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് അവ ഏറ്റെടുത്ത് നടപ്പാക്കുന്നത്. കർഷകക്കൂട്ടായ്മകൾക്ക് സമൂഹത്തിൽ ഉണ്ടാക്കാൻ കഴിയുന്ന മാറ്റങ്ങളെക്കുറിച്ച് ഒരു പഠനം നടത്തിയാൽ സംഘങ്ങളുടെ പങ്ക് പ്രത്യേകം പരാമർശിക്കപ്പെടുമെന്നത് തീർച്ചയാണ്.

കൃത്യമായ നിയമാവലിയുടെ പിൻബലത്തിലാണ് സംഘങ്ങൾ പ്രവർത്തിക്കുന്നത്. പ്രസിഡന്റും വൈസ് പ്രസിഡന്റും അഞ്ച് കമ്മിറ്റിയംഗങ്ങളും റബ്ബർബോർഡ് പ്രതിനിധിയും അടങ്ങുന്ന ഭരണസമിതിയാണ് സംഘങ്ങൾക്കുള്ളത്. പ്രവർത്തന റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട് എന്നിവ ഓരോ വർഷവും സമർപ്പിക്കുകയും പൊതുയോഗത്തിന്റെ അംഗീകാരം നേടിയെടുക്കുകയും ചെയ്യണം. സംസ്ഥാനസർക്കാരുകളിൽ നിന്ന് ലഭിക്കുന്ന രജിസ്ട്രേഷൻ എല്ലാ വർഷവും പുതുക്കുകയും ചെയ്യേണ്ടതുണ്ട്. നിയമാവലി നിഷ്കർഷിക്കുന്ന ഇത്തരം നിബന്ധനകൾ സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നു.

ഒരു ഘട്ടത്തിൽ സമൂഹസംസ്കരണം എന്ന ആശയം ഏറ്റെടുത്തുകൊണ്ട് പല സംഘങ്ങളും ഗുണമേന്മയുള്ള ഷീറ്റുനിർമാണത്തിലേക്ക് തിരിഞ്ഞു. പക്ഷേ, ചിട്ടയായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സമൂഹസംസ്കരണം കാര്യമായി തുടരാൻ ചില സംഘങ്ങൾക്ക് കഴിഞ്ഞില്ല. സംഘങ്ങളുടെ ഭാരിച്ച ഉത്തരവാദിത്വം തുടർന്നുകൊണ്ടുപോകാനാകാതെ അവയിൽ ചിലതൊക്കെ പ്രവർത്തനരഹിതമായി മാറി. സമൂഹസംസ്കരണത്തിൽ നിന്ന്



പിന്തിരിഞ്ഞതോടെ ഇങ്ങനെയുള്ള സംഘങ്ങളിൽ കർഷകർക്ക് വേണ്ടിയുള്ള അടിസ്ഥാനപ്രവർത്തനങ്ങൾ പലതും നിലച്ചുപോയി. സംഘങ്ങളുടെ പ്രവർത്തനം മന്ദീഭവിക്കുന്നതിന് പല കാരണങ്ങളുണ്ട്. ഓരോ പ്രദേശത്തിന്റെയും സവിശേഷമായ സാഹചര്യങ്ങൾക്കനുസരിച്ച് പരിഹാരങ്ങൾ കാണുക എന്നതിനാണ് പ്രാധാന്യം.

സംഘങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഏറ്റവും പ്രാധാന്യമുള്ള വിഷയം അവയുടെ നേതൃത്വമാണ്. മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ കർഷകരുടെ പ്രതീക്ഷയ്ക്ക് അനുസരിച്ച് സംഘങ്ങളെ മുന്നോട്ട് നയിക്കുന്ന പ്രസിഡന്റുമാരും ഭരണസമിതിയുമുള്ള കൂട്ടായ്മകൾ നിരവധിയാണ്. എന്നിരുന്നാലും ചില സംഘങ്ങളിൽ നേതൃത്വത്തിന് സംഭവിക്കുന്ന പിഴവുകൾ യഥാസമയം തിരുത്തപ്പെടാതിരിക്കുന്നത് സംഘങ്ങളുടെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നതിനും ക്രമേണ പ്രവർത്തനം നിലച്ചുപോകുന്നതിനും അതുവഴി കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതിനും കാരണമായിട്ടുണ്ട്.



ഇങ്ങനെയുള്ള സംഘങ്ങളെ പിന്നീട് എത്ര ശ്രമിച്ചാലും പുനരുജ്ജീവിപ്പിക്കുക എളുപ്പമല്ല. അംഗങ്ങളായ കർഷകരുടെ വിശ്വാസം നഷ്ടപ്പെടുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇങ്ങനെ പ്രവർത്തനം നിലച്ചുപോയ പല സംഘങ്ങളുടെയും ചരിത്രം പരിശോധിച്ചാൽ പലപ്പോഴും പ്രധാനപ്പെട്ട പല തീരുമാനങ്ങളുമെടുത്തത് ഭൂരിപക്ഷ അഭിപ്രായപ്രകാരമല്ലായിരുന്നു എന്ന് മനസ്സിലാക്കാം. അംഗങ്ങളായ കർഷകരുടെ താത്പര്യമില്ലായ്മയാണ് മറ്റൊരു കാരണം. പലവിധ സാഹചര്യങ്ങൾ കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ആകസ്മികമായുണ്ടാകാവുന്ന ഇത്തരം പിഴവുകളെ മറികടക്കാൻ ബോധപൂർവമായ ശ്രമം ഭരണസമിതിയുടെയും അംഗങ്ങളുടെയും ഭാഗത്തുനിന്ന് ഉണ്ടായാൽ പല സംഘങ്ങളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിയും.

സംഘങ്ങളുടെ ഭരണസമിതിയുടെ കാലാവധി മൂന്ന് വർഷമാണ്. പൊതുയോഗം അംഗീകരിക്കുന്നപക്ഷം ഭരണസമിതിക്ക് തുടരാവുന്നതാണ്. നേതൃമാറ്റത്തിലൂടെ മാത്രമേ ഒരു സംഘത്തിന് മുന്നോട്ടുപോകാനാകുകയുള്ളൂ എന്നു ബോധ്യപ്പെട്ടാൽ അതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും വേണം. റബ്ബറുത്പാദകസംഘങ്ങളിൽ എപ്പോഴും ഒരു രണ്ടാംനിര നേതൃത്വം ആവശ്യമാണ്. ആകസ്മികമായി ഭരണസമിതിക്ക് മാറ്റം വന്നാൽ അത്തരം സാഹചര്യങ്ങളെ നേരിടാൻ ഒരു രണ്ടാംനിര നേതൃത്വം ആവശ്യമാണ്.

സാധ്യമെങ്കിൽ പുതുതലമുറയിൽപെട്ട യുവാക്കളായ കർഷകരെ ഭരണസമിതിയിലേക്കോ പ്രസിഡന്റ് പദവിയിലേക്കോ ഒക്കെ കൊണ്ടുവരുന്നതിനുള്ള ഒരു കരുതലുണ്ടാകുന്നത് നല്ലതാണ്. അവർക്ക് ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് ഉചിതമായ സന്ദർഭത്തിൽ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കാനുള്ള അവസരമുണ്ടാക്കണം. യുവജനങ്ങളെ ഉത്പാദകസംഘങ്ങളുടെ ഭരണസമിതിയിൽ കൂടുതലായി ഉൾപ്പെടുത്തണമെന്ന് റബ്ബർബോർഡിന്റെ കഴിഞ്ഞവർഷത്തെ കാംപെയ്ൻ വിഷയങ്ങളിൽ പ്രത്യേകം ഊന്നിപ്പറഞ്ഞിരുന്നു. പ്രായമായ കർഷകരുടെ അനുഭവജ്ഞാനത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് യുവാക്കളെ കൃഷിയിലേക്കും ഉത്പാദകസംഘത്തിന്റെ പ്രവർത്തനങ്ങളിലേക്കും എത്തിക്കുക എന്നതായിരുന്നു കാംപെയ്നിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.

ഏതെങ്കിലും ഒരു ഉത്പാദകസംഘത്തിന്റെ ഭരണസമിതിയിൽ മാറ്റങ്ങൾ ആവശ്യമായി വരുമ്പോൾ സംഘത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം അറിയുന്ന ഒരു രണ്ടാംനിര നേതൃത്വം ഉണ്ടെങ്കിൽ കാര്യങ്ങൾ എളുപ്പമായിരിക്കും. അതിനുള്ള ശ്രമങ്ങൾ എല്ലാ സംഘങ്ങളിലും ഉണ്ടാകണം. •







ജെ. ദയാ ബായി
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# ‘മൺസൂൺ മഷ്റൂംസി’ന്റെ വിജയഗാഥ

റബ്ബർകർഷകർക്ക് അധികവരുമാനം നേടാൻ സഹായിക്കുന്ന ഒന്നാണ് കൂൺകൃഷി. റബ്ബർബോർഡിന്റെ തലശ്ശേരി റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള റബ്ബറുത്പാദക സംഘങ്ങൾ വഴി ഈ വർഷം കൂൺകൃഷിയിൽ ഏഴ് പരിശീനലപരിപാടികൾ നടത്തുകയുണ്ടായി. പരിശീലനപരിപാടികളിൽ 231 കർഷകർ പങ്കെടുത്തു. ഇതിൽ 40 പേർ കൂൺകൃഷി തുടങ്ങുകയും ചെയ്തു.

കണ്ണൂർജില്ലയിലെ ഇരിട്ടി പുന്നാട് സ്വദേശി രാഹുൽ ഗോവിന്ദ് ആയിരുന്നു കൂൺകൃഷിയിൽ പരിശീലനം നൽകിയത്. രാഹുൽ ഗോവിന്ദിന്റെ പിതാവ് പി.എം. ഗോവിന്ദൻ നമ്പ്യാർ ഇരിട്ടി റബ്ബറുത്പാദകസംഘത്തിലെ അംഗമാണ്. അതുവഴിയാണ് രാഹുലിന്റെ ‘ഹൈടെക്’ കൂൺകൃഷി ഫാം സന്ദർശിക്കാനും പരിശീലനത്തിന് അദ്ദേഹത്തിന്റെ സേവനം ലഭിക്കാനും ഇടയായത്.

2023-ലെ ‘മില്ലെനിയർ ഫാർമർ ഓഫ് ഇന്ത്യ’ ദേശീയ അവാർഡിന് അർഹനായ വ്യക്തിയാണ് രാഹുൽ ഗോവിന്ദ്. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസേർച്ച് ആണ് അദ്ദേഹത്തെ അവാർഡിനായി ശുപാർശ ചെയ്തത്. 2016-ൽ നാട്ടിൽ തുടങ്ങിയ ഒരു കുടുംബശ്രീ യൂണിറ്റിൽ രാഹുലിന്റെ അമ്മ രമാദേവി അംഗമായതിനെത്തുടർന്ന് കൂൺകൃഷിയെക്കുറിച്ച് ചില കാര്യങ്ങൾ മനസ്സിലാക്കാൻ അദേഹത്തിന് ഇടയായിരുന്നു. അതിൽനിന്നാണ് കൂൺകൃഷി എന്ന ആശയം മർച്ചന്റ് നേവിയിൽ ജൂനിയർ ഓഫീസറായി ജോലി ചെയ്തിരുന്ന രാഹുലിന്റെ മനസ്സിൽ ഉദിച്ചത്. അത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു പുതിയ അദ്ധ്യായത്തിന് തുടക്കം കുറിക്കുകയായിരുന്നു.

തുടക്കത്തിൽ ഒരു കൗതുകത്തിന് 100 ബെഡ്ഡിലാണ് കൂൺകൃഷി തുടങ്ങിയത്. ഒരു വർഷം കൊണ്ട് അത് ഗൗരവമായി എടുത്തു. കണ്ണൂർ കൃഷിവിജ്ഞാനകേന്ദ്രത്തിലെ ഡയറക്ടറായ ഡോ. ജയരാജിന്റെ പ്രോത്സാഹനവും കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്ന് ലഭിച്ച



റബ്ബർബോർഡിന്റെ തലശ്ശേരി റീജിയണൽ ഓഫീസിലെ ഡെവലപ്മെന്റ് ഓഫീസർ കെ. ഹരിദാസും (ഇടത്ത്) ലേഖികയും രാഹുൽ ഗോവിന്ദിനൊപ്പം അദ്ദേഹത്തിന്റെ 'ഹൈടെക്' ഫാമിൽ

പരിശീലനവും ഈ മേഖലയിൽ ഒരു സംരംഭകനാൻ അദ്ദേഹത്തിന് പ്രചോദനം നൽകി. അതിനെത്തുടർന്നാണ് 'മൺസൂൺ മഷ്റൂംസ്' എന്ന ബ്രാൻഡ് യാഥാർത്ഥ്യമായത്. 'മൺസൂൺ മഷ്റൂംസ്' എന്ന ബ്രാൻഡിൽ കൂൺ അച്ചാറുകൾ, കൂൺസൂപ്പ് പൊടി തുടങ്ങിയവയെല്ലാം ഇന്ന് ജില്ലയിലെല്ലായിടത്തും പ്രചാരത്തിലുണ്ട്. രാഹുലിന്റെ അഭിപ്രായത്തിൽ ഒരു സെന്റ് സ്ഥലത്ത് 2500 കൂൺബെഡുകൾ വെയ്ക്കാനാകും. ഒരു 'ഹൈടെക്' ഫാമിന് 4-5 ലക്ഷം രൂപ വരെ ചെലവ് വരും. ഒരു കൂൺബെഡ്ഡിൽ നിന്ന് 4 -5 വിളവുകളിലായി ഒരു കിലോഗ്രാം കൂൺ ലഭിക്കും. ഇന്ന് 100 ഗ്രാം തൂക്കമുള്ള ഒരു പാക്കറ്റ് കൂണിന്റെ വില 50 രൂപയാണ് .

കേരളത്തിൽ വർഷങ്ങളായി കൂൺകൃഷിക്ക് ഉപയോഗിക്കുന്ന മാധ്യമമായ വൈക്കോലിനുപകരം എളുപ്പത്തിലും സൗകര്യത്തിലും ഉപയോഗിക്കാനാവുന്ന 'മഷ്പെല്ലറ്റ്', പോളിപ്രൊപ്പലിൻ കവറുകൾ മുതൽ കൂൺകൃഷിയുമായി ബന്ധപ്പെട്ട സകല സാമഗ്രികളുടെയും വിതരണം, ഹൈടെക് ഫാമുകളുടെ നിർമാണം, ഓൺലൈനായും അല്ലാതെയുമുള്ള കൂൺകൃഷി ക്ലാസ്സുകൾ തുടങ്ങിയ സേവനങ്ങൾ രാഹുൽ നൽകിവരുന്നു. കേരളത്തിലുടനീളമുള്ള 2500-ഓളം കർഷകർ രാഹുലിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

വെല്ലുവിളികൾക്കിടയിൽ പതറാതെ കഠിനമായി അധ്വാനിച്ചും മറ്റുള്ളവരിൽ നിന്ന് നല്ല മാർഗനിർദ്ദേശങ്ങൾ സ്വീകരിച്ചുമാണ് ചെറിയ ഒരു കർഷകനിൽ നിന്ന് മികച്ച ഒരു സംരംഭകനായി രാഹുൽ മാറിയത്.

*രാഹുൽ ഗോവിന്ദിന്റെ ഫോൺ നമ്പർ - 9895912836.* •

## കൊതുകുകളെ നിയന്ത്രിക്കുക; പകർച്ചപ്പനി തടയുക



മഴക്കാലത്ത് മാരകരോഗങ്ങൾ പരത്തുന്ന കൊതുകുകൾ പെരുകുക സാധാരണമാണ്. മരപ്പൊത്തുകളിലും ചെറിയ അടപ്പുകളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽപ്പോലും കൊതുകുകൾ പെരുകാം. ശ്രദ്ധിച്ചില്ലെങ്കിൽ ചിരട്ടകളിലും റെയിൻഗാർഡുകളുടെ മടക്കുകളിലും പശയുടെ ടിന്നുകളിലും ഒക്കെ വെള്ളം കെട്ടിനിൽക്കാം. കൊതുകിന്റെ ഉപദ്രവം ഏറ്റവും കൂടുതൽ നേരിടേണ്ടിവരുന്നത് ടാപ്പിങ്തൊഴിലാളികളാണ്.

- കൊതുകുകൾ പരത്തുന്ന ചിക്കുൻഗുനിയയ്ക്കും ഡെങ്കിപ്പനിക്കുമെതിരെ ജാഗ്രത പുലർത്തുക.
- വീടും പരിസരവും വെള്ളം കെട്ടിക്കിടക്കാത്തവിധം വൃത്തിയായി സൂക്ഷിക്കുക.
- പറമ്പിൽ ഉപേക്ഷിച്ച ചിരട്ടകൾ, പ്ലാസ്റ്റിക്കുകൾ, പാത്രങ്ങൾ, ടിന്നുകൾ, ടയറുകൾ, ബാരലുകൾ തുടങ്ങിയവ നീക്കം ചെയ്യുക.
- ജലസംഭരണികൾ കൊതുകു കടക്കാത്തവിധം മൂടുക.
- റബ്ബർപാൽ എടുത്തശേഷം ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- ടാപ്പിങ് നിർത്തിവച്ച തോട്ടങ്ങളിലും ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- വെള്ളം കെട്ടിനിൽക്കാതെ റെയിൻഗാർഡ് ശരിയായി താഴ്ത്തിയിടുക.
- മഴവെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യങ്ങൾ റബ്ബർതോട്ടങ്ങളിൽ ഇല്ലെന്ന് ഉറപ്പുവരുത്തുക.
- വീട്ടിലെ പൂപ്പാത്രങ്ങളിലും പൂപ്പാത്രങ്ങൾ വയ്ക്കുന്ന പാത്രങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.

*പൊതുതാൽപര്യാർത്ഥം റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്നത്.*

# GOLDEN TOUCH®



**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)
**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH® – ALUMINIUM DISH**
**GOLDEN TOUCH® – FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**
N.B.: Available at : Rubber Board Companies & Rubber Marketing Societies

*Packed & Marketed By*

Estd. 1991

*Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com



# കോൾ സെന്ററിൽനിന്ന്...

റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് വ്യവസായവകുപ്പിൽ നിന്നുള്ള ധനസഹായപദ്ധതികൾ' എന്ന വിഷയത്തിൽ കേരള സർക്കാരിന്റെ വ്യവസായവകുപ്പിലെ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ എസ്.റ്റി. ശരത് ലാൽ, 'പുകപ്പുരകളുടെ നിർമാണവും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള മാർഗങ്ങളും' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ (എഞ്ചിനീയറിങ്) റ്റോംസൺ ഫ്രാൻസിസ്, 'പ്രാദേശികമായി യോജിച്ച റബ്ബറിനങ്ങൾ' എന്ന വിഷയത്തിൽ റബ്ബർഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. റ്റി. ഗിരീഷ്, 'സെൻട്രൽ വുഡ്സ് ടെസ്റ്റിങ് ലബോറട്ടറി നൽകുന്ന സേവനങ്ങൾ' എന്ന വിഷയത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ റബ്ബർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ട്രെയിനിങ്ങിന്റെ ഡെപ്യൂട്ടി ഡയറക്ടർ (ഇൻ-ചാർജ്) ജി. ഉമാശങ്കർ എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് വ്യവസായവകുപ്പിൽ നിന്നുള്ള ധനസഹായപദ്ധതികൾ

1. ***റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് വ്യവസായവകുപ്പിൽ നിന്നുള്ള ധനസഹായപദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ?***

   റബ്ബറുത്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകൾക്ക് സംരംഭകത്വസഹായപദ്ധതി (ESS - Entrepreneur Support Scheme) വഴി ധനസഹായം ലഭിക്കുന്നതാണ്. സ്ഥിരനിക്ഷേപങ്ങളായ സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ, വൈദ്യുതീകരണം, ഓഫീസ് ഉപകരണങ്ങൾ, ടെസ്റ്റിങ് ഉപകരണങ്ങൾ, മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ, ജനറേറ്റർ എന്നിവയുടെ മിനിമം 15 മുതൽ 35 വരെ ശതമാനം (പരമാവധി 40 ലക്ഷം രൂപ) സബ്സിഡിയായി നൽകും. കേന്ദ്രഗവൺമെന്റ് പദ്ധതിയായ പി.എം.ഇ.ജി.പി. (Prime Ministers Employment Generation Programme) പ്രകാരം സംരംഭം തുടങ്ങുന്നതിന് പരമാവധി 35 ശതമാനം വരെ തുക ധനസഹായമായി ലഭിക്കുന്നതാണ്.

2. ***റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ വ്യവസായവകുപ്പിൽ അപേക്ഷിക്കേണ്ടതെങ്ങിനെയാണ്?***

   പി.എം.ഇ.ജി.പി. പദ്ധതിയിൽ kviconline.gov.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്. യന്ത്രസാമഗ്രികളുടെ ക്വട്ടേഷൻ, പ്രോജക്ട് റിപ്പോർട്ട്, ഫോട്ടോ; റേഷൻ കാർഡ്, ആധാർ കാർഡ്, എസ്.എസ്.എൽ.സി. ബുക്ക് എന്നിവയുടെ പകർപ്പ്, റൂറൽ ഏരിയ സർട്ടിഫിക്കറ്റ് എന്നിവ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ അപേക്ഷ പൂർത്തിയാക്കാവുന്നതാണ്. പഞ്ചായത്തുതലത്തിൽ എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരുടെയും ബ്ലോക്കുതലത്തിൽ വ്യവസായ ഓഫീസർമാരുടെയും സേവനം ഇതിനായി ഉപയോഗിക്കാവുന്നതാണ്.



*എസ്.റ്റി. ശരത് ലാൽ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

3. ***വ്യവസായങ്ങൾ തുടങ്ങാൻ വായ്പാസൗകര്യം ലഭിക്കുമോ?***
വ്യവസായവകുപ്പിന്റെ ഭൂരിപക്ഷം പദ്ധതികളും ബാങ്കുവായ്പയുമായി ബന്ധിപ്പിച്ചതാണ്. ആനുപാതികമായ സബ്സിഡി വ്യവസായവകുപ്പ് വഴി നൽകി വരുന്നു. കൂടാതെ, ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനായി താലൂക്ക് വ്യവസായ ഓഫീസുകൾ വഴി ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ടും (T.F.R.) നൽകി വരുന്നു.

4. ***റബ്ബർഷീറ്റ് സംസ്കരണവും മൂല്യവർധനയുമായി ബന്ധപ്പെട്ട് റബ്ബർറോളറുകൾ വാങ്ങുന്നതിനും പുകപ്പുര നിർമിക്കുന്നതിനും വ്യവസായവകുപ്പിൽ നിന്നും ധനസഹായം ലഭിക്കുമോ?***
കേന്ദ്രഗവൺമെന്റ് പദ്ധതിയായ 'പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി' വഴി റബ്ബർ റോളറുകൾ വാങ്ങാനും പുകപ്പുര നിർമിക്കാനുമായി പരമാവധി 35 ശതമാനം വരെ തുക ധനസഹായമായി ലഭിക്കുന്നതാണ്. ഇതിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5. ***വ്യവസായവകുപ്പിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നതിനുള്ള മുൻഗണനാക്രമം എങ്ങനെയാണെന്ന് വിശദീകരിക്കാമോ?***
ഓരോ പദ്ധതിക്കുമുള്ള മുൻഗണനാക്രമം വ്യത്യസ്തമാണ്. പൊതുവെ പറഞ്ഞാൽ വനിതകൾ, പട്ടികജാതി/പട്ടികവർഗക്കാർ, ഒ.ബി.സി. വിഭാഗക്കാർ, ഭിന്നശേഷിക്കാർ, ക്രിസ്ത്യൻ/ മുസ്ലിം ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരെല്ലാം മുൻഗണനാവിഭാഗത്തിൽ ഉൾപെടുന്നു.

6. ***സാമ്പത്തികസഹായ ലഭ്യതയ്ക്കായി പഞ്ചായത്തുതലത്തിലുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ് ?***
വ്യവസായവകുപ്പിന്റെ കീഴിൽ പഞ്ചായത്തുതലത്തിൽ എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിനും അതുപോലെ ലൈസൻസും അവയുടെ ക്ലിയറൻസുമായി ബന്ധപ്പെട്ട സേവനങ്ങൾ സംരംഭകർക്ക് കൊടുക്കുന്നതിനും എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരുടെ സേവനം പ്രയോജനപ്പെടുത്താം.

## പുകപ്പുരകളുടെ നിർമാണവും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള മാർഗങ്ങളും

1. ***റബ്ബർഷീറ്റുകൾ പുകപ്പുരയിൽ ഉണക്കേണ്ടതിന്റെ ആവശ്യകത എന്താണ്?***
റബ്ബർഷീറ്റ് പുകച്ചുണങ്ങിയെങ്കിൽ മാത്രമേ റിബ്ഡ് സ്മോക്ഡ് ഷീറ്റ് (Ribbed Smoked Sheet - R.S.S.) ആയി ഗ്രേഡ് ചെയ്യാനാവുകയുള്ളൂ. പുകയിൽ അടങ്ങിയിരിക്കുന്ന ക്രയോസോട്ടിക് പദാർത്ഥങ്ങൾ പൂപ്പൽ പിടിക്കുന്നതിനെ തടയുന്നതിനാൽ പുകച്ചുണങ്ങിയ ഷീറ്റുകൾ കൂടുതൽകാലം സൂക്ഷിച്ചുവെയ്ക്കാനാകും.

2. ***പുകപ്പുരനിർമാണത്തിന് സ്ഥലം തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?***
മഴക്കാലത്ത് ഉറവയും വെള്ളക്കെട്ടും ഉണ്ടാകുന്ന സ്ഥലങ്ങൾ പുകപ്പുരനിർമാണത്തിന് യോജിച്ചതല്ല. ഒരു കാരണവശാലും പുക പുറന്തള്ളുന്നതിനുള്ള വാതായനങ്ങൾ സ്ഥിരമായി കാറ്റ് വീശുന്നതിനഭിമുഖമായി വരുന്ന വിധത്തിൽ നിർമിക്കരുത്. പുകപ്പുരകൾ നിർമിക്കുന്നത് ഷീറ്റടിക്കുന്നതിനുള്ള മെഷീൻ വച്ചിരിക്കുന്ന ഷെഡ്ഡിനോട് ചേർന്നാകുന്നതാണ് നല്ലത്. വിറക് നനയാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കണം.



*റ്റോംസൺ ഫ്രാൻസിസ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

3. ***പുകപ്പുരയുടെ വലുപ്പം നിർണയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?***
ദിവസവും ലഭിക്കുന്ന ഷീറ്റുകളുടെ എണ്ണത്തിന്റെ അഞ്ചിരട്ടി ഷീറ്റുകൾ ഉൾക്കൊള്ളത്തക്ക വലിപ്പമുള്ള പുകപ്പുരകളാണ് നിർമിക്കേണ്ടത്. ഉദാഹരണത്തിന് പ്രതിദിനം 40 ഷീറ്റുകളാണ് കിട്ടുന്നതെങ്കിൽ പുകപ്പുര 200 ഷീറ്റുകൾ ഇടാൻ തക്ക വലുപ്പമുള്ളതായിരിക്കണം.

4. ***ഏതൊക്കെ തരം ചൂളകളാണ് പ്രധാനമായും പുകപ്പുര നിർമാണത്തിൽ ഉപയോഗിക്കുന്നത്? 'റെഡിമെയ്ഡ്' ചൂളകൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ്?***
പരമ്പരാഗതരീതിയിൽ ചുടുകട്ടയും സിമന്റും ഉപയോഗിച്ച് നിർമിക്കുന്ന ചൂളകളും കാസ്റ്റ് ഇരുമ്പിലും കോൺക്രീറ്റിലും നിർമിക്കുന്ന റെഡിമെയ്ഡ് ചൂളകളും പുകപ്പുരനിർമാണത്തിന് ഉപയോഗിക്കുന്നു. കാസ്റ്റ് ഇരുമ്പിൽ നിർമിക്കുന്ന ചൂളകൾ കൂടുതൽ കാലം ഈടുനിൽക്കുന്നവയാണ്.

5. ***മൈൽഡ് സ്റ്റീൽ ഷീറ്റുകൊണ്ട് നിർമിതമായ റെഡിമെയ്ഡ് പുകപ്പുരകൾ എത്രനാൾ ഈടു നിൽക്കും? പരമ്പരാഗതരീതിയിൽ നിർമിക്കുന്നവയിൽനിന്ന് ഇതിനുള്ള മെച്ചം എന്തൊക്കെയാണ് ?***
മൈൽഡ് സ്റ്റീൽ ഷീറ്റുകൊണ്ട് നിർമിക്കുന്ന അലമാര പോലുള്ള റെഡിമെയ്ഡ് പുകപ്പുരകളിൽ 8 വർഷം വരെ ചൂളയും 15 വർഷം വരെ പുകയറയും കേടുകൂടാതെ ഉപയോഗിക്കാൻ കഴിയും. പ്രതിദിനം 20 മുതൽ 30 വരെ ഷീറ്റുകൾ ഉത്പാദിപ്പിക്കുന്ന ചെറുകിടകർഷകർക്ക് അലമാരപോലെയുള്ള പുകപ്പുരകൾ ആയിരിക്കും ഉചിതം. പരമ്പരാഗതരീതിയിൽ നിർമിക്കുന്ന പുകപ്പുരകളെ അപേക്ഷിച്ച് പകുതി ചെലവ് മാത്രമേ റെഡിമെയ്ഡ് പുകപ്പുരകൾ വാങ്ങുന്നതിന് വരുന്നുള്ളൂ.

6. ***ഇഷ്ടികയോ വെട്ടുകല്ലോ കൊണ്ട് നിർമിച്ച പുകപ്പുരയുടെ ഭിത്തി സിമന്റുപയോഗിച്ച് തേയ്ക്കേണ്ട ആവശ്യമുണ്ടോ?***

പുകപ്പുരയുടെ പുറംഭിത്തി തേയ്ച്ചില്ലെങ്കിലും ഉൾഭിത്തി നിർബന്ധമായും സിമന്റ് ഉപയോഗിച്ച് തേയ്ക്കണം. കൂടാതെ തറ കോൺക്രീറ്റ് ചെയ്ത് പ്ലാസ്റ്റർ ഇട്ട് മിനുസപ്പെടുത്തി ഒരു വശത്തേക്ക് അല്ലെങ്കിൽ ഒരു കോണിലേക്ക് ചെരിവോടെ നിർമിക്കണം. വെള്ളം പുറത്തേക്ക് ഒഴുകി പോകുന്നതിന് ഭിത്തിയിൽ ദ്വാരവും ഉണ്ടായിരിക്കണം.

7. ***പുകപ്പുരയുടെ മേൽക്കൂര നിർമിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

'ബഡ്ജറ്റ്' അനുസരിച്ച് കോൺക്രീറ്റോ ഓടോ ഷീറ്റോ ഉപയോഗിച്ച് മേൽക്കൂര നിർമിക്കാം. മേൽക്കൂരയിൽ നിന്ന് ഏകദേശം 30 സെന്റീമീറ്റർ താഴെയായി ഒരു 'ഫോൾസ് സീലിങ്' നൽകണം. പുറത്തെ തണുത്ത കാലാവസ്ഥയിൽ ഉള്ളിലെ നീരാവി ഘനീഭവിക്കുന്നത് തടയാനാണിത്. പുകമുറിയിൽ നിന്ന് ഈർപ്പമുള്ള വായു പുറന്തള്ളാൻ 'ഫോൾസ് സീലിങ്ങി'ന് തൊട്ടുതാഴെ ഭിത്തിയിൽ ശരിയായ 'വെന്റിലേഷൻ' നൽകണം. പുകമുറിയുടെ വലുപ്പത്തിനനുസരിച്ചാണ് വെന്റിലേഷനുള്ള ദ്വാരത്തിന്റെ വലുപ്പം നിർണയിക്കേണ്ടത്. ഒരു ക്യൂബിക് മീറ്റർ അളവ് പുകയറയ്ക്ക് 100 ചതുരശ്ര സെ.മീ. എന്ന കണക്കിൽ 'വെന്റിലേഷൻ' സൗകര്യം ഉണ്ടായിരിക്കണം.

8. ***റബ്ബർഷീറ്റുകൾ റോളറുകളിൽ അടിച്ചെടുത്ത ശേഷം എപ്പോഴാണ് പുകപ്പുരയിൽ ഇടേണ്ടത്?***

റബ്ബർഷീറ്റുകൾ അടിക്കുന്ന ദിവസം തന്നെ പുകപ്പുരയിലിട്ട് പുകയ്ക്കണം. നനഞ്ഞ ഷീറ്റുകൾ രാത്രികാലങ്ങളിൽ പുറത്തിട്ടാൽ അതിൽ പൂപ്പൽ ഉണ്ടാകുകയും ഷീറ്റുകൾ ഉണങ്ങാൻ കാലതാമസം വരികയും ചെയ്യും. അടിച്ചെടുത്ത ഷീറ്റുകൾ വേനൽകാലത്ത് വെയിലത്തിടുകയാണെങ്കിൽ പകുതിസമയത്തിന് ശേഷം അത് മറിച്ചിടുകയും അതേ ദിവസം തന്നെ പുകപ്പുരയിൽ ഇടുകയും വേണം.

9. ***പുകപ്പുരയിൽ ഇടുന്ന ഷീറ്റുകളിൽ വിയർപ്പുണ്ടാകുന്നത് എന്തുകൊണ്ടാണ്?***

പുകയ്ക്കുമ്പോൾ പുകപ്പുരയ്ക്ക് അകത്തുണ്ടാകുന്ന നീരാവി നിറഞ്ഞ പുക പുറത്തേക്ക് കളയുന്നതിന് വെന്റിലേഷൻ ഇല്ലാത്തതുകൊണ്ടാണ് ഷീറ്റുകളിൽ വിയർപ്പുണ്ടാകുന്നത്. സീലിങ്ങിന് അടിയിലായി പുകയറയുടെ ഭിത്തിയിൽ വേണം വെന്റിലേഷൻ കൊടുക്കാൻ.

10. ***പുകപ്പുരകൾ ശാസ്ത്രീയമായി നിർമിക്കുന്നതിന് സാങ്കേതികോപദേശം എവിടെനിന്ന് ലഭിക്കും?***

പുകപ്പുരയുടെ പ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്റ്റ് റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിനും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പുകപ്പുരകളുടെ ന്യൂനതകൾ പരിഹരിക്കുന്നതിനും റബ്ബർബോർഡിന്റെ എഞ്ചിനീയറിങ് ആന്റ് പ്രോസസ്സിങ് ഡിവിഷനിൽ ബന്ധപ്പെടാവുന്നതാണ് (ഫോൺ നമ്പർ–0481–2353311).

## പ്രാദേശികമായി യോജിച്ച റബ്ബറിനങ്ങൾ

1. ***ഒരു തോട്ടത്തിൽ ഒന്നിലധികം ഇനങ്ങൾ കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

ഒന്നിലധികം ഇനങ്ങൾ കൃഷിക്കായി തെരഞ്ഞെടുക്കുമ്പോൾ ഓരോ ഇനവും പ്രത്യേകം പ്ലോട്ട് തിരിച്ച് നടാൻ ശ്രദ്ധിക്കണം. ഇനങ്ങൾ ഇടകലർത്തി നടുന്നത് സുഗമമായ ടാപ്പിങ്ങിന് ബുദ്ധിമുട്ടുണ്ടാക്കാം. മാത്രമല്ല, ഇനം തിരിച്ച് നടുന്നത് ഓരോ ഇനത്തിന്റെയും ഉത്പാദനം കർഷകർക്ക് നേരിട്ട് മനസ്സിലാക്കാനും രോഗങ്ങൾ വന്നാൽ രോഗനിവാരണമാർഗങ്ങൾ സ്വീകരിക്കുന്നത് എളുപ്പമാക്കാനും സഹായിക്കും.

2. ***വരൾച്ചയെ പ്രതിരോധിക്കാൻ കഴിവുള്ള റബ്ബറിനങ്ങൾ ഏതൊക്കെയാണ്?***

വരൾച്ചയെ പ്രതിരോധിക്കാൻ സാമാന്യം കഴിവുള്ള ഇനങ്ങളാണ് ആർആർഐഐ 430, ആർആർഐഐ 417 തുടങ്ങിയവ. ഇവയ്ക്ക് വേനൽമാസങ്ങളിൽ ഉത്പാദനം അൽപം കുറവാണെങ്കിലും ശരാശരി വാർഷികോത്പാദനം ഉണക്ക് കൂടിയ പ്രദേശങ്ങളിൽ ആർആർഐഐ 105–നേക്കാൾ കൂടുതലാണ്.

3 . ***ഉയർന്ന പ്രദേശങ്ങളിലും മഞ്ഞ് കൂടുതലുള്ള പ്രദേശങ്ങളിലും കൃഷിചെയ്യാൻ യോജിച്ച ഇനങ്ങൾ ഏതെല്ലാമാണ്?***

ഉയർന്ന പ്രദേശങ്ങളിൽ പൊടിക്കുമിൾ രോഗബാധ കൂടുതലായിരിക്കും. തളിരിലകളെയാണ് ഈ രോഗം കൂടുതലായി ബാധിക്കുന്നത്. ആർആർഐഐ 422 എന്ന ഇനത്തിൽ ഇലകൊഴിച്ചിലും തളിരിടലും മറ്റിനങ്ങളെ അപേക്ഷിച്ച് നേരത്തെയാണ്. സാധാരണമായി രോഗവ്യാപനം കൂടുന്ന സമയമാകുമ്പോഴേക്കും ഈ ഇനത്തിന്റെ ഇലകൾ മൂപ്പെത്തുന്നതിനാൽ ഇത്തരം സ്ഥലങ്ങളിൽ കൃഷിചെയ്യാൻ ഇവ യോജിച്ചതാണ്. ഉയർന്ന പ്രദേശങ്ങൾക്ക് യോജിച്ച മറ്റ് ഇനങ്ങളാണ് ആർആർഐഐ 417, ആർആർഐഐ 429 എന്നിവ. ആർആർഐഐ 430–ൽ സ്വഭാവിക ഇലകൊഴിച്ചിലും തളിരിടലും വൈകിയാണ് നടക്കുന്നത്. ആ സമയത്ത് പൊടിക്കുമിൾ രോഗബാധയ്ക്കുള്ള സാധ്യത കൂടുതലാണ്. അതുകൊണ്ട് ഉയർന്ന പ്രദേശങ്ങൾക്ക് ഇത് യോജിച്ചതല്ല.

4. ***ആർആർഐഐ 414 എന്ന ഇനം കൃഷിചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

ആർആർഐഐ 414 എന്ന ഇനത്തിന്റെ തൈമരങ്ങൾ ആദ്യവർഷങ്ങളിൽ വളഞ്ഞു പോകാനുള്ള സാധ്യതയുള്ളതിനാൽ ശുപാർശപ്രകാരമുള്ള വളപ്രയോഗം മാത്രമേ പാടുള്ളൂ. പിന്നീട് ഇവ നിവർന്നു വളരുന്നതായി കാണാം. ഈ ഇനത്തിൽപെട്ട മരങ്ങൾ ആർആർഐഐ 105–നെ അപേക്ഷിച്ച് നേരത്തെ ടാപ്പുചെയ്യാനാവശ്യമായ വണ്ണമെത്താറുണ്ട്.

***ആർആർഐഐ 400 പരമ്പര ഇനങ്ങൾ ടാപ്പുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

ആർആർഐഐ 400 പരമ്പരയിൽപെട്ട ആർആർഐഐ 414, ആർആർഐഐ 417, ആർആർഐഐ 422, ആർആർഐഐ 429, ആർആർഐഐ 430 എന്നീ ഇനങ്ങൾ ത്വരിത വളർച്ചയുള്ള ഇനങ്ങളായതിനാൽ ആദ്യത്തെ മൂന്നുവർഷത്തെ ടാപ്പിങ്ങിനുശേഷം ടാപ്പിങ്ങിന്റെ ആഴം ക്രമാനുഗതമായി ക്രമീകരിക്കുന്നത് ഉയർന്ന ഉത്പാദനം ലഭിക്കുന്നതിന് സഹായിക്കും. പ്രത്യേകിച്ച് ആർആർഐഐ 414–ന്റെ കൂടുതൽ എണ്ണം പാൽക്കുഴലുകൾ പട്ടയുടെ ഉൾഭാഗത്ത് കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ കൃത്യമായ ആഴത്തിൽ ടാപ്പുചെയ്യാൻ കർഷകർ ശ്രദ്ധിക്കണം.

**KONDODYS®**

for the best bordeaux spray



COPPER SULPHATE PENTA

# തുരിശ്

IS:261

CM/L6297584

**പൗഡർ & ക്രിസ്റ്റൽ**

1 KG., 25 KG., 50 KG

**ഇപ്പോൾ ഏറ്റവും പുതിയ സ്റ്റോക്ക്**

കോട്ടയം കളക്ട്രേറ്റിന് എതിർവശമുള്ള ഡിപ്പോയിൽ നിന്ന് കർഷകർക്ക് നേരിട്ട് വാങ്ങാവുന്നതാണ്.
താഴെ കാണുന്ന ഫോൺ നമ്പറുകളിൽ വിളിച്ചാൽ ആവശ്യക്കാർക്ക് എത്തിച്ച് കൊടുക്കുന്നതാണ്.

**കൊണ്ടോടീസ് കുടുംബത്തിൽ നിന്നും മറ്റൊരു ഉത്പ്പന്നം**

**എന്തിനും ഏതിനും**

റെഡി ടു യൂസ് കൊണ്ടോടീസ്™

# ബോർഡോ പെയിന്റ്

**Patent No: 364252**

**നീറ്റേണ്ട... കൂട്ടേണ്ട... ഇളക്കി നേരിട്ട് പുരട്ടുക**
**50 ലിറ്റർ വെള്ളത്തിൽ 1 ലിറ്റർ കൊണ്ടോടീസ് റെഡി ടു യൂസ് ബോർഡോ പെയിന്റ് ലയിപ്പിച്ചാൽ ബോർഡോ മിശ്രിതമായി ഇലകളിൽ തളിക്കുകയും ചെയ്യാം...**

കാലവർഷത്തിനുശേഷം ഇലപൊഴിച്ചിൽ, ദ്രുതവാട്ടം, കമ്പൊണക്ക്, കായ് പഴുത്തു പൊഴിയൽ, മഞ്ഞളിപ്പ് തുടങ്ങിയ കുമിൾ രോഗങ്ങൾ ധാരാളമായി കണ്ടുവരുന്നു. ഇവയ്ക്ക് നീം ഓയിലും പശയും കലർന്ന ഈ ബോർഡോ മിശ്രിതം കുമിൾ രോഗങ്ങളെ പ്രതിരോധിക്കുകയും രോഗം ബാധിച്ചത് സുഖപ്പെടുത്തുകയും ചെയ്യുന്നു.

Copper Oxychloride
**Phytrox**
100gm, 500gm, 25 kg

**Also Available**
**ബോർഡോ ലൈം**
1 Kg പൗഡർ

**ഇന്ത്യാഗവൺമെന്റിന്റെ പേറ്റന്റ് ലഭിച്ച ഏക ബോർഡോ മിശ്രിതം**

ചീക്കുരോഗത്തിന് നേരിട്ട് പെയിന്റ് ചെയ്യുക.



**4 Kg**
4 Kg -1 Box 2 Nos.

**1 Kg** **500gm** **250gm**
1 Kg -1 Box 10 Nos. | 250 gm - 1 Box 40 Nos.
500 gm - 1 Box 20 Nos.

മാനുഫാക്ചറേഴ്സ് **SANSON CHEMICAL INDUSTRIES**

ഓഫീസ്: കളക്ട്രേറ്റിന് എതിർവശം, ലൂർദ്ദ് പള്ളിക്ക് സമീപം, കോട്ടയം – 686 002.

ഫോൺ: 0481 – 2564708

E-mail: sanson41@gmail.com, www.kondodys.com

Helpline: Xavier Thomas Kondody (Managing Partner) **9847046229** Vivin X Kondody: **9880033644**



ഡോ. റ്റി. ഗിരീഷ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

5. ***കൊങ്കൺ മേഖലയിലേക്ക് യോജിച്ച റബ്ബറിനങ്ങൾ ഏതെല്ലാമാണ്?***
   കൊറിനിസ്പോറ രോഗത്തിനെതിരെ പ്രതിരോധ ശേഷിയുള്ള റബ്ബറിനങ്ങളാണ് കൊങ്കൺമേഖലയിലേക്ക് യോജിച്ചത്. ആർആർഐഐ 430, ആർആർഐഐ 414 എന്നീ ഇനങ്ങൾ കൊറിനിസ്പോറ രോഗത്തിനെതിരെ സാമാന്യം പ്രതിരോധശേഷിയുള്ളതാണ്.

6. ***ആർആർഐഐ 400 പരമ്പരയിൽപെട്ട മരങ്ങൾക്ക് ആർആർഐഐ 105-നെ അപേക്ഷിച്ചുള്ള സവിശേഷതകൾ എന്തെല്ലാമാണ്. ?***
   ആർആർഐഐ 105-നെ അപേക്ഷിച്ച് ആർആർഐഐ 400 പരമ്പര ഇനങ്ങൾ രോഗപ്രതിരോധ ശേഷി കൂടുതലുള്ളവയാണ്. അപക്വകാലഘട്ടത്തിൽ ഊർജ്ജസ്വലമായ വളർച്ചയുള്ളതിനാൽ പെട്ടെന്ന് ടാപ്പുചെയ്യാൻ വേണ്ട വണ്ണമെത്തുന്നു. ആർആർഐഐ 105 ആവർത്തനക്കൃഷിചെയ്യുന്ന പല തോട്ടങ്ങളിലും 7 വർഷമായാലും ടാപ്പുചെയ്യാൻ വേണ്ട വണ്ണമെത്തുന്നതായി കാണുന്നില്ല. അത്യുത്പാദന ശേഷിയുള്ള 400 പരമ്പരയിൽപ്പെട്ട ഇനങ്ങൾക്ക് പ്രതിവർഷം ഒരു മരത്തിൽ നിന്ന് ശരാശരി ഒരു കിലോഗ്രാം വരെ ഉണക്കറബ്ബർ മറ്റിനങ്ങളെ അപേക്ഷിച്ച് കൂടുതൽ ലഭ്യമാകുന്നതായി ദീർഘകാലപഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കാറ്റുമൂലമുള്ള കെടുതികൾ നാനൂറ്പരമ്പര ഇനങ്ങൾക്ക് പൊതുവെ കുറവാണ്.

## സെൻട്രൽ വുഡ്ഡ് ടെസ്റ്റിങ് ലബോറട്ടറി നൽകുന്ന സേവനങ്ങൾ

1. ***സെൻട്രൽ വുഡ്ഡ് ടെസ്റ്റിങ് ലബോറട്ടറി നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണ്?***
   റബ്ബർബോർഡിന്റെ സെൻട്രൽ വുഡ്ഡ് ടെസ്റ്റിങ് ലബോറട്ടറി എല്ലാത്തരം തടികളുടെയും അവകൊണ്ട് നിർമിക്കുന്ന ഉത്പന്നങ്ങളുടെയും മെക്കാനിക്കൽ ടെസ്റ്റുകൾ നടത്തിക്കൊടുക്കുന്നു. കൂടാതെ തടിയുടെ ഇനം (species) തിരിച്ചറിയൽ, റബ്ബർതടിയിലെ കെമിക്കൽ റീടെൻഷൻ, ഈർപ്പത്തിന്റെ അളവ് കണ്ടെത്തൽ എന്നിവയ്ക്കുള്ള പരിശോധനകളും തടിസംസ്കരണത്തിന് ഉപയോഗിക്കുന്ന രാസവസ്തുക്കളുടെ ഗുണമേന്മ നിർണയിക്കുന്നതിനുള്ള പരിശോധനകളും ഇവിടെ നടത്താം. ഇത് തടിയുത്പന്നങ്ങളുടെ ഗുണമേന്മ, ഈട്, സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുന്നതിന് സഹായിക്കുന്നു. നിർമാതാക്കൾ മുതൽ ഉപഭോക്താക്കൾ വരെ വിവിധ തലത്തിലുള്ളവർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. സെൻട്രൽ വുഡ് ടെസ്റ്റിങ് ലബോറട്ടറി നടത്തുന്ന പരിശോധനകളുടെ ലിസ്റ്റ് റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. ***തടിയുടെ ഗുണമേന്മ നിർണയിക്കേണ്ടിവരുന്ന സാഹചര്യങ്ങൾ ഏതെല്ലാമാണ് ?***
   ഈടുകുറഞ്ഞ തടി ഉപയോഗിച്ചുണ്ടാക്കുന്ന വസ്തുക്കൾ കെട്ടിടനിർമാണമേഖലയിൽ ഉപയോഗിക്കുന്നത് കെട്ടിടത്തിന്റെ സുരക്ഷിതത്വത്തിനെയും ഈടുനിൽപിനെയും ബാധിക്കും. അതുപോലെ തന്നെ ഫർണിച്ചർ നിർമാണമേഖലയിലും ഗുണമേന്മ കുറഞ്ഞ തടി ഉപയോഗിച്ചാൽ കുത്തൽ വീഴുന്നതിനും വളഞ്ഞുപോകുന്നതിനും സാധ്യതയുണ്ട്. ഇത് ആ ഉത്പന്നത്തിന്റെ ഈടുനിൽപിനെ ബാധിക്കും. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് (ബി.ഐ.എസ്.) നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് പരിശോധനകൾ നടത്തുന്നത്. തടിക്ക് അതിന്റെ ഉദ്ദേശിച്ച ഉപയോഗത്തിന് യോജിച്ച ഗുണം, ഉറപ്പ്, ഉണക്ക്, സാന്ദ്രത, കീടങ്ങളുടെ ആക്രമണത്തെ പ്രതിരോധിക്കാനുള്ള കഴിവ് എന്നിവയുണ്ടോ എന്നും നിർദ്ദിഷ്ട ഗ്രേഡിങ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നുമാണ് പ്രധാനമായും പരിശോധിക്കുന്നത്. ഈ മാനദണ്ഡങ്ങൾ പാലിക്കുന്നതിലൂടെ നിർമാതാക്കൾക്കും ഉപഭോക്താക്കൾക്കും ഉപയോഗിക്കുന്ന തടി ഗുണമേന്മയുള്ളതാണെന്ന് ഉറപ്പിക്കാൻ കഴിയുന്നു.

3. ***വിവിധ പരിശോധനകൾക്കായി സാമ്പിൾ ശേഖരിക്കേണ്ട വിധവും അവ പരിശോധനയ്ക്കായി സമർപ്പിക്കേണ്ട സ്ഥലവും വിശദമാക്കാമോ?***
   ബി.ഐ.എസ്. മാനദണ്ഡങ്ങൾ അനുസരിച്ച് ഓരോ പരിശോധനയ്ക്കും ആവശ്യമായ സാമ്പിളുകളുടെ വലുപ്പം നിശ്ചയിച്ചിട്ടുണ്ട്. സാമ്പിൾ എടുക്കുന്നതിനുള്ള ഉത്തരവാദിത്വം ഉപഭോക്താവിനാണ്. ഉപഭോക്താവിന്റെ ആവശ്യാനുസരണം ടെസ്റ്റുകൾ നടത്തുകയാണ് പരിശോധനാശാലയുടെ ചുമതല. പരിശോധനയ്ക്കായി സാമ്പിളുകൾ കോട്ടയം ജില്ലയിലെ മാങ്ങാനത്ത് പ്രവർത്തിക്കുന്ന റബ്ബർബോർഡിന്റെ സെൻട്രൽ വുഡ് ടെസ്റ്റിങ് ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്.

4. ***ഫർണിച്ചർ വ്യവസായം നടത്തുന്ന ഒരാൾക്ക് തടിയുടെ ഗുണമേന്മ നിർണയിക്കുന്ന പരിശോധനകൾ നിർബന്ധമാണോ?***
   ഫർണിച്ചർ വ്യവസായം നടത്തുന്നവർക്ക് തടിയുടെ ഗുണമേന്മ നിർണയിക്കുന്ന പരിശോധനകൾ നിർബന്ധമല്ല. എന്നാൽ, ഉപഭോക്താക്കൾക്ക് ഫർണിച്ചറുകളിൽ ഉപയോഗിച്ചിരിക്കുന്ന തടി, പ്ലൈവുഡ് എന്നിവയെ സംബന്ധിച്ച് വിശ്വാസം ലഭിക്കാനും വ്യവസായികൾക്ക് തങ്ങളുടെ ഉത്പന്നത്തിന് ഗ്യാരണ്ടി നൽകാനും തടിയുടെ ഗുണമേന്മാപരിശോധന സഹായിക്കും.

5. ***റബ്ബർതടിയുടെ വില കണക്കാക്കുന്നത് എങ്ങനെയാണ്?***
   റബ്ബറിനങ്ങൾ, മരങ്ങളുടെ പ്രായം, തടിയുടെ ഉയരം തുടങ്ങിയവ അനുസരിച്ച് ഒരു റബ്ബർമരത്തിൽനിന്ന് ലഭ്യമാകുന്ന തടിയുടെ അളവ് വ്യത്യാസപ്പെട്ടി

# Alleppey Latex P Ltd

37 വർഷത്തെ സേവന പാരമ്പര്യം



കർഷകന് പരമാവധി വില ലഭിക്കാൻ,
ഇടനിലക്കാരില്ലാതെ ഫാക്ടറി നേരിട്ടു
റബ്ബർപാൽ സംഭരിക്കുന്നു.

**Hazzle Free Transaction.**

സുതാര്യമായ ബാങ്ക് ഇടപാടുകൾ, കൃത്യമായ അളവ്, തൂക്കം DRC

**Assured Market.**

കേരളത്തിലെ വിപണി വിലയ്ക്കു വിൽക്കുവാൻ കൃഷിക്കാർക്ക് എല്ലാ ദിവസവും അവസരം.

94953 61444
89431 51444



GRR GroRight Rubber

Nitte, Karkala Thaluk, Udupi dist, Karnataka, S-India-574 110.

+91 76249 70524, 94491 22424 grorightrubber@gmail.com




*ജി. ഉമാശങ്കർ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

രിക്കുന്നു. തായ്ത്തടിയുടെ നീളം, തടിയുടെ ചുറ്റളവ്, ഭൂപ്രകൃതി, വാഹനങ്ങളിൽ തടി കയറ്റാനുള്ള സൗകര്യം, പ്രധാന മാർക്കറ്റുകളിൽ നിന്നുള്ള ദൂരം തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ചായിരിക്കും നിശ്ചിത തൂക്കം റബ്ബർതടിയുടെ വില കണക്കാക്കുന്നത്. പുതുതായി വെട്ടിയെടുത്ത ഒരു ക്യുബിക് മീറ്റർ റബ്ബർതടിക്ക് ഏകദേശം ഒരു ടൺ ഭാരം വരും.

6. ***റബ്ബർതടിയുടെ വ്യാവസായിക ഉപയോഗങ്ങൾ എന്തെല്ലാമാണ് ?***

റബ്ബർതടിയുടെ വ്യാവസായിക ഉപയോഗം പ്രധാനമായും പ്ലൈവുഡ് നിർമാണത്തിനാണ്. ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ അനുസരിച്ച് കേരളത്തിൽ 5.5 ലക്ഷം ഹെക്ടർ ടാപ്പുചെയ്യുന്ന തോട്ടങ്ങളുണ്ട്. ഇതിന്റെ ഒന്നര ശതമാനം അതായത് 8250 ഹെക്ടർ തോട്ടങ്ങളിലെ മരങ്ങൾ വർഷംതോറും മുറിച്ചുമാറ്റപ്പെടുന്നുണ്ട്. ഒരു ഹെക്ടറിൽ 300 മരങ്ങൾ ഉണ്ടാകുമെന്നും ഒരു മരത്തിൽ നിന്ന് ശരാശരി അര ടൺ തടി കിട്ടുമെന്നും കണക്കാക്കിയാൽ വർഷം തോറും 12.3 ലക്ഷം ടൺ തടി കേരളത്തിലെ വിപണിയിൽ എത്തുന്നുണ്ടെന്ന് അനുമാനിക്കാൻ കഴിയും. വിപണിയിലെ തടിലഭ്യതയുടെ 30 മുതൽ 40 വരെ ശതമാനം പ്ലൈവുഡ് നിർമാണത്തിനായി ഉപയോഗിക്കുന്നു. റബ്ബർതടിയുടെ മറ്റൊരു ഉപയോഗം പായ്ക്കിങ് കെയ്സുകളുടെ നിർമാണത്തിനാണ്. 30 ശതമാനത്തോളം ഇതിനായി ഉപയോഗിക്കുന്നു. 10 മുതൽ 15 വരെ ശതമാനം ഫർണീച്ചർ നിർമാണത്തിനുപയോഗിക്കുന്നു. സംസ്കരിച്ച റബ്ബർതടി ഫർണീച്ചറുകളുടെ നിർമാണത്തിനും കെട്ടിടങ്ങളുടെ അകത്തളങ്ങൾ മോടി പിടിപ്പിക്കാനും ഉപയോഗിക്കുന്നു. അഞ്ചു മുതൽ പത്ത് വരെ ശതമാനം ഇതര മേഖലകളിലും ഉപയോഗിക്കുന്നുണ്ട്.

7. ***കേരളത്തിലെ പ്രധാനപ്പെട്ട റബ്ബർതടി മാർക്കറ്റുകൾ ഏതെല്ലാമാണ്?***

കേരളത്തിലെ പ്രധാനപ്പെട്ട റബ്ബർതടി മാർക്കറ്റ് പെരുമ്പാവൂർ ആണ്. നൂറുകണക്കിന് പ്ലൈവുഡ് ഫാക്ടറികൾ ഇവിടെ പ്രവർത്തിക്കുന്നു. ഇതുകൂടാതെ ഒല്ലൂർ, കണ്ണൂർ, കൊല്ലം എന്നിവയെല്ലാം പ്രധാനപ്പെട്ട മാർക്കറ്റുകൾ ആണ്.

8. ***എത്തഫോൺ പുരട്ടി ടാപ്പുചെയ്താൽ മരങ്ങളുടെ തൂക്കം കുറയുമെന്നും വില കുറയുമെന്നും പറയു ന്നത് ശരിയാണോ?***

മരങ്ങളിൽ എത്തഫോൺ പ്രയോഗിച്ച് ടാപ്പുചെയ്യുന്നതു കൊണ്ട് തടിയുടെ ഭാരം കുറയുന്നതായി തെളിയിക്കപ്പെട്ടിട്ടില്ല.

തയ്യാറാക്കിയത്
**സ്ലീബ വി. പോൾ**
ഫാം ഓഫീസർ

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി

**റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷി**
റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2024 ജൂൺ 14 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് മറുപടി പറയും.

**മഴക്കാലടാപ്പിങ്**
മഴക്കാലത്ത് റബ്ബർമരങ്ങൾ ടാപ്പുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച കർഷകരുടെ ചോദ്യങ്ങൾക്ക് 2024 ജൂൺ 20 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ് പി.ആർ. ശിവരാമൻ മറുപടി പറയും.

**റബ്ബർതോട്ടങ്ങളിലെ മണ്ണ്-ജലസംരക്ഷണമാർഗങ്ങൾ**
റബ്ബർതോട്ടങ്ങളിൽ മണ്ണ്-ജലസംരക്ഷണം എങ്ങനെ നടപ്പാക്കാം എന്നത് സംബന്ധിച്ച ചോദ്യങ്ങൾക്ക് 2024 ജൂൺ 26 ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ കെ. ചന്ദ്രലേഖ മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

## ഉളിക്കൽ ഫീൽഡ് സ്റ്റേഷന്റെ പുതിയ മേൽവിലാസം

റബ്ബർബോർഡിന്റെ ശ്രീകണ്ഠാപുരം റീജിയണൽ ഓഫീസ് പരിധിയിലുള്ള ഉളിക്കൽ ഫീൽഡ് സ്റ്റേഷന്റെ പുതിയ മേൽവിലാസം ചുവടെ ചേർക്കുന്നു.

റബ്ബർബോർഡ് ഫീൽഡ് സ്റ്റേഷൻ, റൂം നമ്പർ XI-360F, ബി.എസ്.എൻ.എൽ. ഓഫീസിന് സമീപം, പയ്യാവൂർ റോഡ്, ഉളിക്കൽ - 670 705

# ജൂലൈമാസത്തെ
# കൃഷിപ്പണികൾ

**ചീക്കുരോഗം വന്നാൽ പ്രാരംഭദശയിൽ രോഗബാധയുള്ള ഭാഗങ്ങളിൽ അതിന് ഒരടി മുകളിലേക്കും താഴേക്കും നീട്ടി ബോർഡോക്കുഴമ്പ് പുരട്ടണം. രോഗം ഗുരുതരമായി ബാധിച്ചെങ്കിൽ ബോർഡോക്കുഴമ്പ് തേച്ച് അത് ഉണങ്ങിയശേഷം കുമിളും കേടുവന്ന പട്ടയും ചുരണ്ടിക്കളഞ്ഞ് വീണ്ടും ബോർഡോക്കുഴമ്പ് പുരട്ടേണ്ടതാണ്.**



ജൂലൈ അവസാനം മുതൽ റബ്ബർവിത്തുകൾ ലഭിച്ചുതുടങ്ങും. നനഞ്ഞ കരിപ്പൊടിയുമായി ചേർത്ത് പായ്ക്കുചെയ്തിരുന്നാൽ വിത്തുകളുടെ മുളയ്ക്കാനുള്ള ശേഷി ഒന്നുരണ്ടു മാസക്കാലം വരെ നിലനിർത്താം.

വിത്തുകൾ തമ്മിൽ തൊട്ടിരിക്കത്തക്കവിധം നിരത്തി സാവധാനത്തിൽ മണലിലേക്ക് അമർത്തി, മേൽഭാഗം തടത്തിലെ മണലിനു മുകളിൽ കാണാവുന്ന രീതിയിൽ പാകണം. തടങ്ങൾ കയറ്റുപായോ മെടഞ്ഞ ഓലയോകൊണ്ട് മൂടിയിടുകയും നനയ്ക്കുകയും ചെയ്യണം. വിത്തുകൾ മുളയ്ക്കുന്നതനുസരിച്ച് അവ തടങ്ങളിലേക്ക് മാറ്റിനടാം.

തൈകൾ ബഡ്ഡുചെയ്ത് പറിച്ചുനടാനാണങ്കിൽ 30 സെ.മീ. x 30 സെ.മീ. അകലത്തിലോ 60 സെ.മീ. x 23 സെ.മീ. അകലത്തിലോ വേണം അവ തടങ്ങളിൽ നടാൻ. ബഡ്ഡുവുഡ്സ് നഴ്സറിക്കാണെങ്കിൽ 60 സെ.മീ. x 90 സെ.മീ. അല്ലെങ്കിൽ 60 സെ.മീ. x 120 സെ.മീ. എന്നീ അകലങ്ങളാണ് സ്വീകരിക്കേണ്ടത്.

### നടീൽ

കാലാവസ്ഥ അനുകൂലമാണെങ്കിൽ ഈ മാസത്തിലും കൃഷിയിടത്തിൽ തൈകൾ നടാം. കുറ്റിത്തൈയാണ് നടുന്നതെങ്കിൽ പക്കവേരുകൾ തായ്‌വേരിനോടു ചേർത്തുവച്ച് മുറിക്കരുത്. വളഞ്ഞുപിരിഞ്ഞ തായ്‌വേരോ ഒന്നിലധികം തായ്‌വേരുകളോ ഉള്ള തൈകൾ നടാൻ ഉപയോഗിക്കരുത്.

തായ്‌വേര് കുഴിയിൽ ഇറങ്ങിയിരിക്കത്തക്കവണ്ണം വേണം തൈകൾ നടാൻ. തായ്‌വേരിന്റെ കീഴറ്റം മണ്ണിൽ ചേർന്നിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പക്കവേരുകൾ മുകൾവശത്ത് മണ്ണുനീക്കിയിടത്ത് ഒതുക്കിവച്ചതിനുശേഷം ചുറ്റും മണ്ണിട്ട് നിറച്ച് ചവിട്ടി ഉറപ്പിക്കുക.

കൂടത്തൈകളാണ് നടീലിനുപയോഗിക്കുന്നതെങ്കിൽ ഏറ്റവും മുകളിലത്തെ ഇലത്തട്ട് മൂപ്പെത്തിയശേഷമേ അവ മാറ്റി നടാവൂ. കൂമ്പുചീയൽ രോഗബാധ തടയുന്നതിന് തോർച്ചയും തെളിവുമുള്ള സമയം നോക്കി തൈകൾക്ക് ബോർഡോമിശ്രം തളിക്കണം

### കപ്പുതൈകൾ

കപ്പുതൈകൾ കൃഷിയിടത്തിലേക്ക് മാറ്റി നടുന്നതിനുമുമ്പായി അവ കപ്പുകളിൽനിന്ന് വേർപെടുത്തണം. കപ്പ് തലകീഴായി പിടിച്ച് അതിന്റെ വരിപ്പ് ഒരു ഉയർന്ന പ്രതലത്തിൽ മൃദുവായി തട്ടിയാൽ വേരുപടലം ചുറ്റിയ ചകിരിച്ചോർ ഉടയാതെ തൈകൾ കപ്പിൽനിന്ന് വേർപെടുത്തിയെടുക്കാം. നേരത്തെ തയ്യാറാക്കി മൂടിയ കുഴിയുടെ നടുവിൽ ഒരു ഒഴിഞ്ഞ കപ്പുവച്ച് അമർത്തി രൂപപ്പെടുത്തുന്ന കുഴിയിലേക്ക് കപ്പിൽനിന്ന് വേർപെടുത്തിയ തൈകൾ ഇറക്കിവച്ച് ചുറ്റുമുള്ള മണ്ണ് നന്നായി ഉറപ്പിച്ച് നടീൽ പൂർത്തിയാക്കാം. തൂമ്പ ഉപയോഗിച്ച് ഒരു





ചെറിയ കുഴിയുണ്ടാക്കി അതിൽ കപ്പിൽ നിന്ന് വേർപെടുത്തിയ തൈ ഇറക്കിവെച്ചും കപ്പുതൈ നടാം.

### ആവരണവിളകൾ

റബ്ബർതൈകൾ നട്ടതിനോടൊപ്പം ആവരണവിളകൾ നടാത്ത തോട്ടങ്ങളിൽ ഈ മാസത്തിൽതന്നെ അവ വെച്ചുപിടിപ്പിക്കാവുന്നതാണ്. റബ്ബർതോട്ടങ്ങളിലെ മണ്ണു സംരക്ഷിക്കുന്നതിനും മണ്ണിന്റെ ഘടനയും ഫലപുഷ്ടിയും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് ആവരണച്ചെടികൾ നട്ടുപിടിപ്പിക്കുന്നത്. അന്തരീക്ഷത്തിലെ നൈട്രജനെ വലിച്ചെടുത്ത് പ്രധാനവിളയ്ക്ക് ഉപയോഗിക്കാൻ പാക ത്തിൽ സൂക്ഷിക്കാൻ കഴിവുള്ളതിനാൽ പയറുവർഗ ത്തിൽപെട്ട ആരണവിളകളാണ് റബ്ബർതോട്ടങ്ങളിൽ വളർത്താൻ യോജിച്ചത്. ഇവ തോട്ടങ്ങളിൽ പിടിപ്പിക്കാൻ എളുപ്പമാണെന്ന് മാത്രമല്ല നല്ല നിലാവരണമായി വളരു കയും ചെയ്യും.

### ചീക്കിനെതിരെ

കാലവർഷക്കാലത്താണ് റബ്ബർതൈകൾക്ക് ചീക്ക് (പിങ്കുരോഗം) ബാധിക്കുന്നത്. മരങ്ങളുടെ കവരഭാഗത്ത് തൊലിപ്പുറമേ വെളുപ്പോ ഇളം ചുവപ്പോ നിറത്തോടുകൂടി ചിലന്തിവലപോലെ പൂപ്പൽ വളരുകയും കേടുവന്ന ഭാഗത്തുനിന്ന് കറ ഒലിച്ചിറങ്ങുകയും രോഗാക്രമണം ഉണ്ടായ ഭാഗത്തെ പട്ട അഴുകി വിണ്ടുകീറുകയും ചെയ്യുന്നു. പ്രാരംഭദശയിൽ രോഗബാധയുള്ള ഭാഗങ്ങളിൽ അതിന് ഒരടി മുകളിലേക്കും താഴേക്കും നീട്ടി ബോർഡോ ക്കുഴമ്പ് പുരട്ടണം. രോഗം ഗുരുതരമായി ബാധിച്ചെങ്കിൽ ബോർഡോക്കുഴമ്പ് തേച്ച് അത് ഉണങ്ങിയശേഷം കുമിളും കേടുവന്ന പട്ടയും ചുരണ്ടിക്കളഞ്ഞ് വീണ്ടും ബോർഡോ ക്കുഴമ്പ് പുരട്ടേണ്ടതാണ്. തിറം എന്ന കുമിൾനാശിനി 10 ഗ്രാം ഒരു കിലോഗ്രാം പെട്രോളിയം ഉത്പന്നത്തിൽ കലർത്തിയ മിശ്രിതവും രോഗനിവാരണത്തിന് ഉപയോ ഗിക്കാം.

### പട്ടചീയൽ തടയാൻ

മഴക്കാലത്ത് റെയിൻഗാർഡ് ചെയ്ത് ടാപ്പിങ് തുടരുന്ന തോട്ടങ്ങളിൽ പട്ടചീയലിനെതിരെ സംരക്ഷണനടപടികൾ സ്വീകരിക്കേണ്ടതാണ്. ആഴ്ചയിൽ ഒരു പ്രാവശ്യമെ ങ്കിലും വെട്ടുപട്ട കുമിൾനാശിനി ഉപയോഗിച്ച് കഴുകണം. മാങ്കോസെബ് എന്ന കുമിൾനാശിനി അഞ്ചു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയ ലായനി യാണ് ഉപയോഗിക്കേണ്ടത്. ചകിരി ചതച്ചുണ്ടാക്കിയ ഒരു ബ്രഷ് ഉപയോഗിച്ച് വെട്ടുചാലിന് തൊട്ടുമുകളിലായി അഞ്ചു സെ.മീ. വീതിയിൽ ഉരച്ച് കഴുകണം. ചീഞ്ഞ പട്ട ചുരണ്ടിമാറ്റി കുമിൾനാശിനി കൊണ്ട് കഴുകിയശേഷം മുറിവുണങ്ങാൻ സഹായിക്കുന്ന പെട്രോളിയം ഉത്പന്ന ങ്ങളിൽ ഏതെങ്കിലുമൊന്ന് പുരട്ടണം. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്
# പരിശീലനപരിപാടികൾ

## 2024 ജൂലൈ മാസത്തെ പരിശീലനപരിപാടികൾ

1. **തേനീച്ചവളർത്തൽ**
റബ്ബർതോട്ടങ്ങളിൽനിന്നുള്ള അനുബന്ധ വരുമാന മാർഗമായി തേനീച്ചവളർത്തുന്നതിൽ ഏകദിന പരിശീലനം ജൂലൈ 08-ന് നടത്തും. പരിശീലന ഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **ലബോറട്ടറി ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിൽ പരിശീലനം**
ലബോറട്ടറി ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിൽ നാലു ദിവസത്തെ പരിശീലനം ജൂലൈ 09 മുതൽ 12 വരെയുള്ള തീയതികളിൽ നടക്കും. നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് & കാലിബ്രേഷൻസ്-ന്റെ ഔദ്യോഗികമായ അംഗീകാരത്തിനാവശ്യമായ കാര്യങ്ങളെക്കുറിച്ചും വ്യവസ്ഥകളെക്കുറിച്ചും മുൻകൂട്ടി മനസ്സിലാക്കുന്നതിന് പരിശീലനം സഹായിക്കും. ടെസ്റ്റ്, കാലിബ്രേഷൻ എന്നിവ നടത്തുന്ന സ്ഥാപനങ്ങൾക്കും ഉത്പന്നങ്ങളുടെ സാക്ഷ്യപ്പെടുത്തലുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്ന ലബോറട്ടറികൾക്കുമെല്ലാം ഈ പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **വളമിടീൽ**
റബ്ബർമരങ്ങളുടെ വളമിടീലിനെക്കുറിച്ചുള്ള പരിശീലനം (ഓൺലൈൻ) ജൂലൈ 11-ന് നടക്കും. കർഷകർ, എസ്റ്റേറ്റ് മാനേജർമാർ, നഴ്സറിയുടമകൾ തുടങ്ങിയവർക്ക് ഈ പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).



4. **റബ്ബർ നടീലിനങ്ങൾ**
റബ്ബർതൈകൾ ഉത്പാദിപ്പിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ജൂലൈ 16-ന് നടക്കും. വിവിധതരം നടീലിനങ്ങൾ, നടീൽവസ്തുക്കൾ, ആധുനിക റബ്ബറിനങ്ങളെ തിരിച്ചറിയാനുള്ള മാർഗങ്ങൾ എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനം. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

5. **ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ**
ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽ സംഭരണം, ഷീറ്റുറബ്ബർ നിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച ഗ്രീൻബുക്ക് നിബന്ധനകൾ എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ജൂലൈ 18, 19 തീയതികളിൽ നടക്കും. കർഷകർ, വ്യാപാരികൾ, റബ്ബർപാൽ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റുനിർമാതാക്കൾ, ഉത്പന്നനിർമാതാക്കൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **ഇടവിളക്കൃഷി**
റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ റബ്ബർബോർഡിന്റെ പരിശീലനം (ഓൺലൈൻ) ജൂലൈ 24-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനപരിപാടി. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ തുടങ്ങിയവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 0481 2353201 (വ്യവസായം), 0481 2351313 (കൃഷി) ബന്ധപ്പെടുക.



155 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ



മുരളീധരൻ തഴക്കര

# പഠിക്കാനും പകർത്താനും
# ഒരു കോലാപ്പൂർ മാതൃക

പണ്ട് കളിത്തട്ടുകളിലും ആൽത്തറകളിലും അമ്പലപ്പറമ്പുകളിലും പള്ളിപ്പറമ്പുകളിലുമൊക്കെ ആളുകൾ ഒന്നിച്ചുകൂടുക പതിവായിരുന്നു. മിക്കപ്പോഴും നാട്ടുകൂട്ടങ്ങൾ ചേരുന്നത് പോലും ഇങ്ങനെയുള്ള ഇടങ്ങളിലായിരുന്നു. പക്ഷേ ഇതൊക്കെയും പഴങ്കഥയായി മാറിയ ഈ പുതിയ കാലത്ത് സോദ്ദേശപരമായ ഒത്തുചേരലുകൾ പോലും അന്യമായിരിക്കുന്നു.

"നേരമില്ലാർക്കുമിന്നീ
ഐക്യനർമ്മദയുടെ
തീരത്തിരുന്നൊന്നു സല്ലപിക്കാൻ",

എന്ന അക്കിത്തത്തിന്റെ വരികൾ എത്ര വാസ്തവം!

അഥവാ ഒത്തുചേരുന്നുവെങ്കിൽ തന്നെ അത് ആഘോഷങ്ങളുടെയോ ചടങ്ങുകളുടെയോ പേരിൽ ആകവേ ശീതീകരിച്ച കൺവെൻഷൻ സെന്ററുകളിലോ ആഡിറ്റോറിയങ്ങളിലോ ആയിരിക്കുന്നു! ഇതാ ഇവിടെയാണ് മനുഷ്യർക്ക് ഇത്തിരിനേരം ഒത്തുചേരാൻ, ഒരുമിച്ചിരുന്ന് വർത്തമാനം പറയാൻ ഒരു പൊതുഇടത്തിന്റെ ആവശ്യകത.

കരിമ്പിന്റെയും പഞ്ചസാരയുടെയും മാധുര്യം സമ്പന്നതയൊരുക്കുന്ന മഹാരാഷ്ട്രയിൽ കർണാടകത്തോട് ചേർന്ന് കിടക്കുന്ന പ്രദേശമായ കോലാപ്പൂരിലേക്ക് ഇടയ്ക്കിടെ പോകേണ്ടതായ സാഹചര്യമുണ്ടായി. കോലാപ്പൂരെന്ന് കേട്ടാൽ മനസ്സിലേക്കാദ്യം വരിക കോലാപ്പൂരി ചെരുപ്പുകളാണ്. ചെരുപ്പ് പോലെ തന്നെ പെരുമയാർന്നതാണ് കോലാപ്പൂർ മട്ടനും. പ്രസിദ്ധമായ മഹാലക്ഷ്മിക്ഷേത്രമാണ് കോലാപ്പൂരിന്റെ മുഖശ്രീ. പക്ഷേ, മഹാരാഷ്ട്രയിലെ മുംബൈ, ഔറംഗബാദ്, പൂന, നാഗ്പൂർ, നാസിക് തുടങ്ങിയ നഗരങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കോലാപ്പൂർ ഇന്നും നാഗരികതയുടെ നഖക്ഷതങ്ങൾ പരിക്കേൽപ്പിക്കാത്ത വിശാലമായ ഒരു ഗ്രാമമെന്ന് പറയുന്നതാകും ഏറെ ശരി.

ഇവിടെ നമ്മുടെ നാട്ടിൽ തെല്ലും കാണാൻ കഴിയാത്ത വേറിട്ടൊരു കാഴ്ച അവിടെ കാണാൻ സാധിച്ചു. ഈ വ്യത്യസ്തമായ കാഴ്ചയുടെ അനുഭവം ഗ്രാമകേരളത്തിന്റെ പ്രിയ വായനക്കാരുമായി പങ്കുവെയ്ക്കട്ടെ! ഒരുപക്ഷേ, വായനക്കാരിൽ പലർക്കും അനുഭവവേദ്യമായ കാര്യം തന്നെയാകാം ഇത്. ഗ്രീൻ പ്രോട്ടോകോൾ, ഹോർട്ടികൾച്ചർ തെറാപ്പി, പരിസ്ഥിതി സന്തുലനം തുടങ്ങിയ വാക്കുകൾ നമ്മളെ സംബന്ധിച്ച് നിരന്തരം പറഞ്ഞുപറഞ്ഞു തേഞ്ഞുതുടങ്ങിയ വാക്കുകളാണ്. സെമിനാറുകളിലെ പ്രസംഗങ്ങളിൽ തളച്ചിടുകയും പുതപ്പിച്ച് ഉറക്കുകയും ചെയ്യുന്ന ഈ വാക്കുകളുടെ പ്രായോഗികരൂപം ഇവിടെ കോലാപ്പൂരിൽ മുഖതാവിൽ കാണുവാൻ കഴിയുന്നു എന്നതാണ് പരമാർത്ഥം. നഗരമദ്ധ്യത്തിൽ വലുതും ചെറുതുമായ ഒട്ടേറെ 'പാർക്കുകൾ'. അവിടെ രാവിലെയും വൈകുന്നേരവും ഒത്തുചേരുന്ന മുതിർന്നവരുടെയും കുട്ടികളുടെയും സ്ത്രീകളുടെയും കൂട്ടങ്ങൾ. ഉച്ചനേരത്ത് അവിടെയുള്ള മരത്തണലിലെ ചാരുബഞ്ചുകളിൽ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന തൊഴിലാളികൾ, പുൽത്തകിടിയിലെ തണൽ പറ്റിയിരുന്ന് 'യോഗ' ചെയ്യുന്ന വീട്ടമ്മമാരുടെ ചെറുസംഘങ്ങൾ.

കോലാപ്പൂർ ജില്ലയിൽ മാത്രം ചെറുതും വലുതുമായ അമ്പത്തിനാല് പാർക്കുകളാണുള്ളത്. വേനൽ വറുതിയിൽ ജലസേചനത്തിനായി സ്വീവേജ് പ്ലാന്റിൽ നിന്നുള്ള വെള്ളം സംസ്കരിച്ചാണ് ഉപയോഗപ്പെടുത്തുന്നത്. ഏകദേശം പകുതിയോളം പാർക്കുകളിൽ കമ്പോസ്റ്റ് കുഴികളുമുണ്ട്. പാർക്കിലെ മരങ്ങളുടെയും ചെടികളുടെയും ഇലകളും മറ്റു ജൈവാവശിഷ്ടങ്ങളുമെല്ലാം കമ്പോസ്റ്റ് കുഴികളിലിട്ട് ജൈവവളമാക്കി മാറ്റുകയാണ്. ഈ വളം യഥാവിധി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഓരോ പാർക്കുകളുടെയും സംരക്ഷണ പരിചരണച്ചുമതല ഇവിടെത്തന്നെയുള്ള വ്യവസായസ്ഥാപനങ്ങൾ, കോളജുകൾ, ബാങ്കുകൾ എന്നിവയ്ക്ക് നൽകുന്നതിനും ഇങ്ങനെ ഒരു പങ്കാളിത്തത്തിലൂടെ പാർക്കുകളുടെ നവീകരണവും പരിചരണവും കൂടുതൽ ത്വരിതപ്പെടുത്തി കാര്യക്ഷമമാ






ക്കുന്നതിനെക്കുറിച്ചുമുള്ള പ്രാഥമിക ആലോചനകളും ഇപ്പോൾ നടക്കുകയാണ്.

കളിമൺപാവകളുടെയും പൂക്കളുടെയും കൊച്ചു കൊച്ചു ഉദ്യാനങ്ങളുടെതുമായ നഗരമുറ്റത്തെ പാർക്കുകൾ ഒന്നുംതന്നെ നാനാജാതി പൂച്ചെടികളാലും പൂക്കളാലും മനോഹാരിത തുളുമ്പുന്നവയല്ല. അത്യാവശ്യം ചെടികളും വളരെക്കുറച്ചു മാത്രം പൂച്ചെടികളും മാത്രമുള്ള ഈ ഉദ്യാനങ്ങളിൽ ആരോഗ്യരക്ഷയ്ക്കായി നടക്കാനും സൊറ പറഞ്ഞിരുന്നു സമയം പോകാനുമാണ് സംവിധാനങ്ങളും സൗകര്യങ്ങളും ഏറെയുള്ളത്. കുട്ടികൾക്ക് കളിച്ചുല്ലസിക്കുന്നതിനും ശാരീരികക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന വിവിധ കായികക്ഷമതാ സാമഗ്രികളും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. രാവിലെയും വൈകുന്നേരവും നഗരത്തിന്റെ നടുമുറ്റത്തുള്ള ഈ പാർക്കുകളിലേക്ക് നിരവധി പേരാണെത്തുന്നത്. ജീവിതത്തിരക്കിനിടയിൽ ഉണർവുള്ള പ്രഭാതങ്ങളും സായാഹ്നങ്ങളും ചെലവിടാൻ നഗരത്തിന് നടുവിൽ ഇപ്രകാരം ഉദ്യാനങ്ങൾ സജ്ജമാക്കുകയും ജനങ്ങൾ അത് വേണ്ടപോലെ ഉപയുക്തമാക്കുകയും ചെയ്യുന്ന കോലാപ്പൂർ മാതൃക കേരളത്തിൽ ഒട്ടും തന്നെ കാണാൻ കഴിയാത്ത കാര്യമാണ്.

എവിടെ ഇത്തിരി സ്ഥലമുണ്ടെങ്കിലും അവടെയൊക്കെ കോൺക്രീറ്റ് കെട്ടിട സമുച്ചയങ്ങൾ കെട്ടിപ്പൊക്കുക എന്നതാണ് നമ്മൾ മലയാളികളുടെ പൊതുവായ ശീലം. ഈ ലേഖകന്റെ പ്രദേശം തന്നെ ഉദാഹരണമായെടുക്കാം. ആലപ്പുഴ ജില്ലയിലെ മാവേലിക്കര കേരളത്തിലെ ഏറ്റവും പഴയ ഒരു നഗരസഭയാണ്. ഇവിടെ നഗരമധ്യത്തിൽ പതിറ്റാണ്ടുകൾ പഴക്കമുള്ള ഒരു പാർക്കുണ്ട്. കേവലം നാമമാത്രമായ പാർക്ക്. ഏറെക്കാലം പ്രവർത്തനരഹിതമായി അടഞ്ഞുകിടന്നു. ഇപ്പോൾ കുട്ടികൾക്ക് ഉല്ലാസത്തിനുള്ള ഏതാനും സംവിധാനങ്ങളോടെ വീണ്ടും തുറന്നു പ്രവർത്തിക്കുന്നുണ്ട്. പത്തുരൂപ ഫീസീടാക്കിക്കൊണ്ടാണ് പ്രവേശനം. കുട്ടികളേയും കൂട്ടി ജീവിതത്തിരക്കുകളുടെ പിരിമുറുക്കത്തിൽ നിന്നെല്ലാം വിടുതൽ നേടാനായി പത്തുരൂപ ഫീസ് നൽകി നിരവധി മാതാപിതാക്കളാണ് ഈ പാർക്കിലെത്തുന്നത്.

നിലംപൊത്താറായ പഴയ ഒരു കെട്ടിടവും അതിനോട് ചേർന്ന് കിടപ്പുണ്ട്. പാർക്കിനോടുചേർന്ന് ഉപയോഗമില്ലാതെ കിടക്കുന്നവയെല്ലാം ഒഴിവാക്കി മനുഷ്യർക്ക് പ്രഭാത സവാരിക്ക് അതായത് ആരോഗ്യനടപ്പിനുള്ള സൗകര്യങ്ങൾ കൂടി ക്രമീകരിച്ച് കുറച്ചുകൂടി ചെടികളും മറ്റും നട്ടുവളർത്തി പുനഃസംവിധാനം ചെയ്തിരുന്നെങ്കിൽ ജനങ്ങൾക്ക് എത്രകണ്ട് പ്രയോജനകരവും ആരോഗ്യദായകവുമായി അത് മാറുമായിരുന്നു.

ഇത് ഒരു പ്രദേശത്തിന്റെ മാത്രം ഒറ്റപ്പെട്ട അവസ്ഥയല്ല മറിച്ച് കേരളത്തിന്റെ പൊതു സ്ഥിതിയാണ്. കാലാവസ്ഥ വല്ലാതെ മാറുമ്പോൾ കേരളം നെരിപ്പോടായി പുകയുമ്പോൾ, ഭൂമിയെ തണുപ്പിക്കാനും ശുദ്ധവായു ലഭ്യതയ്ക്കും ഇങ്ങനെയുള്ള പാർക്കുകൾ അഥവാ ഉദ്യാനങ്ങൾ ഗുണകരമായി മാറും! എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും കോർപറേഷനുകളിലും ജനങ്ങൾക്ക് ഇത്തിരിനേരം ഒന്നിച്ചിരിക്കാൻ, പ്രഭാതത്തിൽ ലേശം നടക്കാൻ, അലസസായാഹ്നങ്ങൾ ചെലവഴിക്കാൻ, കുട്ടികൾക്ക് ഒരുമിച്ച് കളിക്കാൻ ഒരു പൊതു ഇടം എന്ന നിലയിൽ പാർക്കുകൾ തീർച്ചയായും ഉണ്ടാകണം. ധാരാളം പൂച്ചെടികളും പന്തലിച്ചുവളരുന്ന ചെറുവൃക്ഷങ്ങളും നട്ടുവളർത്തി പരിപാലിക്കുമ്പോൾ ഈ പാർക്കുകൾ ശുദ്ധമായ പ്രാണവായു ലഭ്യതയ്ക്കുള്ള സാദ്ധ്യതയുമാകും. ഓരോ പാർക്കിന്റേയും സംരക്ഷണവും പരിചരണവും സമീപത്തുള്ള സ്കൂളുകളേയോ കോളജുകളേയോ ഭരമേൽപിക്കണം. ഉല്ലാസത്തിനും കായികക്ഷമതാവർദ്ധനയ്ക്കും ഇവിടേയ്ക്കാവശ്യമായ ഉപകരണങ്ങളും സംവിധാനങ്ങളും സ്ഥാപിക്കുന്ന ചുമതല പ്രാദേശികമായി ഓരോ പ്രധാന സ്ഥാപനങ്ങളുടെയും സ്പോൺസർഷിപ്പിലാകട്ടെ! പക്ഷേ പൊതുവായ എല്ലാ നിയന്ത്രണവും തദ്ദേശഭരണസ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിലായിരിക്കണം. ഈ ഒരു സമീപനമുണ്ടാകുകയും കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും ചെറുതും വലുതുമായ പാർക്കുകൾ സ്ഥാപിക്കുകയും ചെയ്താൽ അത് മണ്ണിനും മനുഷ്യനും പ്രകൃതിയ്ക്കും സുകൃതമേകുന്ന സുസ്ഥിരനന്മയായി മാറും. ഈ പാർക്കുകളുടെ സംരക്ഷണത്തിനും പരിചരണത്തിനും പണമാണ് പ്രശ്നമെങ്കിൽ 'ലൈബ്രറിസെസ്സ്' പോലെ ചെറിയൊരു തുക നികുതിയുടെ ഭാഗമാക്കിയാലും വേണ്ടില്ല, കേരളത്തെ സംബന്ധിച്ച് ഏറ്റവും അനിവാര്യമായ ഒരു ആവശ്യകതയാണിത്.

വർത്തമാനകാല കേരളീയജീവിതം സദാ തിരക്കുപിടിച്ച ചന്തപോലെയാണിന്ന്. ഏതൊരാളും പലവിധ മാനസിക സമ്മർദ്ദങ്ങൾക്ക് നടുവിലാണ്. ഈ അന്തർസംഘർഷങ്ങൾക്കെല്ലാം അവധി കൊടുത്ത് തെല്ലുനേരം ശാന്തമായിരിക്കാനോ നടക്കാനോ ഒത്തുചേരാനോ സ്വച്ഛന്ദമായ അന്തരീക്ഷവും ഇടവും ഇവിടെയും ഉണ്ടായിരുന്നെങ്കിൽ എന്ന് 'വെറുതെ മോഹിക്കുവാൻ' മോഹം. •

## റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2024 മെയ് 1 | 18050 | 17750 | 12840 | 18050 | 17750 | അവധി | അവധി |
| 2024 മെയ് 2 | 18050 | 17750 | 12945 | 18050 | 17750 | 18733 | 18665 |
| 2024 മെയ് 3 | 18050 | 17750 | 12945 | 18050 | 17750 | 18574 | 18506 |
| 2024 മെയ് 4 | 18050 | 17750 | അവധി | 18050 | 17750 | അവധി | അവധി |
| 2024 മെയ് 5 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 മെയ് 6 | 18050 | 17750 | 13050 | 18050 | 17750 | അവധി | അവധി |
| 2024 മെയ് 7 | 18050 | 17750 | 13105 | 18050 | 17750 | 18551 | 18483 |
| 2024 മെയ് 8 | 18050 | 17800 | 13155 | 18050 | 17800 | 18476 | 18408 |
| 2024 മെയ് 9 | 18050 | 17800 | 13210 | 18050 | 17800 | 18451 | 18383 |
| 2024 മെയ് 10 | 18050 | 17800 | 13210 | 18050 | 17800 | ലഭ്യമല്ല | ലഭ്യമല്ല |
| 2024 മെയ് 11 | 18050 | 17800 | അവധി | 18050 | 17800 | അവധി | അവധി |
| 2024 മെയ് 12 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 മെയ് 13 | 18050 | 17800 | 13260 | 18050 | 17800 | 18887 | 18818 |
| 2024 മെയ് 14 | 18050 | 17800 | 13260 | 18050 | 17800 | 19049 | 18980 |
| 2024 മെയ് 15 | 18050 | 17800 | 13260 | 18050 | 17800 | 19220 | 19152 |
| 2024 മെയ് 16 | 18100 | 17850 | 13260 | 18100 | 17850 | 19715 | 19646 |
| 2024 മെയ് 17 | 18150 | 17850 | 13260 | 18150 | 17850 | 20072 | 20003 |
| 2024 മെയ് 18 | 18200 | 17900 | അവധി | 18200 | 17900 | അവധി | അവധി |
| 2024 മെയ് 19 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 മെയ് 20 | 18250 | 17950 | 13315 | 18250 | 17950 | 20270 | 20201 |
| 2024 മെയ് 21 | 18350 | 18050 | 13365 | 18350 | 18050 | 20537 | 20468 |
| 2024 മെയ് 22 | 18400 | 18100 | 13365 | 18400 | 18100 | ലഭ്യമല്ല | ലഭ്യമല്ല |
| 2024 മെയ് 23 | 18450 | 18150 | 13365 | 18450 | 18150 | 20331 | 20262 |
| 2024 മെയ് 24 | 18550 | 18250 | 13420 | 18550 | 18250 | 20309 | 20241 |
| 2024 മെയ് 25 | 18600 | 18250 | അവധി | 18600 | 18250 | അവധി | അവധി |
| 2024 മെയ് 26 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 മെയ് 27 | 18700 | 18350 | 13475 | 18700 | 18350 | ലഭ്യമല്ല | ലഭ്യമല്ല |
| 2024 മെയ് 28 | 18800 | 18450 | 13475 | 18800 | 18450 | ലഭ്യമല്ല | ലഭ്യമല്ല |
| 2024 മെയ് 29 | 18900 | 18550 | 13525 | 18900 | 18550 | ലഭ്യമല്ല | ലഭ്യമല്ല |
| 2024 മെയ് 30 | 19100 | 18700 | 13525 | 19100 | 18700 | ലഭ്യമല്ല | ലഭ്യമല്ല |
| 2024 മെയ് 31 | 19200 | 18800 | 13630 | 19200 | 18800 | ലഭ്യമല്ല | ലഭ്യമല്ല |
| **ശരാശരി** | **18311** | **18011** | **13270** | **18311** | **18011** | **19370** | **19301** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല - പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ഫെബ്രുവരി 2024 | ഫെബ്രുവരി 2023 | ഏപ്രിൽ 2023 മുതൽ ഫെബ്രുവരി 2024 വരെ | ഏപ്രിൽ 2022 മുതൽ ഫെബ്രുവരി 2023 വരെ | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 40575 | 40700 | 519875 | 517010 | 541195 | |
| ബ്ലോക്കുറബ്ബർ | 19250 | 15150 | 175420 | 159695 | 172710 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 9525 | 9450 | 93645 | 95415 | 104115 | |
| മറ്റുള്ളവ | 1650 | 1700 | 21060 | 19880 | 20980 | |
| ആകെ | 71000 | 67000 | 810000 | 792000 | 839000 | 2.3 |
| **ഉപഭോഗം*** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 52270 | 47805 | 531795 | 509130 | 559335 | |
| ബ്ലോക്കുറബ്ബർ | 52500 | 52100 | 634760 | 600150 | 658550 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 9450 | 8795 | 98355 | 91195 | 100190 | |
| മറ്റുള്ളവ | 2780 | 2300 | 31090 | 29525 | 31925 | |
| ആകെ | 117000 | 111000 | 1296000 | 1230000 | 1350000 | 5.4 |
| **ടയർനിർമ്മാണത്തിനുപയോഗിച്ചത്** | **78445** | **76077** | **869361** | **864902** | **948395** | **0.5** |
| **ഇറക്കുമതി/കയറ്റുമതി** (ടൺ) | | | | | | |
| **ഇറക്കുമതി (p)** | 36238 | 31883 | 451374 | 494690 | 528677 | |
| **കയറ്റുമതി (p)** | 538 | 673 | 3948 | 3115 | 3700 | |
| **2024 ഫെബ്രുവരി അവസാനത്തെ സ്റ്റോക്ക്** (ടൺ) | | | | | | |
| കർഷകർ | | 125000 | ഷീറ്റുറബ്ബർ | | | 262780 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | | 120000 | ബ്ലോക്കുറബ്ബർ | | | 67480 |
| ടയർനിർമ്മാതാക്കൾ (c) | | 105000 | റബ്ബർപാൽ (ഡി. ആർ. സി.) | | | 31790 |
| മറ്റു വ്യവസായികൾ | | 42000 | മറ്റുള്ളവ | | | 29950 |
| ആകെ | | 392000 | ആകെ | | | 392000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ.

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*


ANNA INDUSTRIES
(An ISO 9001:2008 Certified Company)
Manufactures & Dealers of:-
Rain Guarding Compound & Rubber Coat
Formic Acid & Formic Acid With PNP etc
കർഷകരുടെ ഉത്തമ സുഹൃത്ത്.

Anna Industries
കർഷകർക്ക് വർഷങ്ങളുടെ വിശ്വസ്തത
Kolenchery, Cochin, Kerala, Pin: 682 311
Ph: 9388601632, 9495003366
0484-2764590, 2760216
www.annabusiness.com, Email: sales@annabusiness.com, annaindustries@ymail.com, annaindustriesklcy@gmail.com

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്



# റബ്ബർകർഷകർക്ക് ഒരു
# സമ്പൂർണ പ്രസിദ്ധീകരണം




റബ്ബർ
മാസിക

റബ്ബർബോർഡ് പ്രസിദ്ധീകരണം

വാർഷിക വരിസംഖ്യ 100 രൂപ
10 വർഷത്തേക്ക് 750 രൂപ

കൂടുതൽ വിവരങ്ങൾക്ക്
റബ്ബർബോർഡ് കോൾസെന്റർ
ഫോൺ: 0481 2576622

RUBBER MONTHLY (MALAYALAM)
Published on 11 June 2024
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




Printed and Published by P. Prasad, Deputy Director (I/C), Publicity and Public Relations, Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: P. Prasad